2015 മാർച്ച് 25
വാല്യം 08
ലക്കം 06

# ബിലീവേഴ്സ് ജേണൽ

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Annual Subscription ₹150/- Pages:12

പരമ്പര ആരംഭിക്കുന്നു

# കോടതി വ്യവഹാരവും പെന്തെക്കോസ്ത് സഭകളും



സമീപകാലത്ത് പെന്തെക്കോസ്ത് മുഖ്യധാരസഭകളെ പിടിമുറിക്കിയിരിക്കുന്ന കോടതി വ്യവഹാരങ്ങളുടെ പശ്ചാത്തലത്തിൽ വർത്തമാനകാല പെന്തെക്കോസ്തിന്റെ പ്രതിസന്ധികളും പ്രതീക്ഷകളും ഇവിടെ പങ്കുവയ്ക്കുകയാണ്. വ്യക്തമായ സൈദ്ധാന്തിക അടിത്തറയും ചിട്ടയായ ജീവിതരീതിയും സമ്പന്നമായ പൈതൃകവുമുള്ള സുവിശേഷ മുന്നേറ്റമാണ് കേരളത്തിലെ പെന്തെക്കോസ്ത്. ക്രാന്തദർശികളായ പിതാക്കന്മാർ ദാർശിനികമായി അടിത്തറയിട്ട പെന്തെക്കോസ്തിന്റെ വർത്തമാനമുഖം ഇന്ന് വികൃതമാകുകയാണ്. പൂർവ്വികന്മാർ കാത്തുസൂക്ഷിച്ച മൂല്യങ്ങളുടെ അന്തകരായി പുതിയ തലമുറ മാറിയിരിക്കുന്നു. ചരിത്രബോധവും വിശുദ്ധിയും ദർശനവും ഇല്ലാത്ത മൂന്നാം തലമുറ നേതൃത്വം പെന്തെക്കോസ്തിനെ സമൂഹത്തിൽ അപഹാസ്യമാക്കുകയാണ്. ഒരുകാലത്ത് സഭയിൽ തീരുമാനം എടുത്തിരുന്നത് പരിശുദ്ധാത്മാവായിരുന്നു. പരിശുദ്ധാത്മാവിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുന്ന ജോലിയായിരുന്നു അഭിഷിക്തരായ മൂപ്പന്മാരുടെ സംഘത്തിനുണ്ടായിരുന്നത്. നിയോഗങ്ങളും നിയമനങ്ങളും പിതാക്കന്മാർ നടപ്പിലാക്കിയിരുന്നത് കൂട്ടായ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷമായിരുന്നു. ദർശനമുള്ള പ്രവാചകന്മാർ നേതാക്കന്മാരെ ആത്മാവിൽ ചൂണ്ടിക്കാണിച്ചിരുന്നു. കേസുകൊടുക്കുന്നവരെ മുടക്കിയും കോടതിയിൽ പോകാൻ വിസമ്മതം കാണിച്ചും പിതാക്കന്മാർ ആത്മനിയോഗത്തെ തിരിച്ചറിഞ്ഞു. കോടതിയിൽ ഹാജരാകാൻ തയ്യാറാകാതിരുന്ന പിതാക്കന്മാർക്കുവേണ്ടി സഭാസ്ഥാനത്ത് കോടതി രൂപീകരിക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇന്ന് കാര്യങ്ങൾ മാറിമറിഞ്ഞു. പുതിയ നിയമനങ്ങളും തസ്തികളും തീരുമാനിക്കുന്നത് വിജാതീയരായ മജിസ്ട്രേറ്റുമാരാണ്. ദൈവാധിപത്യ ഭരണം അനുഭവവേദ്യമായിരിക്കുന്ന മണ്ഡലമാണ് ദൈവസഭ. ദൈവരാജ്യത്തിന്റെ ആത്മീയ പതിപ്പാണിത്. എന്നാൽ ലോകം സഭയെ നിയന്ത്രിക്കുന്ന സ്ഥിതി വന്നിരിക്കുന്നു. യഹോവയുടെ മഹത്വം സഭയിൽ നിന്ന് പൊയ്പോയി. പെട്ടകം പിടിക്കപ്പെട്ടു. എന്താണിതിനു കാരണം? “കോടതിമാനിയ” തലയ്ക്കുപിടിച്ച ചിലർ കോടതിവരാന്തകളിലും വക്കീലാഫീസുകളിലും അന്തിയുറങ്ങുകയാണ്. വ്രതം നഷ്ടപ്പെട്ട ശിംശോൻ പൊതുസ്ഥലത്ത് ജനക്കൂട്ടത്തിന്റെ കുരുങ്ങുകളിക്ക് പാത്രമാകുകയാണ്. അധികാരകസേരയ്ക്കും പണംസമ്പാദനത്തിനും വേണ്ടിയുള്ള നെട്ടോട്ടത്തിൽ മൂല്യങ്ങൾചവിട്ടി അരയ്ക്കപ്പെടുന്നു. വോട്ട് രാഷ്ട്രീയവും പാനൽയോഗങ്ങളും തലയ്ക്കുപിടിച്ചവർ ദൗത്യം മറന്നുപോകുന്നു. ഘർ വാപസിയും പള്ളിതകർക്കലും കന്യാസ്ത്രീപീഡനവും അരങ്ങുതകർക്കുമ്പോൾ വീണവായിക്കുന്ന നീറോയെപ്പോലെ സഭാനേതൃത്വം നിഷ്ക്രിയമാകുന്നു. സഭാരാഷ്ട്രീയത്തിന്റെ തിമിരം ബാധിച്ചവർക്ക് വിദ്വേഷരാഷ്ട്രീയത്തിന്റെ കലാപ അജണ്ടകൾ കാണാൻ കഴിയുന്നില്ല. പ്രോസസ്സ് സർവർമാരും ആമീന്മാരും സഭാ ആസ്ഥാനങ്ങളിൽ കയറിയിറങ്ങുമ്പോൾ പരിശുദ്ധാത്മാവ് ദുഃഖിക്കുന്നു. സ്കീം പെറ്റീഷനും റിസീവർ ഭരണവും ചർച്ചയാകുമ്പോൾ ചോര നൽകി സഭയെ സമ്പാദിച്ച ക്രിസ്തുനാഥന്റെ ഹൃദയം വേദനിക്കുന്നു. നിർത്തൂ..നിങ്ങൾ..ഈ കേസുകളി..എന്ന് തലയിൽ കൈയും വെച്ച് വിശ്വാസികൾ കേണപേക്ഷിക്കുന്നു.

ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ പോകുന്ന കോടതിവ്യവഹാരങ്ങളുടെ പശ്ചാത്തലത്തിൽ തുറന്ന സംവാദത്തിന് ഞങ്ങളിവിടെ അവസരമൊരുക്കുകയാണ്. ആർക്കും പ്രതികരിക്കാം സൃഷ്ടിപരമായി.

## മലയാളം ആരാധന സുവർണ്ണ ജൂബിലി നിറവിൽ

ജെയിംസ് മുളമന, പബ്ലിസിറ്റി കൺവീനർ



പാസ്റ്റർ ബെൻ ജോൺസ്
നാഷണൽ കൺവീനർ



ബ്രദർ ടോം വർഗീസ്
നാഷണൽ സെക്രട്ടറി



ബ്രദർ റെജി എൻ. ഏബ്രഹാം
നാഷണൽ ട്രഷറർ



ബ്രദർ ബിജോ തോമസ്
യൂത്ത് & യംഗ് അഡൾട്ട്സ്



ബ്രദർ നെബു സ്റ്റീഫൻ
ജനറൽ കോർഡിനേറ്റർ

ആഗോള കുടിയേറ്റ ജനതയുടെ കുടിയേറ്റ ഭൂമിയെന്നു വിശേഷിപ്പിക്കാവുന്ന അമേരിക്കൻ ഐക്യനാടുകിൽ മലയാള ഭാഷയിലുള്ള പെന്തെക്കോസ്ത് ആരാധനയക്ക് തുടക്കം കുറിച്ചിട്ട് ഈ വർഷം അരനൂറ്റാണ്ട് പൂർത്തിയാവുകയാണ് (1965–2015). ശ്രദ്ധേയമായ നാഴികക്കല്ല് പിന്നിടുന്ന ഈ വിശിഷ്ടാവസരത്തിൽ പെന്തെക്കോസ്ത് (പി. സി. എൻ. എ. കെ.) കോൺഫറൻസിനോടനുബന്ധിച്ച് വിപുലമായ ആഘോഷക്രമീകരണങ്ങളാണ് സംഘാടകർ ചെയ്തു വരുന്നത്. പ്രോഗ്രാമുകളുടെ വൈവിധ്യവും, അർദ്ധശതാബ്ദി ആഘോഷവും കൂടുതൽ പേർ സമ്മേളനത്തിൽ പങ്കെടുപ്പിക്കുവാൻ മുഖാന്തിരമാകും. ലഭ്യമാക്കിയിട്ടുള്ള കുറഞ്ഞ നിരക്കിലുള്ള ഹോട്ടൽ മുറികളും ഇത്തവണത്തെ സമ്മേളനത്തിന്റെ മാത്രം സവിശേഷതയാണ്.

1965–നു മുമ്പ് മുതൽക്കേ അമേരിക്കൻ മണ്ണിൽ മലയാളി പ്രവാസി സമൂഹത്തിന്റെ കുടിയേറ്റം ആരംഭിച്ചുവെങ്കിലും മലയാള ഭാഷയിലുള്ള ആദ്യ കൂടിവരവ് 1965–ലാണു രൂപം കൊണ്ടത്. ന്യൂജഴ്സിയിലും ന്യൂയോർക്കിലുമായി കുടിയേറി പാർത്ത മലയാളി പെന്തെക്കോസ്തു വിശ്വാസികൾ തുടക്കം കുറിച്ച പ്രാദേശിക കൂടിവരവാണ് അമേരിക്കൻ ചരിത്രത്തിലെ ആദ്യത്തെ മലയാള ഭാഷയിലുള്ള പെന്തെക്കോസ്ത് ആരാധനാകൂടിവരവായി പരിണമിച്ചത്. തുടർന്നിങ്ങോട്ട് വിവിധ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് വ്യക്തികളും പ്രസ്ഥാനങ്ങളും ആരാധനകൾക്ക് രൂപം നൽകുകയും ഇന്ന്

05

## ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി ഗ്രാജുവേഷൻ



കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ് & സെമിനാരി 2015 ലെ ബിരുദദാനം മാർച്ച് 5 ന് IGO ക്യാമ്പസിൽ നടന്നു. M.Div, B.Th, Dip.Th, C.Th കോഴ്സുകളിലായി പഠനം പൂർത്തീകരിച്ച 85 പേർക്ക് സെമിനാരി പ്രസിഡന്റ് പാസ്റ്റർ റ്റി. എസ്സ്. ഏബ്രഹാം, വൈസ് പ്രിൻസിപ്പൽ പാസ്റ്റർ എം. വി. വറുഗീസ്, ഡയറക്ടർ പാസ്റ്റർ റ്റി.വൽസൻ ഏബ്രഹാം എന്നിവർ സർട്ടിഫിക്കറ്റുകൾ നല്കി. ഗ്രാജുവേറ്റ്സിനെ അക്കാഡമിക്ക് ഡീൻ പാസ്റ്റർ ഫിന്നി ജോസഫ്, അഡ്മിനിസ്ട്രേറ്റർ മിസ്സിസ് സ്റ്റാർലാ ലൂക്ക് എന്നിവർ പരിചയപ്പെടുത്തി. സമ്മേളനത്തിൽ ഗ്രാജുവേറ്റ് ചെയ്ത മുഴുവൻ വിദ്യാർത്ഥികൾക്കും പ്രത്യേക സമ്മാനങ്ങളും നൽകപ്പെട്ടു. പാസ്റ്റർ സണ്ണി കുര്യൻ , പാസ്റ്റർ കെ.സി.തോമസ് എന്നിവർ പ്രാർത്ഥിച്ചു.

സമ്മേളനത്തിൽ പാസ്റ്റർ റ്റി.വൽസൻ ഏബ്രഹാം അദ്ധ്യക്ഷനായിരുന്നു. മുഖ്യ അഥിതി പാസ്റ്റർ ആമോസ് ഡേ

04

### സാക്ഷി




*ഒരു കേസിനുകൂടി കാരണമായല്ലോ*

## ഏ. ജി. ശതാബ്ദി സമ്മേളനം തിരുവനന്തപുരത്ത് ഒരുക്കങ്ങൾ പുരോഗമിക്കുന്നു

ഷാജൻ ജോൺ ഇടയ്ക്കാട്, മീഡിയ കൺവീനർ



പാസ്റ്റർ റ്റി. ജെ. ശമുവേൽ



പാസ്റ്റർ വി. റ്റി. എബ്രഹാം

**പുനലൂർ:** അസംബ്ലീസ് ഓഫ് ഗോഡ് സഭ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ട് നൂറു വർഷം തികയുന്നതിന്റെ ഭാഗമായുള്ള ശതാബ്ദി സമ്മേളനം ഏപ്രിൽ 15 ന് തിരുവനന്തപുരത്ത് നടക്കും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഉച്ചകഴിഞ്ഞ് 2 ന് ആരംഭിക്കുന്ന പ്രത്യേക സമ്മേളനം രാത്രി 8 ന് സമാപിക്കും. ആത്മീയ–സാമൂഹിക–സാംസ്കാരിക രംഗത്തെ പ്രമുഖർ സമ്മേളനത്തിൽ പങ്കെടുക്കും. അസംബ്ലീസ് ഓഫ് ഗോഡ് സഭ കേരളത്തിൽ പാലക്കാട് മുതൽ കാസർഗോഡ് വരെ മലബാർ ഡിസ്ട്രിക്ട്, തൃശൂർ മുതൽ തിരുവനന്തപുരം വരെ മലയാളം ഡിസ്ട്രിക്ട്, തെക്കൻ തിരുവനന്തപുരം മുതൽ കന്യാകുമാരി വരെ സതേൺ ഡിസ്ട്രിക്ട് എന്നിങ്ങനെ മൂന്ന് റീജിയനുകളായി തിരിച്ച് പ്രവർത്തിക്കുന്നു. 1500 ലധികം സഭകൾ ഈ റീജിയനിൽ ഉൾപ്പെട്ടിരിക്കുന്നു. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം, മലബാർ, സതേൺ ഡിസ്ട്രിക്ടുകളിൽനിന്നുമുള്ള വിശ്വാസികളും പാസ്റ്റർമാരും സമ്മേളനത്തിൽ പങ്കെടുക്കും. സഭ ദേശീയ പ്രസിഡന്റ് പാസ്റ്റർ ഡി. മോഹൻ ശതാബ്ദി സമ്മേളനം ഉദ്ഘാടനം ചെയ്യും. കേരളാ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, പ്രതിപക്ഷ നേതാവ് വി. എസ്. അച്യുതാനന്ദൻ, ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല, ആരോഗ്യവകുപ്പ് മന്ത്രി വി.എസ്. ശിവകുമാർ, വനം–ഗതാഗതം–സ്പോർട്സ് വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, തിരുവനന്തപുരം മേയർ കെ. ചന്ദ്രിക തുടങ്ങിയ ജനപ്രതിനിധികൾ സമ്മേളനത്തിൽ പ്രത്യേക ക്ഷണിതാക്കളാണ്. വിവിധ പെന്തക്കോസ്തു സഭാ നേതാക്കന്മാർ പങ്കെടു

04

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം

ബിലീവേഴ്സ് ജേണൽ
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

## അറിയിപ്പ്

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

# പീഢനത്തിൽ പതറരുത്

ബൈബിളിലെ ഒന്നാമത്തെ പുസ്തകമായ ഉല്പത്തിയിലാരംഭിക്കുന്നതാണ് പീഢനചരിത്രം. നീതിമാനെതിരെ ആയുധം ഉയർത്തുന്ന കയീന്റെ കഥയിൽ നിന്നാണ് അത് ആരംഭിക്കുന്നത്. തുടർന്ന് ഇങ്ങോട്ട് ദൈവഭക്തന്മാരായ പിതാക്കന്മാർ എല്ലാവരും പീഢനങ്ങളിലൂടെയാണ് കടന്നുപോയത്. അവരുടെമേലുള്ള ദൈവോദ്ദേശം നിവർത്തിക്കപ്പെടാതാരിക്കാനും അവർ വാഗ്ദത്തനിവർത്തി പ്രാപിക്കാതിരിക്കാനുമാണ് ശത്രു അവരെ പീഢിപ്പിച്ചത്. എന്നാൽ തങ്ങൾ അന്യരും പരദേശികളുമെന്ന് തിരിച്ചറിഞ്ഞ് ദൈവമുഖത്തേക്ക് നോക്കി അവരുടെ ജീവിതയാത്ര പ്രത്യാശയോടെ നടത്തി. പഴയനിയമം പകരത്തിനു പകരം എന്ന തത്വം പഠിപ്പിച്ചപ്പോൾ അതിൽ നിന്ന് തുലോം വ്യത്യസ്തമായി ശത്രുവിനെ സ്നേഹിക്കുവാൻ പഠിപ്പിച്ചുകൊണ്ട് ക്രിസ്തുനാഥൻ ഈ ഭൂമിയിലേക്ക് ഇറങ്ങിവന്നു. ദൈവസഭയുടെ ചരിത്രം പീഢനങ്ങളുടേതാണ്. പീഢിപ്പിക്കുന്തോറും പെരുകിവന്ന ചരിത്രം കൂടിയാണ് അത്. അടിച്ചമർത്തുവാനും ഇല്ലായ്മ ചെയ്യുവാനും രാഷ്ട്രീയ, മത, പൈശാചിക ശക്തികൾ ആവത് ശ്രമിച്ചിട്ടും ദൈവസഭയുടെ വളർചച്ചയെ തടയുവാൻ ആർക്കും കഴിഞ്ഞില്ല. പ്രതിസന്ധികളെ തരണം ചെയ്ത് ഉത്തരോത്തരം വളർച്ച പ്രാപിക്കുകയാണ് ചെയ്തത്. ദൈവസഭയുടെ അടിസ്ഥാനം സ്നേഹമാണ്. ദൈവസ്നേഹത്തിന്റെ നിറകുടമായിരുന്ന ക്രിസ്തുനാഥൻ ആണ് സഭയുടെ മാതൃക. വാൾ ഉറയിലിടുവാനാണ് ക്രിസ്തു പറഞ്ഞത്. ഒരു കരണത്ത് അടിക്കുന്നവന് മറ്റേ കരണവും കാണിച്ചുകൊടുക്കുവാനാണ് ക്രിസ്തു പഠിപ്പിച്ചത്. സഹനത്തിന്റെയും ത്യാഗത്തിന്റെയും പാഠങ്ങൾ തന്റെ അനുഗാമികളെ ക്രിസ്തു പഠിപ്പിച്ചു. മറ്റുള്ളവരെ പഠിപ്പിക്കുക മാത്രമല്ല സ്വജീവിതത്തിൽ മാതൃകയാക്കുകയും ചെയ്തു. അപ്പൊസ്തലന്മാരും ഇതേ അനുഭവങ്ങളിലൂടെയാണ് കടന്നുപോയത്. ദൈവസഭയുടെ ഇന്നുവരെയുള്ള ചരിത്രം പരിശോധിച്ചാൽ രക്തസാക്ഷികളുടെ എണ്ണം ലക്ഷക്കണക്കിനാണ്. ക്രിസ്തുവിന്റെ നാമം നിമിത്തം ജീവൻ ത്യജിക്കുന്നതിന് മടിയില്ലാതിരുന്ന ആയിരങ്ങളാണ് അവനെ അനുഗമിച്ചത്. മത, രാഷ്ട്രീയ നേതൃത്വങ്ങൾ നിങ്ങളെ വിസ്തരിക്കുകയും പീഢിപ്പിക്കുകയും ചെയ്യും എന്ന് ശിഷ്യന്മാരോട് അവൻ പറഞ്ഞിരുന്നു. പീഢകൾ വരുമ്പോൾ ആയുധങ്ങളുമായി അതിനെ എതിരിടുവാനല്ല പിന്നെയോ ദൈവസ്നേഹത്തിൽ അത് സഹിക്കുവാനാണ് ക്രിസ്തു പഠിപ്പിച്ചത്.

ഭാരതം എന്ന മതേതര രാഷ്ട്രം ലോകത്തിനു മുമ്പിൽ തല ഉയർത്തി നിൽക്കുന്ന രാജ്യമാണ്. ലോകശക്തിയായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞ ഭാരതത്തിന്റെ യശസ്സിന് കളങ്കം വരുത്തുന്ന നിലയിലാണ് അവിടെയവിടെയായി നടക്കുന്ന മതപീഢനങ്ങൾ. ആയുധങ്ങളുമായി തെരുവിലിറങ്ങാതെ സർവ്വവും സഹിക്കുന്ന ക്രൈസ്തവരെ പീഢിപ്പിക്കുന്നത് എന്തിന്റെ പേരിലാണ്. ഏതുമതവും വിശ്വസിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള അവകാശം ഭാരത ഭരണഘടന ഉറപ്പുതരുന്നു. നിർബന്ധപരിവർത്തനത്തെ ആരും പ്രോത്സാഹിപ്പിക്കുന്നില്ല. ഭാരതക്രൈസ്തവർ രാജ്യനിയമങ്ങളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽ നിന്നും എന്തിന് ഇന്ത്യൻ തലസ്ഥാനമായ ഡൽഹിയിൽപോലും ക്രൈസ്തവർക്കെതിരെ ഉയർന്നുവരുന്ന ആക്രമണങ്ങൾ അപലപനീയമാണ്. പശ്ചിമ ബംഗാളിൽ നിസ്സഹയായ വൃദ്ധ കന്യാസ്ത്രീയെ ക്രൂരമായി ബലാൽസംഗം ചെയ്യുകയും ദേവാലയങ്ങൾ നശിപ്പിക്കുകയും ചെയ്തത് എന്ത് ആശയത്തിന്റെ പേരിലാണ്. കേരളത്തിലെ പല സുവിശേഷകരും കഴിഞ്ഞ ദിവസങ്ങളിൽ മർദ്ദനമേറ്റ വാർത്ത പുറത്തുവന്നിരിക്കുന്നു.

പൊതുവേ സമാധാനപ്രിയരായ ക്രൈസ്തവരുടെ അഭിമാനത്തെ ചോദ്യം ചെയ്യുന്ന രീതിയിൽ ആക്രമണങ്ങൾ അഴിച്ചുവിടാമെന്ന് ആരും കരുതരുത്. രാജ്യത്തിനു വിലപ്പെട്ട സേവനങ്ങൾ ദീർഘകാലമായി നൽകിക്കൊണ്ടിരിക്കുന്ന സമൂഹമാണു ക്രൈസ്തവരുടേതെന്ന യാഥാർത്ഥ്യം ആരും വിസ്മരിക്കരുത്.

## എഡിറ്റോറിയൽ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഇന്ത്യൻ ഭരണഘടനയുടെ 25(1) അനുഛേദം വിശ്വാസ സ്വാതന്ത്ര്യവും ആ സ്വാതന്ത്ര്യമനുസരിച്ചു മതം തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും പൗരനു നൽകുന്നു. മതേതരത്വത്തെയും മതസ്വാതന്ത്യത്തെയും സംബന്ധിച്ചു വ്യക്തമായ നിലപാട് നമ്മുടെ ഭരണഘടന തുറന്നു പ്രഖ്യാപിച്ചിട്ടുള്ളതാണ്.

ഇത്തരുണത്തിൽ ഭാരതസഭയ്ക്ക് ചെയ്യുവാനുള്ള ഏറ്റവും വലിയ ദൗത്യം ഉണർന്ന് പ്രാർത്ഥിക്കുക എന്നുള്ളതാണ്. പീഢ അനുഭവിക്കുന്ന സഹോദരങ്ങൾക്കായി കണ്ണീരോടെ യാചിക്കുവാൻ നമുക്ക് ഒന്നിച്ചൊരുങ്ങാം. പ്രാർത്ഥന കേൾക്കുന്നവനായുള്ളോവേ സകല ജഡവും നിങ്കലേക്ക് വരുന്നു. (സങ്കീ. 65:2)

## യുവജന പംക്തി

# ദർശനത്തിന് ഒരു അവധി



ബിനു ജോസഫ്
വടശ്ശേരിക്കര

ദർശനങ്ങൾ സാക്ഷാത്കരിക്കപ്പെടുവാൻ ഒരു സമയം ഉണ്ട്. എല്ലാം പെട്ടെന്നു നിവൃത്തിയാകയില്ല. 'ഒരുറക്കം കൊണ്ടു നേരം വെളുക്കയില്ല' എന്നു നാം പറയാറുള്ളതു പോലെ പെട്ടെന്നു ജീവിത ദർശനങ്ങളെ നേടിയെടുക്കുവാൻ സാധ്യമല്ല. വിശുദ്ധ ബൈബിളിൽ ഹബക്കൂക് പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായം മൂന്നാം വാക്യം പറയുന്നു:

"ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു; അതു സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സയമം തെറ്റുകയില്ല, അതു വൈകിയാലും അതിനായി കാത്തിരിക്ക; അതു വരും നിശ്ചയം താമസിക്കയും ഇല്ല".

മുകളിൽ പറയുന്ന ദൈവവചനം നമുക്കു നൽകുന്ന ഒരു പ്രത്യാശയാണ് – വൈകിയാലും അതിനായി കാത്തിരിക്കുക എന്നത്. ഏതു ദർശനവും സാക്ഷാത്കരിക്കപ്പെടുവാൻ തക്കതായ സമയം ആവശ്യമാണ്. ഹബക്കൂക് എന്ന പ്രവാചകൻ നിരാശനായി ദൈവശബ്ദത്തിനായി കാത്തിരുന്നപ്പോൾ ദൈവം നൽകിയ ആശ്വാസ വചനങ്ങളാണു മുകളിൽ കാണുന്നത്. ഇതിൽ നിന്നു പഠിക്കുവാൻ നമുക്കു ചില പാഠങ്ങൾ ഉണ്ട്.

- **ദർശനത്തിന് ഒരു സമയം ഉണ്ട്.**
- **അതു നിവർത്തിയായികൊണ്ടിരിക്കുന്നു.**
- **സമയം തെറ്റുകയില്ല.**
- **നാം അതിനായി കാത്തിരിക്കണം.**
- **നിശ്ചയമായി അതു സംഭവിക്കും.**
- **താമസിക്കയില്ല.**

ജീവിതത്തിൽ ദർശനങ്ങൾ ഇല്ലാത്തവർ അതിനായി കാത്തിരിക്കേണ്ട ആവശ്യമില്ല. എന്നാൽ ദൈവമാണു നമ്മുടെ ദർശനങ്ങളെ സാക്ഷാത്കരിക്കുന്നതെന്ന അറിവും ഉറപ്പും നമുക്ക് അത്യാവശ്യമാണ്. നിവൃത്തികർത്താവും സമയം നിശ്ചയിക്കുന്നതും ദൈവം തന്നെ. എല്ലാവർക്കും നേടിയെടുക്കുവാൻ ചില ലക്ഷ്യങ്ങൾ ഉണ്ടാകണം. അതിനായി നാം പരിശ്രമിക്കണം. നമ്മുടെ സമയത്തല്ല അതു നിവർത്തിയാകുന്നത് മറിച്ചു ദൈവസമയത്താണ്. അതിനായി നാം എളുപ്പ വഴികൾ തേടേണ്ട ആവശ്യമില്ല. വിശ്വാസത്തോടെ കാത്തിരിക്കുക മാത്രം ചെയ്യുക.

ജീവിതാഗ്രഹങ്ങളെ ദർശനങ്ങളായി രൂപപ്പെടുത്തി അവയ്ക്കായി കാത്തിരിക്കണം. സാഹചര്യങ്ങൾ പ്രതികൂലമാകുക, സാമ്പത്തികമായി തകരുക, പ്രതീക്ഷകൾ തകരുക, മുമ്പോട്ടുള്ള വഴി അടയുക... തുടങ്ങിയ വേളകളിൽ പലപ്പോഴും നമ്മുടെ ദർശനങ്ങൾക്കു വിരാമം ഇടുകയോ, ഇനി സാധ്യമല്ല എന്നോ കരുതുന്നവരാണു പലരും. എന്നാൽ ദൈവം നിങ്ങളോടു പറയുന്നു: 'നിങ്ങളുടെ ജീവിത ദർശനത്തെ ഞാൻ അറിയുന്നു; അതിനു ഞാൻ സമയം നിശ്ചയിച്ചിരിക്കുന്നു. പ്രതീക്ഷയോടെ കാത്തിരിക്കുമെങ്കിൽ അതു വരും നിശ്ചയം.

**ദർശനം പ്രാപിക്കുക**

യാദൃശ്ചികമായാണ് ഉണ്ണി എന്ന കൊച്ചു കുട്ടിയെ അന്നു കണ്ടത്. ഏകദേശം എട്ടു വയസ്സു പ്രായം. സ്കൂളിൽ പഠിച്ചിട്ടില്ല. മാതാപിതാക്കൾ പഴയ പാത്രങ്ങൾ, പത്രം ഇവ ശേഖരിക്കുന്നു. ഇവനും അവരോടൊത്തു ജോലി ചെയ്യുന്നു. സംസാരം തമിഴു കലർന്ന മലയാളം. അവന്റെ കുട്ടിത്തം മാറാത്ത മുഖവും ചുറുചുറുക്കും എന്നെ വല്ലാതെ ആകർഷിച്ചു. അവനെ അരികെ വിളിച്ച് അവനോടു ചില ചോദ്യങ്ങൾ ഞാൻ ചോദിച്ചു:

'പേര് എന്താ?'

'മുത്തുസ്വാമീന്നാ, ഉണ്ണീന്നാ എനിക്കിഷ്ടം'.

'സ്കൂളിൽ പോയിട്ടുണ്ടോ?'

'ഇല്ല'.

'എന്താ പഠിക്കാൻ പോകാത്തത്?'

'സാറുന്മാർ തല്ലും, പേടിയാ'.

'ഇപ്പോൾ എന്തു ചെയ്യുന്നു?'

'പാത്രവും മറ്റു പാഴ്‌വസ്തുക്കളും പെറുക്കുന്നു'.

'വളർന്നു വലുതാകുമ്പോൾ എന്താണ് ആഗ്രഹം?'

'മാമനെപ്പോലെ ഒരു മൂന്നു വീലുള്ള സൈക്കിളിൽ പോയി പാത്രവും ആക്രിയും പെറുക്കണം'.

കാര്യങ്ങൾ ചോദിച്ചപ്പോൾ മനസ്സിലായി ഇവൻ ചാക്കുമായി നടന്നു പാത്രങ്ങൾ പെറുക്കുമ്പോൾ ഇവന്റെ മാമാ സൈക്കിളു പോലെ മൂന്നു വീലുള്ള ഒരു ഉന്തുവണ്ടിയിലാണ് ആക്രി ശേഖരിക്കുന്നത്.

ഉണ്ണിയുടെ ജീവിതദർശനം മുച്ചാടൻ സൈക്കിളിൽ ആക്രി പെറുക്കുന്നതിൽ ഒതുങ്ങുകയാണ്. അതിനപ്പുറത്തേക്കു ചിന്തിക്കുവാനും ദർശിക്കുവാനും അവനു കഴിയുന്നില്ല.

ജീവിതത്തിൽ ഇന്ന് ആയിരിക്കുന്ന സാഹചര്യങ്ങൾക്ക് അപ്പുറത്തേക്കു കണ്ണുകൾ ഉയർത്തുവാൻ

**-> വിദ്യാഭ്യാസവും**

**-> ജ്ഞാനവും**

**-> ജീവിതത്തെക്കുറിച്ചുള്ള ശരിയായ വീക്ഷണവും ഉണ്ടാകണം.**

ദർശനം ഇടുങ്ങിയതും ചെറുതും ആയിത്തീരുമ്പോൾ ജീവിതം തോൽവി അടയുന്നു. ഇന്നത്തെ ജീവിത സാഹചര്യങ്ങൾക്ക് അപ്പുറത്തേക്കു ചിന്തിക്കുവാനും നാളയെപ്പറ്റി വലിയൊരു ഉൾക്കാഴ്ച പ്രാപിക്കുവാനും പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള ദൈവാശ്രയവും കൈമുതലായി ഉണ്ടെങ്കിൽ വിജയത്തിലേക്കുള്ള യാത്രയ്ക്കു ദൂരം കുറവാണ്.

**വിശാല ദർശനം പ്രാപിക്കുവാൻ തടസ്സമായിരിക്കുന്നത്:**

*1. ഇന്നത്തെ സാഹചര്യങ്ങൾ.*

*2. ജീവിതത്തെപ്പറ്റിയുള്ള ഉൾകാഴ്ചക്കുറവ്.*

*3. ദൈവാശ്രയം ഇല്ലായ്മ.*

*4. വിശ്വാസക്കുറവ്.*

*5. നാളെയെപ്പറ്റിയുള്ള ചോദ്യങ്ങൾ (ആശങ്കകൾ).*

ഇന്നത്തെ ചുറ്റുപാട്, സാമ്പത്തിക നിലവാരം, വിദ്യാഭ്യാസം എല്ലാം നമ്മുടെ ഉൾക്കാഴ്ചയ്ക്കു തടസ്സമായി തീരാം. ഉൾക്കാഴ്ചയെ തടയുന്ന ഇത്തരം ചെറിയ കാര്യങ്ങളെ നാം സ്വയം അതിജീവിക്കണം. പ്രശസ്ത എഴുത്തുകാരനും രാജ്യതന്ത്രജ്ഞനും ആയിരുന്ന ബഞ്ചമിൻ ഫ്രാങ്ക്ളിൻ ദരിദ്രനും വിദ്യാവിഹീനനും ആയിരുന്നു. എന്നാൽ അമേരിക്കൻ ചരിത്രത്തിൽ എഴുത്തുകാരൻ, ശാസ്ത്രജ്ഞൻ, സ്ഥാനപതി, പൊലീസ് മേധാവി, പെൻസിൽവേനിയ

04

## എനിയ്ക്കും പറയാനുണ്ട്...

# ജീർണത ബാധിച്ച രാഷ്ട്രീയം



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

എന്റെ ഹൈസ്കൂൾ-കോളേജ് വിദ്യാഭ്യാസം തിരുവനന്തപുരത്തായിരുന്നു. ഹൈസ്കൂൾ പഠനത്തിനായി തിരുവനന്തപുരം എസ്. എം. വി. (ശ്രീമൂല വിദ്യാലയം) സ്കൂളിൽ ചേർന്നത് വിദ്യാർത്ഥി രാഷ്ട്രീയത്തിലേക്ക് ആകർഷിക്കുവാൻ കാരണമായി (എസ്. എം. വി. എന്നതിന് സ്ഥിരംമുടക്ക് വിദ്യാലയം എന്നൊരു പേരുമുണ്ടായിരുന്നു). മിക്ക ദിവസങ്ങളിലും സമരം ഉണ്ടായിരുന്നത് ആ കാലത്ത് ആവേശമായിരുന്നു. എസ്. എഫ്. ഐ. ആയിരുന്നു അന്ന് അവിടെ ശക്തമായിരുന്നത്. എന്നാൽ ഞങ്ങൾ കെ. എസ്. യു. പ്രവർത്തകരായിരുന്നു. അതുകൊണ്ടുതന്നെ ബലഹീനരായ ഞങ്ങൾ അതിന്റെ പേരിൽ പ്രയാസങ്ങൾ പലതും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അക്കാലത്ത് മാണിയും ആന്റണിയുമൊക്കെ നായനാരോടൊപ്പം ഇടതുപക്ഷത്താണ്. അന്ന് കോൺഗ്രസ് എന്നു പറഞ്ഞാൽ സാക്ഷാൽ ലീഡർ കരുണാകരനാണ്. യൂത്ത് കോൺഗ്രസ് പ്രസിഡന്റ് യശശരീരനായ ജി. കാർത്തികേയനും, കെ. എസ്. യു. പ്രസിഡന്റ് രമേശ് ചെന്നിത്തലയുമായിരുന്നു. സംഘടന വളരെ സജീവമായിരുന്ന കാലമായിരുന്നു അത്. നായനാർ സർക്കാരിനെതിരെ യുവാക്കളും വിദ്യാർത്ഥികളുമൊക്കെ തെരുവിൽ സമരം നടത്തുന്ന കാലം. എം. ജി. റോഡുവഴി സ്റ്റാച്ച്യുവിലേക്ക് മുദ്രാവാക്യം മുഴക്കി ആവേശഭരിതരായി പോയതും ബസ്സിന് കല്ലെറിഞ്ഞതും പോലീസിന്റെ ചൂരൽ പ്രയോഗം ഏറ്റതുമൊക്കെ ഇന്നോർക്കുമ്പോൾ ഒരു തമാശയാണ്. അന്നത്തെ വിദ്യാർത്ഥി യുവജന സമരം നായനാർ സർക്കാരിനെ പൊറുതി മുട്ടിച്ചതാണ്. സമരബാഹുല്യത്തിന്റെ ആ നാളുകളിലൊന്നിലാണ് ആന്റണിയും മാണിയും വലതു പക്ഷത്തേക്ക് വരുന്നത്. അതൊക്കെ കഴിഞ്ഞ കാല ചരിത്രം. അന്ന് ഒന്നിച്ചു മുദ്രാവാക്യം വിളിച്ചവരും തോളത്ത് കൈയിട്ടു നടന്നവരും പലർ നേതൃസ്ഥാനത്തുണ്ട്.

ഇതൊക്കെ ഇപ്പോൾ ഓർക്കുവാൻ കാരണം കഴിഞ്ഞ ദിവസങ്ങളിൽ നിയമസഭയിൽ നടന്ന സംഭവങ്ങളാണ്. ഭരണപക്ഷവും പ്രതിപക്ഷവും കൊമ്പുകോർത്തപ്പോൾ നടന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും എല്ലാം ജനാധിപത്യത്തിനു ഭൂഷണമാണെന്ന് തോന്നുന്നില്ല. ആരു ജയിച്ചു ആരു തോറ്റു എന്ന തർക്കം നടക്കുമ്പോൾ സത്യത്തിൽ തോറ്റത് ജനങ്ങൾ തന്നെയാണ് എന്നതിൽ സംശയം വേണ്ട.

ഇവിടെ ഇപ്പോൾ നടക്കുന്നത് തെറ്റുകളെ ന്യായീകരിക്കുവാനുള്ള പ്രവണതയാണ്. സോളാറും ബാർ കോഴയും തുടങ്ങി കേൾക്കുന്ന അഴിമതി ആരോപണങ്ങളിൽ കോടികളുടെ കഥയാണുള്ളത്. ധാർമ്മികത എന്നതിന് ഇന്ന് വിലയില്ലാതായിരിക്കുന്നു. നാണം കെട്ടും പണം ഉണ്ടാക്കുകിൽ നാണക്കേടിനെ അത് മറയ്ക്കും എന്നാണല്ലോ പറയുന്നത്. അതുകൊണ്ടു തന്നെയാകാം ഏതുവിധേനയും പണം ഉണ്ടാക്കുവാനുള്ള ത്വരയാണ് മനുഷ്യന്. ഏതു ഹീന മാർഗ്ഗവും അതിനായി സ്വീകരിക്കുവാൻ ഒരു മടിയും ഇല്ലാതായിരിക്കുന്നു. ഇന്നത്തെ രാഷ്ട്രീയം ഹൈടെക്കാണ്. അവിടെ മനുഷ്യത്വത്തിന് യാതൊരു വിലയുമില്ലായെന്ന് പലപ്പോഴും തോന്നിപ്പോകാറുണ്ട്. ഒരു കാലത്ത് ത്യാഗികളായിരുന്ന നേതാക്കന്മാർ ഇവിടെ ഉണ്ടായിരുന്നു. ഇന്ന് ആ ഗണത്തിൽപ്പെടുന്നവർ ഉണ്ടോ എന്ന് സംശയം. ഭരണക്കാർ ജനോപകാരികൾ ആകണം എന്നാണല്ലോ വെയ്പ്. യഥാർത്ഥത്തിൽ സംഭവിക്കുന്നത് അവർ ജനദ്രോഹികളായി മാറുന്നു എന്നതാണ്. കേരളത്തിൽ പെട്രോൾ വില 65നുമുകളിലാണ്. തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ 62 രൂപയേയുള്ളൂ. എന്നിട്ടും ഇവിടെ പണമില്ലായെന്ന നിലവിളി മാത്രമേ ഉള്ളല്ലോ. രാഷ്ട്രീയത്തെക്കുറിച്ചെഴുതിയത് ആരിലും തെറ്റിദ്ധാരണ ഉണ്ടാക്കില്ല എന്ന് ആശിക്കുന്നു. ഇന്ന് ഒരു രാഷ്ട്രീയക്കാരോടും പ്രത്യേകമായ ആഭിമുഖ്യം ഇല്ല. ഇടതുപക്ഷത്തും വലതുപക്ഷത്തുമൊക്കെ നല്ല സുഹൃത്തുക്കളും പരിചയക്കാരും ഉണ്ട്.

രാഷ്ട്രീയക്കാര്യം അങ്ങനെ നിൽക്കട്ടെ. ഇതിൽ നിന്ന് ഒട്ടും വിഭിന്നമല്ല പെന്തെക്കോസ്തിന്റേതും. നിയമസഭയിൽ നടക്കുന്നതിനേക്കാൾ മോശം പ്രകടനമാണ് നമ്മുടെ പല കൗൺസിൽ മീറ്റിംഗുകളിലും അരങ്ങേറുന്നത്. ഈ അടുത്ത കാലത്താണ് ഒരു പ്രമുഖ പെന്തെക്കോസ്ത് സഭയിലെ സംസ്ഥാന നേതാവ് മേശപ്പുറത്തെ കണ്ണാടി കോപാകുലനായി അടിച്ചുപൊട്ടിച്ചത്. വിവരവും വിദ്യാഭ്യാസവുമില്ലാത്ത കുറെ ആളുകളുടെ പ്രകടനമാണ് നമ്മുടെ പല കൗൺസിലുകളിലും അരങ്ങേറാറുള്ളത്. ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം എന്ന തത്വമാണ് നമ്മുടെ നേതാക്കന്മാർക്ക്. പണം ഉണ്ടാക്കുവാൻ ഏതു നിലയിലേക്കു താഴുന്നതിന് നമ്മുടെ നേതാക്കന്മാർക്ക് മടിയില്ല. സഭയുടെ ഭരണഘടനയെക്കുറിച്ചോ ഇന്ത്യൻ ഭരണഘടനയുടെ പ്രാഥമിക കാര്യങ്ങളെക്കുറിച്ചോ യാതൊരു പിടിയുമില്ലാത്ത കുറെ ആളുകളാണ് പലപ്പോഴും കൗൺസിലുകളിൽ എത്തിപ്പെടുന്നത്. ലോകത്ത് എന്ത് നടക്കുന്നുവെന്ന് യാതൊരു വിവരമില്ലാത്തവരാണ് പലരും. വായനാശീലം ഒട്ടുമില്ലാത്ത പലരെയും എനിക്കറിയാം. പലരും അക്ഷരവിരോധികൾ തന്നെയാണ്. സമകാലിക സംഭവങ്ങളെക്കുറിച്ച് സാമാന്യ ജ്ഞാനം എങ്കിലും നേതൃത്വത്തിലുള്ളവർക്ക് ഉണ്ടാകണം.

പെന്തെക്കോസ്തിലെ ചില നേതാക്കന്മാരുടെ തന്ത്രങ്ങൾ കാണുമ്പോൾ ഇവർ സെക്കുലർ രാഷ്ട്രീയത്തിലായിരുന്നെങ്കിൽ എത്ര നന്നായേനെ എന്ന് തോന്നിയിട്ടുണ്ട്. അത്രയ്ക്കും മെയ്വഴക്കവും തന്ത്രങ്ങളുമാണ് ഇക്കൂട്ടർ പ്രയോഗിക്കാറുള്ളത്. മുഖത്തുനോക്കി കള്ളം പറയുന്നതിന് യാതൊരു മടിയും ഇക്കൂട്ടർക്കില്ല. ബിസിനസ്സ് മാത്രമാണ് ഇത്തരക്കാരുടെ പ്രധാനലക്ഷ്യം. പണ്ട് വിവാഹ ആലോചനയും മറ്റും സൈഡ് ബിസിനസ്സായി കൊണ്ടു നടക്കുന്ന ചില ഉപദേശിമാരെ കണ്ടിട്ടുണ്ട്. കാലം മാറിയപ്പോൾ കഥയും മാറി. വിവാഹം, വസ്തുക്കച്ചവടം, അഡ്മിഷൻ തുടങ്ങി പല ബിസിനസ്സുകളുടെ കൂട്ടത്തിൽ ഒരു സൈഡ് ബിസിനസ്സ് മാത്രമാണ് ഇന്ന് ഇക്കൂട്ടർക്ക് ഉപദേശിവേല. ഇങ്ങനെ സമ്പാദിക്കുന്ന പണം കൊണ്ട് അനുയായികളെ സൃഷ്ടിച്ച് പെന്തെക്കോസ്ത് നേതൃത്വത്തിൽ വിരാജിക്കുകയാ ണ്. അതുകൊണ്ടു തന്നെ യാതൊരുവിധ മൂല്യവും ഇല്ലാത്ത നേതൃത്വമാണ് മിക്ക പെന്തെക്കോസ്ത് സഭകളുടെ മുകളിൽ. അനുഭവമുള്ള നേതൃത്വനിരയുടെ കാലം കഴിഞ്ഞു. ഇപ്പോൾ അഭിനയ നേതൃത്വമാണ് എവിടെയും. പെന്തെക്കോസ്തിന്റെ അന്തസ്സത്തയും മൂല്യവും ഗണ്യമാക്കാത്ത ഒരുകൂട്ടർ സഭയെ നയിക്കുമ്പോൾ വിലപിക്കുവാനല്ലാതെ എന്ത് ചെയ്യുവാൻ കഴിയും. ബ്ലെയ്ഡ്കാരും കട്ടേഷൻകാരും ഇവിടെ വാണരുളുകയാണ്.

## കവിത

### അബ്രഹാമിന്റെ ബലി



റജീന ഫിലിപ്പ്

വിശ്വാസി തൻ താതനായ അബ്രഹാമിനെ ദൈവം
പരീക്ഷിപ്പതിനിച്ഛിച്ചുര ചെയ്തിതേ വിധം
"അബ്രഹാമേ....നിന്നുടെ ഓമനക്കുമാരനെ
ഹോമയാഗമായർപ്പിച്ചിടേണം മടിയാതെ"

ഇതുകേട്ടപ്പിതാവിൻ നെഞ്ചകം പിടഞ്ഞുപോയ്
മരവിച്ചിരിന്നു പോയൊരു മാത്രയങ്ങനെ
പിന്നെത്താൻ വെമ്പിയെഴുന്നുടനെ നമിച്ചീശൻ
വാക്കുകൾ ശിരസ്സാലെ വഹിച്ചുമടിയാതെ

താതന തനയനോ പ്രാണനിൽ പ്രാണനത്രേ
മാതാവിന്നവനിന്നു കണ്ണിലെ മണിതന്നെ
തന്നുടെ കുമാരനെ സ്നേഹിക്കാൻ മത്സരിച്ച
ദിനങ്ങളോർത്തു മൂകം ഹൃത്തടം തേങ്ങിപ്പോയി

പൈതലും പിതാവും തൻ ഭൃത്യരുമൊരുമിച്ച്
മോറിയാ ദേശത്തേക്കു പുറപ്പെട്ടതികാലേ
സഞ്ചാരവേളയിങ്കൽ സന്ദേഹത്തോടെ ബാലൻ
താതനോടീ വിധത്തിലാരാഞ്ഞീടുന്നീതല്ലോ!

"തീയുണ്ട് വിറകുണ്ട് അറുപ്പാൻ കത്തിയുണ്ട്
യാഗമായർപ്പിച്ചിടാനേഡകമെവിടപ്പാ?"
ഗദ്ഗദം മറച്ചു കൊണ്ടീവിധമുര ചെയ്താൻ
യഹോവ കരുതീടുമഴലകറ്റോമനെ....

മോരിയാ ദേശത്തെത്തിയുടനെ തന്നെയവർ
യാഗത്തിന്നൊരുക്കങ്ങൾ നടത്തി നിശബ്ദരായ്
തന്നുടെ പൈതലിനെ ബന്ധിച്ചാപ്പീഠത്തിന്മേൽ
കിടത്തി ശോകാദ്രമായി മൂകനായി താതനപ്പോൾ

പിന്നെത്താൻ മടിച്ചില്ല അറച്ചുനിന്നുമില്ല
തന്നുടെ ബാലകനെ അറുപ്പാൻ കത്തിയോങ്ങി
ഇതു കണ്ടുടൻ തന്നെ ദൂതന്മാരുര ചെയ്തു
'അരുതേ യബ്രഹാമേ ബാലനെ തൊടരുതേ'

ഒച്ച കേട്ടിടത്തേയ്ക്കു വെക്കം താൻ തിരിഞ്ഞതാ
കൊമ്പുടക്കിയക്കാട്ടിൽ കിടക്കുന്നജമൊന്ന്
യഹോവ തൻ കല്പന പോലാടിനെ
യാഗമർപ്പിച്ചരുമ മകനുമായി ഗമിച്ചുസ്വഭവനേ

(ഏഡകം =മുട്ടാട്-ആട്ടുകൊറ്റൻ)

## എ. ജി. തിരുവല്ല സെക്ഷൻ കൺവൻഷൻ

**തിരുവല്ല:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് തിരുവല്ല സെക്ഷൻ കൺവൻഷൻ 2015 ഏപ്രിൽ 8 ബുധൻ മുതൽ 12 ഞായർ വരെ കുറ്റപ്പുഴ മാടംമുക്ക് എ. ജി. ചർച്ച് ഗ്രൗണ്ടിൽ വച്ചു നടക്കും. സെക്ഷൻ പ്രസ്ബിറ്റർ റവ. പി. എം. സാമുവൽ ഉദ്ഘാടനം നിർവഹിക്കും. റവ. റ്റി. ജെ. സാമുവേൽ (എ. ജി. മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട്), റവ. വി. റ്റി. ഏബ്രഹാം (എസ്. ഐ. എ. ജി. സൂപ്രണ്ട്), റവ. പി. എസ്. ഫിലിപ്പ് (എ. ജി. മലയാളം ഡിസ്ട്രിക്ട് അസി. സൂപ്രണ്ട്) എന്നിവർ പ്രസംഗിക്കും. വൈകിട്ട് 6 മുതൽ 9 വരെയായിരിക്കും പൊതുയോഗം. വെള്ളിയാഴ്ച രാവിലെ 10 മുതൽ 1 വരെ ഡബ്ല്യൂ. എം. സി. സമ്മേളനം, ശനിയാഴ്ച രാവിലെ 10 മുതൽ 1 വരെ സണ്ടേസ്കൂൾ, സി.എ. വാർഷിക യോഗം, ഞായർ രാവിലെ 9 മുതൽ പൊതുസഭായോഗം എന്നിവയുണ്ടായിരിക്കും. വിവിധ സ്ഥലങ്ങളിലേക്ക് വാഹനക്രമീകരണം ഉണ്ടായിരിക്കും.


BUSINESS OPPORTUNITY
A WIDE RANGE OF HOME/LIFE STYLE APPLIANCES
AVAILABLE AT WHOLESALE RATE

- Air Fryer ▪ Tower Fan ▪ Vacuum Cleaner
- Juicer ▪ High Pressure Car Washer
- Health Grill ▪ Box Fan ▪ Wall Fan
- LPG Glass Top stove ▪ Chapatti Maker
- Steam Mop ▪ Pop Corn Maker ▪ Bread Maker
- Deep Fryer ▪ Barbecue ▪ Portable OTG
- Portable Food Processor
- Cutting and Drilling Machines.



Shop Keepers, Direct Marketing Co's, E-commerce firms, Corporate and Bulk Purchasers can contact:

PETRON TRADE CONSULTANTS
MUMBAI
MOBILE : 09833277538
E-mail : pkoshy.prakash@gmail.com

The products will be delivered at all major railway stations

ചോദ്യോത്തര വേദി

# അമിതമായ ആഗ്രഹം വിഗ്രഹാരാധനയാകുന്നതെങ്ങനെ?



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ചോദ്യം:** "ആകയാൽ ദുർന്നടപ്പ്, അശുദ്ധി, ദുരാഗ്രഹം, കാമം, **വിഗ്രഹാരാധനയായ അത്യാഗ്രഹം** ഇങ്ങനെ രക്ഷിക്കപ്പെട്ടവരായ നിങ്ങളുടെ ഭൗമീകസ്വഭാവങ്ങളെ നിഗ്രഹിക്കുവീൻ. **അവ ഇല്ലാതാക്കിയില്ലെങ്കിൽ ദൈവത്തിന്റെ കോപം ഉണ്ടാകാം....**അതുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ടവരായ നിങ്ങൾ മനസ്സിലിവ്, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിക്കുവീൻ". മനസ്സിന്റെ **ഒരവസ്ഥയായ അത്യാഗ്രഹം വിഗ്രഹാരാധനയാകുന്നതെങ്ങനെ?** (കൊലൊ. 3:5-12, സ്വതന്ത്രപരിഭാഷ). ഫോട്ടോയേയും രൂപങ്ങളെയും നോക്കി സന്തോഷിക്കുന്നതും സൂക്ഷിക്കുന്നതും ആണ് വിഗ്രഹാരാധന എന്നാണ് ഞാൻ കരുതിയിരുന്നത്.

**- ബിനു മത്തായി, മാവേലിക്കര**

**ഉത്തരം:** പഴയനിയമ വ്യവസ്ഥയിൽ തങ്ങളുടെ ദോഷപ്രവർത്തികൾക്ക് മൃഗബലിയിലൂടെ യെഹൂദർ പാപപരിഹാരം വരുത്തിയിരുന്നു. അതായിരുന്നു ന്യായപ്രമാണ വ്യവസ്ഥ. പുതിയനിയമ വ്യവസ്ഥയിൽ യേശുക്രിസ്തുവിന്റെ രക്തത്തിന്റെ വിലയും യേശുവിന്റെ നാമത്തിന്റെ വിലയും മനസ്സിലാക്കി രക്ഷിക്കപ്പെട്ടവർ, പിന്നീട് അവരുടെ ഹൃദയത്തിന്റെ അവസ്ഥയ്ക്കാണ് പരിഹാരം വരുത്തി ബലപ്പെടേണ്ടത്. അത് അനുദിന മാനസാന്തരത്തിൽ കൂടിയാണ് വിശ്വാസിയിൽ നടപ്പാകുന്നത് (1 യോഹ. 1:9; യാക്കോബ് 5:14).

ഒരു വിശ്വാസിയിൽ യേശുക്രിസ്തുവിനും വചനത്തിനും ഹൃദയത്തിൽ ഒന്നാം സ്ഥാനം കൊടുക്കുന്നതിന് പകരമായി, മറ്റെന്തെങ്കിലും ഹൃദയത്തെ ഭരിച്ചാൽ അത് ദൈവീക ദൃഷ്ടിയിൽ വിഗ്രഹാരാധനയാണ്. ഒരു വിശ്വാസി മണ്ണിനുവേണ്ടിയോ, പെണ്ണിനുവേണ്ടിയോ, പുരുഷനുവേണ്ടിയോ, ധനത്തിനുവേണ്ടിയോ, ശാസ്ത്രത്തിനു വേണ്ടിയോ, പ്രത്യയശാസ്ത്രത്തിനുവേണ്ടിയോ, രാഷ്ട്രീയപാർട്ടികൾക്കുവേണ്ടിയോ, സ്ഥാനമാനങ്ങൾക്കുവേണ്ടിയോ, മദ്യത്തിനുവേണ്ടിയോ ആണ് പ്രധാനമായും ജീവിക്കുന്നതെങ്കിൽ അവൻ/അവൾ അതിനുവേണ്ടി സ്വയം സമർപ്പിച്ച് ജീവിക്കുന്നവനാണ്. അങ്ങനെ ജീവിക്കുന്ന ഒരു വിശ്വാസിയുടെ ഭവനത്തിലോ, ചുറ്റുമതിലിന്മേലോ സഭാഹാളിലോ ഫോട്ടോയോ രൂപങ്ങളോ ഇല്ല എന്ന കാരണത്താൽ അവൻ/അവൾ വിഗ്രഹാരാധകനല്ല എന്നു വരുമോ? പുറമെ എന്തെല്ലാം വെള്ള പൂശിയാലും, എന്തെല്ലാം സ്ഥാനമാനങ്ങൾ നേടിയാലും, അകത്ത് എന്ത് എന്നതാണ് പ്രധാനമായും ദൈവം നോക്കുന്നത്. ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ **തീ** പരിശോധിക്കുമ്പോൾ ഹൃദയാവസ്ഥയാണ് പരിശോധിക്കപ്പെടുന്ന ഒരു ഭാഗം. "...അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി, **ഹൃദയങ്ങളുടെ ആലോചനകൾ വെളിപ്പെടുത്തും;** അന്ന് ഓരോരുത്തനും ദൈവത്തിൽ നിന്ന് പുകഴ്ച ലഭിക്കും" (1 കൊരി. 4:5). ആകയാൽ 'ദുർന്നടപ്പ്, അശുദ്ധി, ദുരാഗ്രഹം, കാമം, **വിഗ്രരാധനയായ അത്യാഗ്രഹം** ഇങ്ങനെ നിങ്ങളുടെ ഭൗമീക സ്വഭാവങ്ങളെ നിഗ്രഹിക്കുവിൻ' (കൊലോ. 3:5).

ഒരു ഫോട്ടോയോ, ചിത്രമോ, രൂപമോ സൂക്ഷിക്കുന്നതോ കാണുന്നതോ അല്ല വിഗ്രഹാരാധന; മറിച്ച് കാണുന്നതോ കാണപ്പെടാത്തതോ ആയ എന്തിനെയെങ്കിലും ദൈവത്തിനു പകരം ഹൃദയത്തിൽ പ്രതിഷ്ഠിച്ച് അതിനുവേണ്ടി ജീവിതം ഉഴിഞ്ഞു വെയ്ക്കുന്നുവെങ്കിൽ, ദൈവത്തെ സ്നേഹിക്കന്നതുപോലും ഇത്തരം നിക്ഷേപങ്ങൾക്കുവേണ്ടിയാണെങ്കിൽ അത് വിഗ്രഹാരാധനയാണ്.

യേശുക്രിസ്തു അരുളിച്ചെയ്തു: "എന്നെക്കാൾ അധികമായി അപ്പനെയോ അമ്മയെയോ മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല" (മത്തായി 10:37). 'നിന്റെ നിക്ഷേപം എവിടെയായിരിക്കുന്നുവോ അവിടെയായിരിക്കും നിന്റെ ഹൃദയത്തിലെ ആലോചനകൾ' (മത്തായി 6:21, സ്വതന്ത്രപരിഭാഷ).

**അടിക്കുറിപ്പ്:** ചായയും കാപ്പിയും ഏതാണ് 10 ശതമാനം **ചാരായം** അടങ്ങിയിരിക്കുന്ന ചുമയുടെ ടോണിക്കും **ഒഴിച്ച്** മറ്റു ലഹരിവസ്തുക്കളൊന്നും ഉപയോഗിക്കാതെ, വിശ്വാസവും വേർപാടും ഘോരമായി പ്രസംഗിക്കുന്ന നേതാക്കളുടെ ഹൃദയത്തിൽ സൂക്ഷിക്കുന്ന രണ്ടു പ്രധാനപ്പെട്ട വിഗ്രഹങ്ങളാണ് **ദ്രവ്യാഗ്രഹവും അത്യാഗ്രഹവും.**

## 02 യുവജന പംക്തി...

യൂണിവേഴ്സിറ്റി സ്ഥാപകൻ തുടങ്ങിയ വിധത്തിൽ പ്രസിദ്ധനായി. ചിലർ പറയുന്നത് അദ്ദേഹം തന്റെ തലമുറയിൽ ഉള്ളവരെക്കാൾ എഴുപതു വർഷം മുമ്പിലായിരുന്നു എന്നാണ്.

യഥാർത്ഥത്തിൽ ഒരു തലമുറ മുമ്പോട്ടു ചിന്തിക്കുവാനും അപഗ്രഥിക്കുവാനും കഴിവുണ്ടെങ്കിൽ മാത്രമേ ദർശനത്തെ യഥാർത്ഥ ദർശനമായി കാണാൻ സാധിക്കൂ.

ഇന്ന് അനേകർ തങ്ങളുടെ കൂട്ടിൽ ഇരുന്ന് ഇടുങ്ങിയ ദർശനം കാണുന്നവരാണ്. ചിറകുകൾ വിടർത്തി വിഹായസ്സിലേക്കു പറക്കുക എന്നത് ചിന്തിക്കുവാൻ കഴിയുന്നില്ല.

**പുറത്തു വരിക**

ചിത്രശലഭം പുറത്തു വരുന്നതിനു മുമ്പു 'പ്യൂപ' എന്നൊരു ഘട്ടമുണ്ട്. ഈ ഘട്ടത്തിൽ ഒരു പുഴുവായി സ്വയം ഉണ്ടാക്കിയ കൂട്ടിൽ സമാധി ഇരിക്കും. ചില നാളുകൾ അങ്ങനെ തുടരും. എന്നാൽ ചില ദിവസങ്ങൾ കഴിയുമ്പോൾ (പുഴുവല്ല) ചിത്രശലഭം പുറത്തു വരും.... പറക്കുവാൻ ഉതകുന്ന ചിറകുമായി. എന്നാൽ ഓർക്കുക, പ്യൂപ ആയിരിക്കുമ്പോൾ, ഇതു മതി, ഞാൻ പുഴുവാണ്, കൂട്ടിലാണെന്നു പറഞ്ഞിരുന്നാൽ പുറത്തു വരിക സാധ്യമല്ല. ചില ദിവസങ്ങൾ പിന്നിടുമ്പോൾ ചിത്രശലഭം സ്വന്തശക്തി ഉപയോഗിച്ചു കൂടു പൊളിച്ചു പുറത്തേക്കു വരും. ചിത്രശലഭം പുറത്തേക്കു വരുന്നതു ശ്രമകരമായ ഒരു കാര്യം തന്നെയാണ്. വളരെ ശ്രമകരമായ പരിശ്രമത്തിലൂടെ പുറത്തു വരുന്നതു കൊണ്ടാണു ചിത്രശലഭങ്ങൾക്കു പറക്കുവാൻ കഴിയുന്നത്.

പ്യൂപയുടെ ഘട്ടത്തിലിരുന്നു ദർശനം വിശാലമാക്കുവാൻ കഴിയാതെ പോയാൽ മുമ്പോട്ടുള്ള പ്രയാണം ഇടുങ്ങിയതാകും. എന്നാൽ ഇന്ന് ആയിരിക്കുന്ന ചുറ്റുപാടുകളിൽ നിന്നു പുറത്തു വന്നു ചിന്തിക്കുവാൻ കഴിയുമ്പോഴാണു ദർശനം വിശാലമാകുന്നത്. ഇന്നു നിങ്ങൾ നേരിടുന്ന പ്രതിസന്ധികളാൽ തകർക്കപ്പെട്ട് ഇനിയും സാധ്യമല്ലെന്നു ചിന്തിക്കാതെ വിശാലതയെ ഉൾക്കണ്ണു കൊണ്ടു ദർശിക്കുവാൻ കഴിയട്ടെ. അതിനു തടസ്സമായിരിക്കുന്നത്:

-> **ചിന്തകൾ**
-> **ഭയം**
-> **സംശയം**
-> **അവിശ്വാസം**
-> **അപകർഷത**
-> **സാഹചര്യങ്ങൾ**

ഇവയോടു പൊരുതി ജയിക്കുക. പിന്തിരിപ്പൻ ചിന്തകളെയും ജീവിതഭയങ്ങളെയും സ്വയം അറിഞ്ഞു പുറത്താക്കണം. അവയിൽ നിന്നു പുറത്തു വരുവാൻ ദൈവാശ്രയവും വിശ്വാസവും കൂടിയേ തീരൂ.

സംശയവും അവിശ്വാസവും പിശാചിന്റെ രണ്ടു പുത്രന്മാരാണെന്നതു വാസ്തവം തന്നെയാണ്. ദൈവത്തിന് നമ്മെ പറ്റിയുള്ള പ്രതീക്ഷകളിൽ നിന്നും നമ്മെ പുറകോട്ടു വലിക്കുന്നതു സംശയവും അവിശ്വാസവുമാണ്.

അപകർഷത സ്വയം നിരാശപ്പെട്ട് ഇല്ലാതെയാകുന്ന അവസ്ഥയാണ്. ലോകത്തിലേക്കും ഏറ്റവും ചെറിയവൻ ഞാൻ ആണെന്ന തോന്നലാണ് അപകർഷതയിൽ ഉളവാകുന്നത്. സ്വന്തം വ്യക്തിത്വം അറിഞ്ഞ് അംഗീകരിക്കുകയാണ് ഇതിൽ നിന്നു പുറത്തു വരുവാനുള്ള ഏക വഴി.

സാഹചര്യങ്ങളിൽ പലതും മാറ്റുവാൻ സാധ്യമല്ലാത്തവയാണ്. എന്നാൽ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു സ്വയം ഇല്ലാതാകാതെ വ്യക്തിത്വവും ദർശനവും മുമ്പിൽ കണ്ടു പൊരുതുക. ചേറ്റിൽ വളരുന്ന താമര പോലെ എപ്പോഴും നല്ലതു മറ്റുള്ളവർക്കും സ്വയമായും സമ്മാനിക്കാം. **(തുടരും...)**

## കൺവൻഷൻ

**ചെങ്ങന്നൂർ:** എബനേസർ ഗോസ്പൽ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ കൺവൻഷൻ ഏപ്രിൽ 9,10,11 തീയതികളിൽ പാണ്ടനാട് കിഴക്ക് കരുവേലിപ്പടി പൂതിയോട്ട് പഠവിൽ മേരി മാത്യുവിന്റെ ഭവനാങ്കണത്തിൽ നടക്കും. പാസ്റ്റർ നൈനാൻകോശി ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, മാത്യു ലാസർ-ചെങ്ങന്നൂർ, വി.എം. ജേക്കബ്-മുണ്ടക്കയം എന്നിവർ പ്രസംഗിക്കും. എബനേസർ വോയ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർ വി.എസ്. ജോൺസൺ നേതൃത്വം നൽകും.

**പൊൻകുന്നം:** മലങ്കര കരിസ്മാറ്റിക് ചർച്ച് ഒരുക്കുന്ന കൺവൻഷൻ ഏപ്രിൽ 9,10,11 തീയതികളിൽ പൊൻകുന്നം വ്യാപാരഭവൻ ഓഡിറ്ററിയത്തിൽവച്ച് നട ക്കും. പാസ്റ്റർമാരായ ജെയ്സ് പാണ്ടനാട്, സാബു ജോൺ-കുമളി, സി.വി. അലക്സാണ്ടർ-പത്തനംതിട്ട എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ബെജുമോൻ നേതൃത്വം നല്കും.

**നെയ്യാറ്റിൻകര:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ നെയ്യാറ്റിൻകര ടൗൺ ഡിസ്ട്രിക്ട് കൺവൻഷൻ ഏപ്രിൽ 10,11,12 തീയതികളിൽ ഉദിയൻകുളങ്ങര പഞ്ചായത്ത് ഹാളിൽ നടക്കും. റവ. പി.ജെ. ജെയിംസ്(ഓവർസീയർ), പാസ്റ്റർ ജെയ്സ് പാണ്ടനാട്, സിസ്റ്റർ ലൗലി പ്രകാശ്-കോട്ടയം എന്നിവർ പ്രസംഗിക്കും. ഡിസ്ട്രിക്ട് കോ-ഓർഡിനേറ്റർ പാസ്റ്റർ മധു എസ്. നേതൃത്വം നൽകും.

## 01 ഏ.ജി. ശതാബ്ദി സമ്മേളനം...

ക്കും. 400 പേർ അണിനിരക്കുന്ന സെന്റിനറി ഗായകസംഘം സംഗീതാരാധനയ്ക്ക് നേതൃത്വം നൽകും.

വിവിധ ക്ഷേമപ്രവർത്തനങ്ങളുടെ ഉദ്ഘാടനം സമ്മേളനത്തിൽ നടക്കും. ഡയാലിസിസിന് വിധേയമാകുന്ന 25 രോഗികളെ ദത്തെടുക്കൽ, നൂറുപേർക്ക് ഒരു പ്രാവശ്യം സൗജന്യ ഡയാലിസിസ്. നൂറ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനം, നൂറ് വിധവകൾക്ക് സഹായം, രക്തദാനസേന ഉദ്ഘാടനം, അഞ്ച് സർക്കാർ ആശുപത്രികളിൽ ഒരു നേരം ഭക്ഷണം എന്നീ പരിപാടികളുടെ ഉദ്ഘാടനവും സമ്മേളനത്തിൽ നടക്കും.

1915 ൽ കേരളത്തിൽ ആരംഭിച്ച ഏ.ജി.യുടെ പ്രവർത്തനം ഒരു നൂറ്റാണ്ട് നിലനിർത്തുകയും വളർത്തുകയും ചെയ്ത ദൈവത്തിന് പരസ്യമായി നന്ദി അർപ്പിക്കുന്നതിനും പുതിയ കാലത്തിലേക്കുള്ള നിയോഗം ഏറ്റെടുക്കുന്നതിനുംവേണ്ടി സംഘടിപ്പിക്കുന്ന പ്രത്യേക സമ്മേളനത്തിൽ കേരളത്തിലെ വിവിധ സഭകളിൽനിന്നായി 25,000 ലധികം വിശ്വാസികൾ എത്തിച്ചേരുമെന്ന് കണക്കാക്കുന്നു. അസംബ്ലീസ് ഓഫ് ഗോഡ് ദേശീയ ജനറൽ സെക്രട്ടറിയും മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ടുമായ പാസ്റ്റർ ടി.ജെ. സാമുവൽ ജനറൽ കൺവീനറായും, മലബാർ ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ട് പാസ്റ്റർ വി.ടി. എബ്രഹാം, സതേൺ ഡിസ്ട്രിക്ട് കൗൺസിൽ അസി.സൂപ്രണ്ട് പാസ്റ്റർ എൻ. പീറ്റർ എന്നിവർ അസോസിയേറ്റ് ജനറൽ കൺവീനർമാരായും പ്രവർത്തിക്കുന്നു.

## 01 കുമ്പനാട് ഇന്ത്യാ ബൈബിൾ.....

ാഡ്ജ് ബിരുദദാന സന്ദേശം നല്കി. ഭാരതത്തിലെ 24 വ്യത്യസ്ത ഭാഷാപശ്ചാത്തലത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ അവരവരുടെ ഭാഷയിൽ ഗ്രാജുവേഷൻ തീംമായ അപ്പോ.പ്രവ.1-8 ക്രമമായി ഉരുവിടുകയും വിദ്യാർത്ഥി പ്രതിനിധികൾ പ്രസംഗിക്കുകയും ചെയ്തു.

സെമിനാരിയിൽ ദീർഘ പതിറ്റാണ്ടുകളായി പഠിപ്പിച്ചിരുന്ന സീനിയർ അദ്ധ്യാപകരായ പാസ്റ്റർ എം. വി. വറുഗീസ്, പാസ്റ്റർ റ്റി.സി. ഈശോ, പാസ്റ്റർ സി. ഐ. ചെറിയാൻ, എന്നിവർക്ക് സെമിനാരി പ്രസിഡന്റ് പാസ്റ്റർ റ്റി. എസ്സ്. ഏബ്രഹാം പ്രശംസാ ഫലകങ്ങൾ നല്കി ആദരിച്ചു.

പൂർവ വിദ്യാർത്ഥി സംഘടനയുടെ വകയായി ശുശ്രൂഷയിലിരിക്കെ മരണമടഞ്ഞ ഐ. ബി. സി പുർവ വിദ്യാർത്ഥികളായിരുന്ന രണ്ടു പാസ്റ്റർമാരുടെ വിധവമാർക്ക് 10000 രൂപ വീതം ധനസഹായം സമ്മേളനത്തിൽ വെച്ച് നൽകി.

സി.എസ്സ്.ഐ. മുൻ ബിഷപ്പ് റൈറ്റ് റവ. തോമസ് സാമുവൽ, സന്തോഷ് ഏബ്രഹാം, റവ. റാൻഡോഫ് റുമേറൊ എന്നിവർ ആശംസ അറിയിച്ചു. മേജർ വി.ഐ. ലൂക്കോസ് നന്ദി പ്രകാശിപ്പിച്ചു.

സെന്റർ പാസ്റ്റർമാർ, പാസ്റ്റർമാർ, മാതാപിതാക്കൾ, സഭാ വിശ്വാസികൾ, പൂർവ വിദ്യാർത്ഥികൾ, അഭ്യൂദയകാംക്ഷികൾ തുടങ്ങി 2000 ത്തോളം പേർ ബിരുദദാന സമ്മേളനത്തിൽ പങ്കെടുത്തു.

സെമിനാരിയുടെ പുതിയ അദ്ധ്യായന വർഷത്തെ ക്ലാസ്സുകൾ 2015 ഏപ്രിൽ 27 ന് ആരംഭിക്കുന്നതാണ്. ഈ വർഷം മുതൽ M.Th (കൗസിലിങ്ങ്) കോഴ്സ് പുതുതായി ആരംഭിക്കുന്നു.

## കൺവൻഷൻ

ആലപ്പുഴ: ഐ.പി.സി. തലവടി ഏബനേസർ സഭയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 9 മുതൽ 12 വരെ തലവടി ലൂദറൻ ഗ്രൗണ്ടിൽ വെച്ച് സുവിശേഷയോഗവും സംഗീതവിരുന്നും നടക്കുന്നു. ഐ.പി.സി ആലപ്പുഴ വെസ്റ്റ് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഏബ്രഹാം ജോർജ് ഉദ്ഘാടനം ചെയ്യുന്നതും കർത്തൃദാസന്മാരായ ഷാജു സി. ജോസഫ്, എബി ഏബ്രഹാം, അജി ആന്റണി, ടി.ഡി. ബാബു എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതുമാണ്. പാസ്റ്റർ മോൻസി തോമസ് നേതൃത്വം നൽകുന്നു.

ലേഖനം

# വിഷാദരോഗത്തിനു സ്വർഗ്ഗീയ ചികിത്സ



റെജി പോൾ
ഷാർജ
palachoodan@gmail/hotmail.com

ലോകത്ത് ഏറ്റവും കൂടുതൽ പേരെ ബാധിച്ചിരിക്കുന്ന രോഗാവസ്ഥയേതെന്ന് വൈദ്യശാസ്ത്രത്തിൽ പരതിയാൽ കിട്ടുന്ന ഉത്തരം ഉൽക്കണ്ഠയും വിഷാദവും (ANXIETY&DEPRESSION) ആണെന്ന് കാണാം. ഏറ്റവും കൂടുതൽ പേർക്കുള്ളത് കൊണ്ടും പുറമേ കാണാത്തത് കൊണ്ടും ഈ രോഗാവസ്ഥകളെ മറ്റുള്ളവർ നിസ്സാരമായിട്ടാണ് കാണാറുള്ളത്. എന്നാൽ ഇതനുഭവിക്കുന്നവരോട് ചോദിച്ചാൽ ഇതെടുത്തു മാറ്റിയിട്ട് വേറെ ഏതു രോഗം വേണമെങ്കിലും തന്നു കൊള്ളൂ എന്ന് പറയും. ഒരു മനോരോഗ വിദഗ്ധനോടു ചോദിച്ചാലും ഇതിന്റെ ഗൗരവം അറിയാൻ സാധിക്കും. മനസ്സിനെ ഏറ്റവും വലിയ സമ്മർദ്ദത്തിലേക്ക് കൊണ്ട് പോകാൻ കഴിയുന്നവയാണീ രോഗങ്ങൾ എന്ന് മാത്രമല്ല ആത്മഹത്യ പോലെയുള്ള കടുത്ത തീരുമാനങ്ങൾ പോലും എടുപ്പിക്കാൻ ഈ രോഗങ്ങൾക്ക് കഴിയും. ഹോളിവുഡിന്റെ എക്കാലത്തെയും മാദകറാണിയായിരുന്ന മരിലിൻ മൺട്രോയും എല്ലാവരെയും ചിരിപ്പിച്ച റോബിൻ വില്യംസും പോപ് സംഗീതലോകത്തെ പ്രശസ്തയായിരുന്ന വിറ്റ്നി ഹ്യൂസ്റ്റനും എല്ലാമെല്ലാം ജീവനൊടുക്കിയത് വിഷദ രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിലായിരുന്നുവെന്നു മാധ്യമങ്ങളിലൂടെയാണ് ലോകം അറിഞ്ഞത്. പിശാച് മനുഷ്യനെ വീഴിക്കുന്നതും തകർക്കുന്നതും പ്രധാനമായും മനസ്സിനെ ചൂഷണം ചെയ്താണെന്ന സത്യം നമുക്കറിയാമെന്നിരിക്കെ ഈ മനോരോഗാവസ്ഥകളെ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ നോക്കിക്കാണുന്നത് യുക്തമെന്നു കരുതുന്നു. ഇരട്ടി അഭിഷേകത്തിന്റെ മൊത്തക്കച്ചവടക്കാരനായ ബെന്നി ഹിൻ എന്ന ലോകപ്രസിദ്ധ പ്രാസംഗികന്റെ ഭാര്യ അനേക വർഷങ്ങളായി ഈ വക രോഗങ്ങൾക്ക് അടിമയാണെന്നും മരുന്ന് കഴിക്കുന്നുണ്ടെന്നും താൻ തന്നെ പറയുമ്പോൾ കേട്ടിരിക്കുകയെ നിവൃത്തിയുള്ളൂ. നമ്മുടെ നാട്ടിലും ചില സഭാശുശ്രൂഷകന്മാരും ഭാര്യമാരും ഈ രോഗത്തിന് അടിമയാണെന്ന സത്യവും വിസ്മരിച്ചു കൂടാ. അമേരിക്കയിൽ പ്രായപൂർത്തിയെത്തിയവരിൽ നാല്പതു ശതമാനത്തിനു മുകളിൽ പേരും ഈ ഇരട്ട സഹോദരങ്ങളായ രോഗങ്ങളിലൊന്നിനോ രണ്ടിനുമോ അടിമകളാണെന്ന് ഔദ്യോഗിക രേഖകൾ വെളിപ്പെടുത്തുമ്പോൾ ഇവയുടെ സ്വാധീനം എത്ര കണ്ടുണ്ടെന്നു വ്യക്തമാണല്ലോ. പാപത്തെ വെള്ളം പോലെ വലിച്ചു കുടിയ്ക്കുന്ന, ദൈവത്തിൽ നിന്ന് അകന്നു പോയ ഒരു ജനതയ്ക്ക് സംഭവിക്കാവുന്ന ഒരു സ്വാഭാവിക ദുരന്തമായി ഇതിനെ കണ്ടാൽ മതി. അഥവാ, സകല ബുദ്ധിയെയും കവിയുന്ന ദൈവീക സമാധാനം തള്ളിക്കളഞ്ഞു മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വെറിക്കൂത്തുകളുടെയും പിന്നാലെ പോയാലുണ്ടാകുന്ന സ്വാഭാവിക പരിണിത ഫലം മാത്രം. MERIMNYO എന്ന യവന പദത്തിന്റെ ആധി എന്ന മലയാള പദത്തിന് തത്തുല്യമായ പൊതുവിലുള്ള അർത്ഥം കൂടാതെ അതിനു വലിച്ചു കീറുക എന്നോരർത്ഥം കൂടിയുണ്ട്. ചുരുക്കി പറഞ്ഞാൽ വേദപുസ്തകമാണ് ഈ രോഗവാസ്ഥയുടെ യഥാർഥ മുഖം വെളിപ്പെടുത്തുന്നത്. ഇങ്ങനെ, മനുഷ്യന്റെ നിസ്സാഹായതയെ പിശാചു അമ്മാനമാടി രസിക്കുമ്പോൾ മനോബലമില്ലാത്തവർ തകർന്നു പോകുന്നു. മാർക്ക് കുറഞ്ഞു പോയതിനും മാതാപിതാക്കൾ വഴക്ക് പറഞ്ഞതിനുമെല്ലാം കുട്ടികൾ ആത്മഹത്യ ചെയ്തുവെന്ന് വാർത്ത വരുമ്പോൾ ഈ വക മാനസികാസ്വാസ്ത്യങ്ങളെക്കുറിച്ച് നാമോർക്കാറില്ല. ആത്മഹത്യയിലേക്ക് നയിക്കുന്ന മാനസ്സികാവസ്ഥകളെക്കാൾ നമുക്ക് പ്രിയം അതിലേക്കു നയിച്ച നിറം പിടിപ്പിച്ച കാരണങ്ങൾ ആണ്. യെശയ്യ 61:3 "സീയോനിലെ ദുഃഖിതന്മാർക്കു വെണ്ണീറിനു പകരം അലങ്കാരമാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ഡമനസ്സിനു പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയച്ചിരിക്കുന്നു" എന്ന വാക്യമൊക്കെ വായിച്ചു തള്ളുമ്പോൾ ദൈവവചനം തരുന്ന ആർക്കും പകരം വെയ്ക്കാൻ കഴിയാത്ത വിലയേറിയ പരിഹാര മാർഗങ്ങളെ നാം കാണാതെ പോകുന്നു. ദാവീദ്, തന്നെ തകർത്തു അധികാരം പിടിച്ചെടുക്കുമോ എന്ന് ശൗൽ രാജാവ് അമിതമായി ഉൽകണ്ഠപ്പെട്ടിട്ട് അവനെ പീഡിപ്പിക്കാനും കൊല്ലാനും ശ്രമിക്കുമ്പോഴും ദൈവഭക്തനായ ദാവീദ് സങ്കീർത്തനം 42:5-ൽ "എന്റെ ആത്മാവേ, നീ വിഷാദിച്ചു ഉള്ളിൽ ഞരങ്ങുന്നതെന്തു? ദൈവത്തിൽ പ്രത്യാശ വെക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും" എന്ന് പാടി സന്തോഷിക്കുന്നു. സങ്കീർത്തനമെന്നാൽ സഭായോഗത്തിന്റെ ഇടയ്ക്ക് വായിച്ചു തീർക്കാനുള്ള വഴിപാട് മാത്രമല്ല, ജീവിതത്തിലെ പല അവസ്ഥകളിലും ഒരു വഴിക്കാട്ടി കൂടിയാണെന്നോർത്താൽ നന്ന്. പഴയനിയമ പുസ്തകങ്ങളിൽ ഒരു പക്ഷെ ഏറ്റവും കൂടുതൽ പരീക്ഷകളിലൂടെ കടന്നവരിൽ ഒരാളായ ദാവീദ് തന്നെ ഏറ്റവും മാനസിക സമ്മർദ്ദത്തിൽ ആക്കിയ പ്രതികൂലങ്ങളിൽ പോലും തളർന്ന് പോകാതിരുന്നത് ദൈവത്തിലും ദൈവവചനത്തിലും ആശ്രയിച്ചത് കൊണ്ടാണെന്നതിനേക്കാൾ അദ്ദേഹം സിംഹത്തെയും കരടിയെയും കൊന്ന കാര്യം പ്രസംഗിക്കാനാണ് എല്ലാവർക്കും താല്പര്യം. ഫിലിപ്പിയർ 4:6,7-ൽ ഇങ്ങനെ വായിക്കുന്നു. "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും". ഈ വാക്യങ്ങളൊക്കെ വായിച്ച്, അർത്ഥം മനസ്സിലാക്കി അവയിൽ പൂർണ്ണ ആശ്രയം വെച്ചാൽ ഒരു ദുഷ്ടനും നമ്മുടെ മൺകൂടാരത്തോട് മാത്രമല്ല വിചാരങ്ങളെയും തൊടുകില്ല എന്നുറപ്പിക്കാം.1പത്രോസ്5:7 "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകലചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ" എന്ന വാക്യം പത്രോസ് എഴുതിയത് വെറുതെയെല്ല. പിറ്റേന്ന് രാവിലെ തലയറുക്കപ്പെടാൻ സകല സാധ്യതയുമുള്ളപ്പോൾ കാരാഗൃഹത്തിൽ കൂർക്കം വലിച്ചുറങ്ങി പത്രോസിന് അതിനുള്ള പ്രാഗത്ഭ്യം നൽകിയ സമാധാനത്തിന്റെ ആത്മാവിനെ തന്നെയാണ് നാമും സ്വീകരിച്ചത്. യെശയ്യ 41:10-ൽ "ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചു നോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈ കൊണ്ടു ഞാൻ നിന്നെ താങ്ങും" എന്ന് വാഗ്ദത്തം ചെയ്ത ദൈവത്തെ പൂർണമായും ആശ്രയിക്കാം. കഠിന വിഷാദത്തിൽ നിന്നും ഉൽകണ്ഠയിൽ നിന്നും വിടുവിക്കാൻ ദൈവത്തിനു പോലും കഴിയില്ലെന്ന് പിശാചു ഹൃദയങ്ങളോട് വാദിക്കുമ്പോൾ നമുക്ക് സർവ്വശക്തന്റെ മുഖത്തേക്ക് നോക്കാം. "എനിക്ക് കഴിയാത്ത വല്ല കാര്യവുമുണ്ടോ" എന്നോർപ്പിച്ചവനെ ആശ്രയിക്കാം.

## 01 മലയാളം ആരാധന സുവർണ്ണ ജൂബിലി നിറവിൽ...

ഇന്ത്യയ്ക്കു വെളിയിൽ ഏറ്റവും കൂടുതൽ മലയാളി സഭകളുള്ള രാജ്യമായി അമേരിക്ക എത്തി നിൽക്കുകയും ചെയ്യുന്നു.

ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടത്തപ്പെടുന്ന വൈവിധ്യങ്ങളായ പ്രോഗ്രാമുകൾ ഇത്തവണത്തെ സമ്മേളനത്തെ മുൻ സമ്മേളനങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാക്കുന്നു. കുട്ടികൾക്കായി ഒരുക്കപ്പെടുന്ന നാഷണൽ വി. ബി. എസ്സ്. പ്രമുഖ മാധ്യമ പ്രതിനിധികൾ അണിനിരക്കുന്ന മീഡിയാ കൺവൻഷൻ, സംഗീതലോകത്തെ പ്രതിഭകളും, ഗാനരചിയതാക്കളും സമ്മേളിക്കുന്ന ഗോസ്പൽ മ്യൂസിഷൻ കോൺക്ലേവ്, പെന്തെക്കോസ്തു സ്ത്രീശാക്തീകണത്തിന് ഊന്നൽ നൽകുന്ന ലേഡീസ് കൺവൻഷൻ, ശുശ്രൂഷക വൃന്ദം അണിനിരക്കുന്ന പാസ്റ്റേഴ്സ് കൺവേർജ് എന്നിവ ഇത്തവണത്തെ സമ്മേളനത്തിന്റെ സവിശേഷതകളാണ്.

ചുരുങ്ങിയ ചിലവിൽ സമ്മേളനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് കോൺഫറൻസ് സെന്ററിൽ നിന്നും കേവലം 3.4 മൈൽ ദൈർഘ്യത്തിൽ സ്ഥിതിചെയ്യുന്ന ഹോട്ടൽ ബേമോണ്ട് സ്യൂട്ട്സിൽ ഒരു രാത്രിയ്ക്ക് 5.9 ഡോളർ നിരക്കിലും അല്പംകൂടി മെച്ചമായ റൂമുകൾ ഹോട്ടൽ ക്വാളിറ്റി ഇന്നിൽ 69 ഡോളർ നിരക്കിലും ലഭ്യമാക്കിയിട്ടുണ്ട്. സമ്മേളന സ്ഥലമായ ഹോട്ടൽ ഹയാട്ട് റീജിയൺസിൽ ഏറ്റവും മെച്ചമായ താമസ്സ സൗകര്യം ആഗ്രഹിക്കുന്നവർക്ക് ഒരു രാത്രിയ്ക്ക് 99 ഡോളർ നിരക്കിൽ മുറികൾ ലഭ്യമാണ്. പരിമിതമായി മുറികൾ മാത്രമേ ഈ നിരക്കിൽ ലഭിക്കൂ എന്നതിനാൽ മുറികൾ ആവശ്യമുള്ളവർ എത്രയും വേഗം പ്രതിനിധികളുമായി ബന്ധപ്പെടുകയോ www.pcnak.org എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുകയോ ചെയ്യേണ്ടതാണ്. ഓൺലൈൻ രജിസ്റ്റർ ചെയ്യുന്നവർക്ക് ക്രെഡിറ്റ് വഴിയും, പേപാൽ അക്കൗണ്ട് വഴിയും തുക അടക്കുവാനുള്ള സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

എവിടെ നിന്നും ഒരു പകൽദിന യാത്രകൊണ്ട് എത്തിച്ചേരാവുന്ന സമ്മേളന നഗരി, പ്രഗത്ഭരും, പ്രസിദ്ധരുമായ വചനപ്രഘോഷകർ, രണ്ടു സുപ്രധാന യാത്രാ വിമാനങ്ങളായ ഡെൽറ്റാ, അമേരിക്കൻ എയർലൈൻസ് എന്നിവയുടെ പ്രധാന താവളങ്ങൾ, മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ സാമിപ്യം, ശക്തമായ യൗവന നേതൃത്വം എന്നിവയെല്ലാം ഈ സമ്മേളനത്തിന് മാറ്റുകൂട്ടുന്നു. പാസ്റ്റർ ബിനു ജോൺ (നാഷണൽ കൺവീനർ), ബ്രദർ ടോം വർഗീസ് (നാഷണൽ സെക്രട്ടറി), ബ്രദർ റെജി ഏബ്രഹാം (നാഷണൽ ട്രഷറർ), ബ്രദർ ബിജോ തോമസ് (നാഷണൽ യൂത്ത് കോർഡിനേറ്റർ), ബ്രദർ നെബു സ്റ്റീഫൻ (ജനറൽ കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ മുപ്പത്തി മൂന്നാമത് സമ്മേളനത്തിന്റെ വിപുലമായ ക്രമീകരണങ്ങൾ പുരോഗമിച്ചു വരുന്നു.

## ബോധവത്കരണ റാലിയും ബൈബിൾ പ്രഭാഷണവും



വൈ. പി. ഇ. കോട്ടയം സോണൽ നടത്തിയ മദ്യത്തിനും മയക്കുമരുന്നിനും എതിരെ ഉള്ള റാലി വൈ. പി. ഇ. സംസ്ഥാന സെക്രട്ടറി അജി കുളങ്ങര ഫ്ളാഗ് ഓഫ് ചെയ്യുന്നു

മുണ്ടക്കയം: വൈ. പി. ഇ. കോട്ടയം സോണലിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി, മുണ്ടക്കയം എന്നീ ഡിസ്ട്രിക്ടുകൾ കേന്ദ്രീകരിച്ച് മദ്യത്തിനും മയക്കുമരുന്നിനും എതിരായി ബോധവത്ക്കരണ റാലിയും അതോടൊപ്പം സ്കിറ്റുകളും പാറത്തോട്, ചോറ്റി, പുഞ്ചവയൽ, പുലിക്കുന്ന്, മുണ്ടക്കയം എന്നീ സ്ഥലങ്ങളിൽ നടത്തി. ഫെബ്രുവരി 21-ാം തീയതി രാവിലെ 9.30ന് പാറത്തോട് സി. ജി. ഐ. ചർച്ചിൽ മുണ്ടക്കയം ഡിസ്ട്രിക്ട് പാസ്റ്റർ എം. എ. ജോൺ ഉദ്ഘാടനം ചെയ്യുകയും തുടർന്ന് വൈ. പി. ഇ. സംസ്ഥാന സെക്രട്ടറി അജി കുളങ്ങര ഫ്ളാഗ് ഓഫ് നിർവ്വഹിക്കുകയും ചെയ്തു. വിവിധ മീറ്റിംഗുകളിലായി പാസ്റ്റർമാരായ റ്റി. എം. തോമസ്കുട്ടി, ഒ. എം. തങ്കച്ചൻ, പി. കെ. മാത്യു, ഉണ്ണി കൃഷ്ണൻ, സുനിൽ സ്കറിയ, എൻ. റ്റി. ഫിലിപ്പ്, സി. സി. ജോസ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് മുണ്ടക്കയം സി. ജി. ഐ. ടൗൺ ചർച്ചിൽ നടന്ന സമാപന സമ്മേളനത്തിൽ പാസ്റ്റർ അനീഷ് ഏലപ്പാറ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ഈ പരിപാടികൾക്ക് വൈ. പി. ഇ. സോണൽ കോർഡിനേറ്റർ പാസ്റ്റർ ഷാജൻ വർഗീസ്, സെക്രട്ടറി ബിനോ ഏലിയാസ്, സജി കുമ്മട്ടി, പോൾ ജോസഫ് എന്നിവർ നേതൃത്വം വഹിച്ചു.

കല്ലുകടി

## സ്ഥലംമാറ്റം പ്രഹസനമാകുമ്പോൾ

ഇത് പെന്തെക്കോസ്തിലെ സ്ഥലംമാറ്റകാലം. സഭ ആവശ്യപ്പെട്ടും ശുശ്രൂഷകർ സ്വയമേ ആവശ്യപ്പെട്ടും അപേക്ഷകൾ സഭാകേന്ദ്രങ്ങളിൽ എത്തുന്നത് കൗൺസിലുകൾ പരിഗണിക്കുന്ന കാലം. കുമ്പനാട്ടും മുളക്കുഴയും പുനലൂരുമൊക്കെ തങ്ങൾക്ക് ലഭിച്ച സഭ ഏതെന്ന് അറിയുവാൻ നിഷ്കളങ്കർ കയറിയിറങ്ങി ചെരുപ്പുകൾ തേയുന്ന കാലം. മിടുക്കന്മാർ കാശുകൊടുത്തും ഊണു കൊടുത്തും സോപ്പിട്ടും വലിയ സഭകൾ ഉറപ്പിക്കുന്നകാലം. ഇത്തരം മിടുക്കന്മാർ സഭാകേന്ദ്രങ്ങളിൽ ഒന്നും വരാതെ ആത്മീയത പ്രകടിപ്പിക്കുന്ന കാലം. ആരോരുമില്ലാത്ത അശരണർ കൗൺസിലംഗങ്ങളുടെ എല്ലാം പുറകെ നടന്ന് നിങ്ങൾക്ക് സഭയുണ്ടോയെന്ന് തിരക്കി നിരാശരായി നിൽക്കുന്ന കാലം. ഒരു ഗോഡ്ഫാദർ ഇല്ലെങ്കിൽ പെന്തെക്കോസ്തിൽ രക്ഷപ്പെടുവാൻ സാധിക്കുകയില്ലായെന്ന് തിരിച്ചറിയുന്ന കാലം. ഇങ്ങനെ ഈ കാലത്തെക്കുറിച്ച് ഒത്തിരി പറയാനുണ്ട്. സ്ഥലമാറ്റത്തിന്റെ മാനദണ്ഡങ്ങൾ അച്ചടിച്ചും പ്രഖ്യാപിച്ചുമൊക്കെ നേതൃത്വം ശുശ്രൂഷകരെ ഉദ്ബോധിപ്പിക്കാറുണ്ട്. ഇതെല്ലാം ഏട്ടിലെ പശുവായി അവശേഷിക്കുമ്പോൾ കൈയൂക്കുള്ളവൻ കാര്യക്കാരൻ എന്ന മട്ടിൽ യോഗ്യതയില്ലാത്തവരൊക്കെ വലിയ സഭകൾ അടിച്ചെടുത്ത് മിടുക്കന്മാരായി നടക്കുന്നു. പ്രാർത്ഥിക്കുന്നവനും ആത്മീയനുമെല്ലാം കോരനു കുമ്പിളിൽ കഞ്ഞിയെന്നപോലെ വീണ്ടും പഴയ നിലയിലേക്ക് ആയിത്തീരുന്നു. അവരുടെ ന്യായം മറിച്ചുകളഞ്ഞ് അധികാരികൾ കൈക്കൂലി വാങ്ങി അന്യായം പ്രവർത്തിക്കുന്നു. കൊച്ചച്ചനോ അളിയനോ ഉപ്പാപ്പനോ അമ്മാച്ചനോ അളിയന്റെ അളിയനോ ഒക്കെ നേതൃത്വത്തിലില്ലെങ്കിൽ ഇവിടെയൊന്നും നടക്കില്ല. നിഷ്കളങ്കർ സഭാ ഓഫീസ് കയറിയിറങ്ങി ചെരുപ്പു തേയുക മാത്രം ഫലം.

**അടിക്കുറിപ്പ്:** അശരണന്റെ ന്യായം മറിച്ചുകളയുന്ന നേതാവേ നീതിമാനായ ഒരു ഭരണാധികാരി വരുന്നുണ്ട്. ആ ഓർമ്മ ഉണ്ടായാൽ നന്ന്.

**സംവാദം**

# പെന്തെക്കോസ്ത് 'പ്രതികൂട്ടിൽ'?



**ജെയ്സ് പാണ്ടനാട്**

ഇന്നത്തെ പെന്തെകോസ്ത് സമൂഹം കോടതി വ്യവഹാരങ്ങളിൽ വീർപ്പുമുട്ടി കഴിയുകയാണ്. ഒരുകാലത്ത് തങ്ങളുടെ പ്രശ്നങ്ങൾ സ്വയം പരിഹരിച്ച് തീർത്തവർ ഇന്ന് ഏത് നിസാരപ്രശ്നത്തിനും കോടതിയിലും പോലീസ്സ്റ്റേഷനിലും എത്തുകയാണ്. ആദിമകാലങ്ങളിൽ കോടതിയിൽ പോകുന്നവരെ സഭ മുടക്കിയിരുന്നു. എന്നാൽ ഇന്ന് പല കേസുകളിലും സഭാനേതൃത്വമാണ് പ്രതിയും വാദിയും. സഭയിലെ അഭിപ്രായ വ്യത്യാസങ്ങൾ കോടതിയിലേക്ക് വലിച്ചിഴയ്ക്കുന്നതിൽ വിശ്വാസി സമൂഹത്തിന് ആശങ്കയുണ്ട്. സഭയിലെ ചെറിയ തർക്കങ്ങൾപോലും സഭാ നേതൃത്വത്തിന്റെ അറിവോടെ കോടതിയിലെത്തുകയാണ്. സുവിശേഷീകരണത്തിനും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കും ചെലവിടേണ്ട പണം അനാവശ്യമായി കേസ് കളിച്ച് കളയുകയാണ്. ലക്ഷക്കണക്കിന് പണമാണ് ഇതിന്റെ പേരിൽ നഷ്ടമാകുന്നത്. പൊതു ജനമാവ് ധൂർത്തടിച്ചു കൊണ്ട് നടത്തുന്ന ഇത്തരം കോടതി വ്യവഹാരങ്ങളിൽ സഭയുടെ പൊതുവായ സാക്ഷ്യം വികലമാകുകയാണ്.

മിക്കവാറും എല്ലാ മുഖ്യധാരാ സഭകളും കേസുകൾ കോടതിയിൽ എത്തിയ്ക്കുന്നതിൽ മുൻപന്തിയിലാണ്. നേതൃത്വത്തിന്റെ ഒത്താശയോടെയാണ് പലപ്പോഴും വിശ്വാസികൾ കോടതിയിലെത്തുന്നത്. ഒന്നിച്ചിരുന്ന് പ്രാർത്ഥിച്ച് പ്രശ്നങ്ങൾ പരിഹരിച്ചിരുന്ന ഒരു കാലം പെന്തകോസ്തിനുണ്ടായിരുന്നു. എന്നാൽ സഭാ നേതാക്കന്മാർ കോടതി വരാന്തകളിൽ കയറിയിറങ്ങുന്നതും പ്രതികൂട്ടിലും സാക്ഷികൂട്ടിലും കയറി നിലക്കുന്നതും അപഹാസ്യമാണ്. നാലാംകിട രാഷ്ട്രീയക്കാരെപോലെ സഭാ നേതാക്കന്മാർ തരംതാഴുന്നത് തികച്ചും ലജ്ജാകരമാണ്.

പട്ടത്വസഭകളിലെ പള്ളിത്തർക്കം കോടതിയിലും പിന്നീട് തെരുവിലേക്കും വലിച്ചിഴച്ചത് കേരളം കണ്ടതാണ്. സർവ്വപരിത്യാഗികളായ മെത്രാന്മാർ പരസ്യമായി റോഡിൽ ഉപവാസം അനുഷ്ഠിച്ചതും വലിയ വാർത്തയായിരുന്നല്ലോ. മെത്രാൻ ബാവാകക്ഷി തർക്കത്തിന് പതിറ്റാണ്ടുകളുടെ ചരിത്രമാണുള്ളത്. സുപ്രീംകോടതി വരെ കേസുകൾ നിലവിലുണ്ട്. നാളുകളായി നിലനില്ക്കുന്ന പകയും വൈരാഗ്യവും 2002-ൽ മലങ്കര വർഗീസിന്റെ കൊലപാതകത്തിൽ വരെയെത്തി. ശവമടക്കുന്നതിന്റെ പേരിൽ ശ്മശാനങ്ങളിൽ പോലും അടിപിടി നടന്നിട്ടുണ്ട്. പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് പള്ളിത്തർക്കത്തിൽ ഓർത്തഡോക്സ് സഭയുടെ അപ്പീൽ തള്ളികൊണ്ട് ഹൈക്കോടതി നടത്തിയ നിരീക്ഷണം ശ്രദ്ധേയമാണ്.

"സഭാതർക്കത്തിന്റെ ചരിത്രം പരിശോധിച്ചാൽ ദൈവത്തിന്റെ പേരിലുള്ള സ്വത്തിന്റെ കൈവശത്തിനും ആധിപത്യത്തിനും വേണ്ടിയുള്ള പോരാട്ടമാണ് നടക്കുന്നതെന്നു വ്യക്തമായി. കേസുകൾ കാരണം സഭകൾ തമ്മിൽ അകന്നുപോകുകയാണ്. ആരാധന സ്വാതന്ത്ര്യം ഇന്ന് എവിടെയെത്തി നില്ക്കുന്നു? ആത്മീക ലൗകീക കാര്യങ്ങളിൽ ആധിപത്യം സ്ഥാപിക്കാനുള്ള പോരാട്ടമാണ് നടക്കുന്നത്. വിശ്വാസികളെ കൂടുതൽ ധ്രുവീകരിക്കാനേ ഇതുപകരിക്കൂ. അഭിപ്രായ വ്യത്യാസം ആശയ സ്വാതന്ത്ര്യത്തിന്റെ ഭാഗമായി അംഗീകരിച്ചാൽ പോലും ദൈവസന്നിധിയിൽ പരസ്പരം പോരടിക്കുന്നതിനു ന്യായീകരണമില്ല. സ്വത്ത് കൂടുമ്പോൾ പിടിവലി കൂടുമെന്നതാണ് അനുഭവം. കെടുകാര്യസ്ഥതമൂലമാണ് ആരാധനാകാര്യങ്ങളിൽ ഉൾപ്പെടെ കോടതി ഇടപെടൽവേണ്ടിവരുന്നത്. ഇരുകൂട്ടർക്കും വ്യവഹാര ജ്വരം ബാധിച്ചിരിച്ചിരിക്കുകയാണ്. പരസ്പരം പോരടിക്കുന്നത് സഭാവിഭാഗങ്ങൾ ഓർക്കേണ്ട ഒരു കാര്യമാണ്? ആരാധനാ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി എത്ര വലുതായാലും അക്രമമാർഗ്ഗം വെടിഞ്ഞ് സൗഹാർദ്ദവും സാഹോദര്യവും നിലനിർത്താൻ ഭരണഘടനയനുസരിച്ച് ഓരോ പൗരനും ബാധ്യതയുണ്ട്" കോടതി ഉത്തരവിൽ പറഞ്ഞു (മനോരമ ഒക്ടോബർ 11, 2011)

ജനാധിപത്യവിരുദ്ധവും ക്രൈസ്തവവിരുദ്ധവുമായ നടപടികൾ മൂലം കോടതിയെ പ്രകോപിപ്പിക്കുന്നവർ മത, ആരാധനാ സ്വാതന്ത്ര്യം തന്നെ ഇല്ലാതാക്കുമെന്നും കോടതി ഓർമ്മപ്പെടുത്തി. ഒരിക്കൽ ഒരു പെന്തക്കോസ്ത് സഭാ നേതാവിനെ ഹൈക്കോടതി ശാസിക്കുകപോലും ചെയ്തു. 'പാസ്റ്റർ' എന്ന പേര് നിങ്ങൾ വയ്ക്കാൻ പാടില്ല എന്ന് കോടതിയക്ക് പറയേണ്ടി വന്നു. എത്ര ലജ്ജാകരമായ ആക്ഷേപം. "ഉപ്പ് കാരമില്ലാതെ പോയാൽ ഏതൊന്നിനാൽ രസം വരുത്താം? അത് താഴെയിട്ട് ചവിട്ടാനെ ഉപകരിക്കൂ. ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടവരേയും പ്രതിയായവരെയും തെരഞ്ഞെടുപ്പ് സമയങ്ങളിൽ അയോഗ്യരാക്കണം. കേസുകൾ സംബന്ധിച്ച സത്യവാങ്മൂലം ആവശ്യപ്പെടണം.

ആദികാലങ്ങളിൽ സഭാ കോടതികൾ നിലവിലുണ്ടായിരുന്നു. ഇത്തരം ചർച്ച് ട്രൈബൂണുകളാണ് പ്രശ്നങ്ങൾ പരിഹരിച്ചിരുന്നത്. സഭാ തർക്കങ്ങൾ പരിഹരിക്കാൻ ഇത്തരം സംവിധാനം ആവശ്യമാണ്. വ്യവഹാരങ്ങൾക്കായി കോടതിയിൽ പോകുന്നത് ബൈബിൾ അനുവദിക്കുന്നില്ല. ആദിമ കാലങ്ങളിൽ റോമൻ കത്തോലിക്കാ സഭയ്ക്ക് സഭാകോടതികളുണ്ടായിരുന്നു (Ecclesiastical Court). ഇപ്പോൾ മെത്രാന്മാരെ വിസ്തരിക്കുന്നതിനുവേണ്ടി മെട്രോപൊലിറ്റൻ ട്രൈബ്യൂണൽ നിലവിലുണ്ട്. അന്തർദ്ദേശീയ ചർച്ച് ഓഫ് ഗോഡിന് സഭാ കോടതി (കോർട്ട് ഓഫ് ജസ്റ്റീസ്) പണ്ടുണ്ടായിരുന്നു. ജനറൽ ഓവർസീയർമാരെപോലും വിസ്തരിക്കാനുള്ള അധികാരം ഇത്തരം ചർച്ച് ട്രൈബ്യൂണലിന് ഉണ്ടായിരുന്നു. പ്രഥമ ജനറൽ ഓവർസീയറായിരുന്ന ടോം ലിൻസനെ സഭാ കോടതി വിസ്തരിച്ചിട്ടുണ്ട്.

യേശുവിന്റെ കാലത്ത് സന്നിദ്രിംസംഘം കാര്യങ്ങളുടെ തീർപ്പുകല്പിക്കുന്ന മതകോടതിയായിരുന്നു. സഭാ തർക്കത്തെ പരിഹരിക്കുവാൻ വിജാതീയരുടെ മധ്യസ്ഥത സ്വീകരിക്കുന്നതും അവിശ്വാസികളുടെ അടുക്കൽ പോകുന്നതും വചനവിരുദ്ധമാണ്. "ഐഹീക കാര്യങ്ങളെക്കുറിച്ച് വ്യവഹാരം ഉണ്ടെങ്കിൽ വിധിപ്പാൻ സഭ ഗണ്യമാക്കാത്തവരെ ഇരുത്തുന്നുവോ? സഹോദരന്മാർക്കും മദ്ധ്യേ കാര്യം തീർക്കുവാൻ പ്രാപ്തിയുള്ളൊരു ജ്ഞാനിയും നിങ്ങളുടെ ഇടയിൽ ഇല്ലയോ?" അവിശ്വാസികളുടെ ഇടയിൽ വ്യവഹാരം തീർക്കരുതെന്ന് ബൈബിളിൽ പറയുന്നു. (1 കൊരി: 6:1-8). സഭയുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സുതാര്യമായ ആഭ്യന്തരസംഘടനാ സംവിധാനം വേണം. സഭയ്ക്കുള്ളിലെ അച്ചടക്ക നടപടികളെപ്പറ്റി വ്യക്തമായ സൂചന വചനത്തിലുണ്ട് (മത്താ:18:15-22; തീത്തോ: 3:10). ലോകത്തെ വിധിക്കുന്നവരും, ദൂതന്മാരെപോലും വിധിക്കുന്നവരുമായ സഭ കോടതിയിൽ പോകാൻ അനുവാദമില്ല (1 കൊരി: 6:2, 3; ലൂക്കോ: 22:30; വെളി: 3:21). ആർക്കും തിന്മയ്ക്കു പകരം തിന്മ ചെയ്യരുത്. ശുശ്രൂഷകന്മാർക്കെതിരെയുള്ള നടപടികൾ ജാഗ്രതയോടെ നിർവ്വഹിക്കണം (1 തിമൊ: 5:17-22). ദോഷത്തിന് പകരം ദോഷം ചെയ്യാതെ ന്യായമായി വിധിക്കുന്നവന്റെ കൈയിൽ കാര്യം ഭരമേല്പിക്കുക (1 പത്രോ: 3:9)

മോശയുടെ കാലത്ത് പ്രശ്നപരിഹാരത്തിനായി വികേന്ദ്രീകരണ സംവിധാനമുണ്ടായിരുന്നു (പുറ:18: 19-26, ആവർത്തനം: 1:13?18). ഉപദേശപരവും ധാമ്മികപരവുമായ പ്രതിസന്ധികൾ പരിഹരിക്കാൻ അപ്പോസ്തലന്മാരുടെ ഇടയിൽ സംവിധാനം ഉണ്ടായിരുന്നു (അപ്പോ: 15:1-29; 1 കൊരി:5:1-13). ദുർന്നടപ്പുകാരെയും ദുരുപദേശകരെയും വിസ്തരിക്കുകയും അവരുടെമേൽ നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. സഭാചരിത്രത്തിലെ പ്രധാനപ്പെട്ട സുന്നഹദോസുകൾ എല്ലാം തന്നെ സഭയുടെ വേദശാസ്ത്രപരവും അനുഷ്ഠാനപരവും ധാർമ്മികവുമായ പ്രതിസന്ധികളെ പ്രതിരോധിക്കുന്നതിനു വേദികളായിരുന്നു. സഭാപ്രശ്നങ്ങൾ കോടതിയിലും അതിലൂടെ തെരുവിലും എത്തിയ്ക്കുന്നവർ ഓർക്കുക. നിങ്ങൾ നിമിത്തം ദൈവനാമം ദുഷിക്കപ്പെടുകയാണ് (റോമ:2:20-24). കേസിനാസ്പദമായ പല വാർത്തകളും സെക്കുലർ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളും സോഷ്യൽ മീഡിയകളിലും വരാറുണ്ട്. സഭാകേസുകൾ കോടതിയിൽ എത്തിക്കുന്നത് ഒരു തരം ക്രിമിനൽ ആക്ടിവിസം ആണ്. ഇതിനെതിരെ സഭകൾ നിലപാട് വ്യക്തമാക്കണം. അഭിപ്രായങ്ങൾ ഏകീകരിക്കണം. ഏഴ് എഴുപത് വട്ടം ക്ഷമിക്കണമെന്ന് പഠിപ്പിച്ച ക്രിസ്തുവിന്റെ ശിഷ്യന്മാർ കോടതികളെ ആശ്രയിക്കുന്നത് ഉചിതമല്ല. കാര്യങ്ങളെ ദൈവസന്നിധിയിൽ കൊണ്ടുചെല്ലുക.

---

**അനുസ്മരണം**

# പാസ്റ്റർ ജോർജ്ജ് മാത്യു: മാതൃകയോടെ ജീവിച്ച ദൈവഭൃത്യൻ

**ബിനോയ് പി. ജെ., രാജസ്ഥാൻ**

ഈ അനുസ്മരണത്തിന്റെ നല്ല വാചകം ഒരു പ്രശംസയല്ല, മറിച്ച് സാക്ഷ്യമാണ്, സത്യമാണ്. നല്ലവരെന്ന പ്രശംസ മരണശേഷം മിക്ക ആളുകൾക്കും ലഭിക്കാറുണ്ട്. പക്ഷേ ജീവിച്ചിരിക്കെത്തന്നെ പാസ്റ്റർ ജോർജ്ജ് മാത്യു ആ സാക്ഷ്യം പ്രാപിച്ചിരുന്നു. ഭക്തനും, വിശുദ്ധനും, ലജ്ജിപ്പാൻ സംഗതിയില്ലാത്ത സുവിശേഷകനുമെന്ന സാക്ഷ്യത്തിനായി അദ്ദേഹത്തിന് മരണം വരെ കാത്തിരിക്കേണ്ടി വന്നില്ല. ഡെറാഡൂണിലുള്ള ന്യൂ തിയോളജിക്കൽ കോളേജിന്റെ ഗ്രാജുവേഷനിൽ പങ്കെടുക്കുവാൻ പോയ അദ്ദേഹം ഫെബ്രുവരി 27ന് നിത്യത പൂകി.

കോട്ടയം ജില്ലയിൽ കുമരകത്ത് മുപ്പതിൽ വീട്ടിൽ എ. റ്റി. മാത്യുവിന്റെയും മറിയാമ്മയുടെയും മകനായി 1953 ഫെബ്രുവരി ഒമ്പതിന് ജനനം. പത്താംവയസിൽ രക്ഷിക്കപ്പെട്ടു. 12-ാം വയസ് മുതൽ പരസ്യയോഗങ്ങളിൽ പ്രസംഗിക്കുന്നതുൾപ്പെടെ വിവിധ സുവിശേഷീകരണ യത്നങ്ങളുടെ ഭാഗമായി 18-ാം വയസ്സിൽ ഒ. എം. ടീമിൽ ചേർന്ന് നാല് വർഷം പ്രവർത്തിച്ചു. മോസം കപ്പലിൽ വിവിധ രാജ്യങ്ങളിൽ സന്ദർശിച്ച് സുവിശേഷത്തിന്റെ പങ്കാളിയായി. തുടർന്ന് ഇട്ടാർസിയിൽ ഡോ. കുര്യൻ തോമസിന്റെ സെൻട്രൽ ഇന്ത്യാ ബൈബിൾ കോളജിൽ മകളാണ് പാസ്റ്റർ ജോർജ്ജ് മാത്യുവും ഭാര്യ സൂസിയും. വെല്ലുവിളികൾ നിരവധിയായിരുന്നു. സുവിശേഷ വിരോധികളുടെയും വർഗീയ ശക്തികളുടെയും കനത്ത ഭീഷണികളെ വകവെക്കാതെ ദൈവാശ്രയ ബോധത്തോടെ പാസ്റ്റർ ജോർജ്ജ് മാത്യു വേല തികച്ചു. പല തവണ ഉപദ്രവങ്ങൾക്കിരയാകേണ്ടിയിരുന്നു. സുവിശേഷീകരണത്തിന് ശേഷമുള്ള മടക്കയാത്രയിൽ മാരകായുധങ്ങളുമായി പിന്തുടർന്ന അക്രമികളിൽ നിന്ന് ദൈവം അത്ഭുതകരമായി രക്ഷിച്ചപ്പോൾ ഈ ലേഖകനും കൂടെയുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ പല കുടുംബാംഗങ്ങൾ അമേരിക്കയിലുണ്ട് സ്വദേശത്തോ വിദേശത്തോ എന്തും ചെയ്ത് ധനം സമ്പാദിക്കുവാനുള്ള സാധ്യതകളെല്ലാം വേണ്ടെന്ന് വെച്ച് സാധാരണക്കാരുടെയും ആദിവാസികളുടെയുമിടയിൽ ക്രിസ്തുവിന്റെ നിന്ദ വലിയ ധനമെന്ന് അദ്ദേഹം എണ്ണി. മികച്ച ഒരു വാഗ്മിയായിരുന്നില്ല എങ്കിലും ജീവിതം കൊണ്ട് ആത്മാക്കളെ അദ്ദേഹം നേടി. പാസ്റ്റർ ജോർജ്ജ് മാത്യുവിനെ കണ്ടവർ ഒരു മനുഷ്യനെയല്ല, ക്രിസ്തുവിനെയാണ് കണ്ടത്.

ശാന്തനും സൗമ്യനും സ്നേഹസമ്പൂർണ്ണനുമായിരുന്ന പാസ്റ്റർ ജോർജ് മാത്യു സത്യസന്ധതക്ക് വേണ്ടി എന്ത് വിലയും കൊടുക്കാൻ തയാറായിരുന്നു. അദ്ദേഹത്തിന്റെ ജീവിതമാണ് പലർക്കും ക്രിസ്തുവിലേക്ക് വഴികാട്ടിയായത്. മറ്റുള്ളവർ യേശുവിനെ പ്രസംഗിച്ചപ്പോൾ അദ്ദേഹം "യേശുവിനെപ്പോലെ ജീവിച്ചു". ഗ്രാമങ്ങളിലും ആദിവാസി മേഖലകളിലുമുള്ള പ്രാദേശികരായ അനേകം ദൈവദാസന്മാർക്കുണ്ടായിരുന്ന കൈത്താങ്ങാണ് അദ്ദേഹത്തിന്റെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്.

വിശ്വാസികളെ സുവിശേഷകരായി വാർത്തെടുക്കുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന് കീഴടങ്ങിയിരുന്ന് പഠിച്ചവരൊക്കെ ഇന്ന് കർത്താവിനാൽ ഉപയോഗിക്കപ്പെട്ട് കൊണ്ടിരിക്കുന്നു. എന്നെപ്പോലുള്ള അനേകർ ജോലി ചെയ്യുന്ന സുവിശേഷകരായത് അദ്ദേഹത്തിന്റെ പ്രചോദനവും ശിക്ഷണവും മൂലമാണ്.

ഒരിക്കലും കോപിച്ചിട്ടില്ലാത്ത ഒരു മനുഷ്യൻ വേറെയുണ്ടാകില്ല. തെറ്റ് ചെയ്തവരോട് ക്ഷമിക്കുവാനും തന്നെ വേദനിപ്പിച്ചവരെ സ്നേഹിക്കുവാനും അദ്ദേഹം പ്രത്യേകം കൃപ സിദ്ധിച്ചിരുന്നു.

ബാസ്വാഡാ ജില്ലയിൽ അദ്ദേഹത്തിന്റെ നഷ്ടം നികത്താനാവാത്തതാണ്. മിടുക്കന്മാർ അനേകരുണ്ടെങ്കിലും വിശുദ്ധിയിൽ നിന്നും ദൈവകൃപയിൽ നിന്നും അണുവിട വ്യതിചലിക്കാത്ത ഭക്തന്മാർ വെറെയുണ്ടാകില്ല. എത്ര ക്ഷീണിതനായിരുന്നാലും പ്രാർത്ഥനക്ക് മുടക്കം വരുത്താത്ത പ്രാർത്ഥനാ പോരാളിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അന്ത്യശുശ്രൂഷയിൽ പങ്കെടുത്തവരെല്ലാം "എനിക്കും പാസ്റ്റർ ജോർജ്ജ് മാത്യുവിനെ പോലെയാകുവാൻ കഴിഞ്ഞിരുന്നെങ്കിൽ" എന്ന പ്രചോദനമുൾക്കൊണ്ടാണ് മടങ്ങിയത്. അദ്ദേഹത്തിന്റെ ശുശ്രൂഷകളെ മുന്നോട്ട് കൊണ്ട് പോകുക എന്ന ലക്ഷ്യത്തോടെ ബാസ്വാഡയിൽ തുടരുവാനാണ് ഭാര്യ സൂസി ജോർജ്ജിന്റെ തീരുമാനം.

മക്കൾ: റൂഫസ് മാത്യൂസ് (യൂത്ത് പാസ്റ്റർ, ഐ. പി. സി. ഹൂസ്റ്റൺ, അമേരിക്ക), റോബിൻ ജോർജ്ജ് (അമേരിക്ക), റൂബി ജോയൽ (ബെംഗലൂരു, സുവിശേഷവേല).

## ഡോ.കോര സംസാരിക്കുന്നു



1. ഒന്നാം പ്രതി പാസ്റ്റർ കെ. സി. ജോൺ എന്ന് ഒരു പത്രത്തിൽ എഴുതിയിരിക്കുന്നത് കോര വായിച്ചോ? **– സുബിൻ കുമ്പനാട്**

*കുറ്റപത്രം സമർപ്പിച്ചു കഴിഞ്ഞോ*

2. പല പ്രമുഖന്മാരും പ്രഗത്ഭന്മാരും ഐ. പി. സിയുടെ രണ്ട് സമിതികളിലും ഒരേ സമയം ഇരുന്നിട്ടുണ്ട്. ഞാനും ആ സമിതിയിൽ ഇരുന്നിട്ടുണ്ട് എന്ന് ഒരു സഹോദരൻ തന്റെ തന്നെ പത്രത്തിൽ എഴുതിയത് കോര വായിച്ചോ? **– ഫിന്നി, മണക്കാല**

*ഞാൻ എത്ര മഹാനെന്ന് മറ്റുള്ളവരോട് പറയുവാൻ വേറെന്താണ് മാർഗ്ഗമുള്ളത്. അല്പൻ അർദ്ധരാത്രിയിൽ കുട മാത്രമല്ല കൂളിംഗ് ഗ്ലാസ്സും ഇക്കാലത്ത് പിടിക്കാറുണ്ടെന്ന് മനസ്സിലായോ.*

3. പെന്തെക്കോസ്തുകാർ രാഷ്ട്രീയപാർട്ടിയുണ്ടാക്കുന്നുവെന്ന് കേട്ടല്ലോ! ശരിയാണോ കോരേ? **– തോമസുകുട്ടി, റാന്നി**

*പെന്തെക്കോസ്തുകാരെ തൂക്കി വിൽക്കാൻ എളുപ്പമാർഗ്ഗമായല്ലോ.*

4. ചെക്കുതട്ടിപ്പിൽ പാസ്റ്ററും വിസാ തട്ടിപ്പിൽ പ്രവാചകിയും അകത്തായത് കോര അറിഞ്ഞോ? **– മത്തായി തിരുവല്ല**

*എത്ര പഠിച്ചാലും പഠിക്കാത്ത ഒരു കൂട്ടരുണ്ടെങ്കിൽ പെന്തെക്കോസ്തകാരല്ലാതെ വേറെയാരാണുള്ളത്. അതുകൊണ്ടാണല്ലോ എല്ലാവിധ തട്ടിപ്പുകാരും ഇവിടെ അരങ്ങിൽ ഉറഞ്ഞുതുള്ളുന്നത്.*

# പി. വൈ. പി. എ പ്രവർത്തനോദ്ഘാടനം



ന്യൂയോർക്ക്: ഇൻഡ്യ പെന്തക്കോസ്ത് ദൈവ സഭ (ഐ.പി.സി) നോർത്ത് അമേരിക്കൻ ഈസ്റ്റേൺ റീജിയന്റെ യുവജന സംഘടനയായ പി.വൈ.പി.എയുടെ 2015–2017 വർഷത്തെ പ്രവർത്തന ഉദ്ഘാടനം ഫെബ്രുവരി 28–ന് ശനിയാഴ്ച ന്യൂയോർക്ക് ഹികസ് വില്ലിലുള്ള ഇൻഡ്യാ പെന്തക്കോസ്തൽ അസംബ്ലീ ഹാളിൽ നടത്തി. ഐ.പി.സി. ഈസ്റ്റേൺ റീജിയൻ പ്രസിഡന്റ് പാസ്റ്റർ ഇട്ടി ഏബ്രഹാം, പാസ്റ്റർ മാത്യൂ ഫിലിപ്പ് എന്നിവർ പ്രാരംഭ പ്രാർത്ഥനയ്ക്കും റീജിയൻ സെക്രട്ടറി പാസ്റ്റർ കെ.വി. ഏബ്രഹാം സമാപന പ്രാർത്ഥനയ്ക്കും നേതൃത്വം നൽകി. ബ്രദർ സാമുവേൽ തോമസ് സ്വാഗതം ആശംസിച്ചു. സമ്മേളനത്തിൽ അനുഗ്രഹിത ദൈവശാസ്ത്ര പ്രഭാഷകൻ പാസ്റ്റർ ഫെലികസ് (യു.എസ്.എ) മുഖ്യ സന്ദേശം നൽകി. ബ്രദർ മനോജ് ഉമ്മന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ആത്മീയ ആരാധന നയിച്ചു. ഐ.പി.സി. സഭ ശുശ്രൂഷകന്മാരും റീജിയൻ സംഘടനാ ഭാരവാഹികളും സംബന്ധിച്ചു.

ഐ.പി.സി. ഈസ്റ്റേൺ റീജിയൻ പി.വൈ.പി.എ ഭാരവാഹികൾ ബ്രദർ സാമുവേൽ തോമസ് (പ്രസിഡന്റ്), ബ്രദർ റോബിൻ വർഗീസ് (വൈസ് പ്രസിഡന്റ്), ബ്രദർ കോശി ജോൺ (സെക്രട്ടറി), സ്റ്റാൻലി സാമുവേൽ (ജോയിന്റ് സെക്രട്ടറി), ബ്രദർ ഏബ്രഹാം മോനീസ് ജോർജ്ജ് (ട്രഷറാർ), സിസ്റ്റർ ഐറീസ് ജേക്കബ് വി.ബി.എസ് (കോർഡിനേറ്റർ) എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകിയെന്ന് മീഡിയ കോർഡിനേറ്റർ ജോൺസി കുമ്പനാട് അറിയിച്ചു.

# പാസ്റ്റർ ജോർജ്ജ് മാത്യു നിത്യതയിൽ



ഡെറാഡൂൺ: ഫിലദൽഫ്യാ ഫെലോഷിപ്പ് ചർച്ച് ഇൻ ഇന്ത്യയുടെ നാഷണൽ ട്രഷറാറും സഭയുടെ ആരംഭകാല പ്രവർത്തികരിലൊരാളുമായിരുന്ന പാസ്റ്റർ ജോരജ്ജ് മാത്യു നിര്യാതനായി. ഡെറാഡൂണിലെ ന്യൂ തിയോളജിക്കൽ കോളജിന്റെ ഗ്രാജേഷന് പങ്കെടുക്കാനെത്തിയ അദ്ദേഹം ഫെബ്രുവരി 27–ന് ഹൃദയാഘാതത്തെത്തുടർന്നായിരുന്നു മരണം കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

കോട്ടയം ജില്ലയിൽ കുമരകത്ത് മുപ്പതിൽ വീട്ടിൽ എ.റ്റി. മാത്യുവിന്റെയും മറിയാമ്മയുടെയും മകനായി 1953 ഫെബ്രുവരി 9–ന് ജനിച്ചു. 18–ാം വയസ് മുതൽ നാലു വർഷം ഒ.എം.ടീമിൽ പ്രവർത്തിച്ചിട്ടുണ്ട്. വേദപഠന ശേഷം വടക്കേ ഇന്ത്യൻ ദർശനവുമായി ഡോ. തോമസ് മാത്യൂസിനോടൊപ്പം ഉദയപ്പൂരിലെത്തി. 1981–ൽ ബാസ്വാഡയിൽ പ്രവർത്തനമാരംഭിച്ചു. മൂന്ന് സഹോദരിമാരുമായി ആരംഭിച്ച ഏറ്റവും വലിയ വേർപ്പെട്ട കൂട്ടായ്മ അദ്ദേഹം നേതൃത്വം വഹിക്കുന്ന ഫിലദെൽഫ്യാ പെന്തെക്കോസ്ത് സഭയാണ്.

മാർച്ച് 2–ന് ചൊവ്വാഴ്ച ബാസ്വാഡ ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കാരം നടന്നു. സഭാഹാളിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ കെ.ഒ. വർഗീസും, സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് രാജാസ്ഥാൻ പെന്തെക്കോസ്ത് സഭയുടെ സീനിയർ പാസ്റ്റർ ഡോ. പോൾ മാത്യു നേതൃത്വം നല്കി. ഡോ.ഫിന്നി ഫിലിപ്പ്, പാസ്റ്റർ ജോയ് പുന്നൂസ്, പാസ്റ്റർ കെ.വി.ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. സാമൂഹ്യ–രാഷ്ട്രീയ–സാംസ്കാരിക രംഗത്തെ പ്രമുഖർ അനുശോചനമറിയിച്ചു.

ഭാര്യ: കുമളി പറത്താനത്ത് സൂസി

മക്കൾ: രൂഫസ് മാത്യൂസ് (യൂത്ത് പാസ്റ്റർ, ഹ്യൂസ്റ്റൺ ഐപിസി, അമേരിക്ക), റോബിൻ ജോർജ്ജ് (അമേരിക്ക), റൂബി ജോയൽ (ബംഗലൂരു).

# ഐ.പി.സി. ഫാമിലി കോൺഫറൻസ് പ്രമോഷണൽ മീറ്റിംഗ്

ന്യൂയോർക്ക്: നോർത്ത് അമേരിക്കൻ ഐ.പി.സി. ഫാമിലി കോൺഫറൻസിന്റെ പ്രമോഷണൽ മീറ്റിംഗ് മാർച്ച് 28–ന് ശനിയാഴ്ച 4.30–നു ന്യൂയോർക്ക് ഹോളിസിലുള്ള ഇൻഡ്യാ ക്രിസ്ത്യൻ അസംബ്ലീ ഹാളിൽ (88 – 40, 192nd street, Hollis, NY 11423) നടക്കും. ഐ.പി.സി ഈസ്റ്റേൺ റീജിയൻ ഭാരവാഹികളും, വിവിധ പട്ടണങ്ങളിൽ നിന്നുള്ള നാഷണൽ ഭാരവാഹികളും ലോക്കൽ പ്രതിനിധികളും സഭാ ശുശ്രൂഷകരും വിശ്വാസികളും സമ്മേളനത്തിൽ പങ്കെടുക്കും. ഏപ്രിൽ 4–ന് ന്യൂജേഴ്സിയിലും പ്രമോഷണൽ മീറ്റിംഗ് ക്രമീകരിച്ചിട്ടുണ്ട്.

വിശദവിവരങ്ങൾക്ക്: www.ipcfamilyconference.org

# തീം സോങ് ക്ഷണിക്കുന്നു

ഡാളസ്: ഐ.പി.സി. 13–ാം മത് കോൺഫ്രറൻസിലേക്ക് തീം സോങ് ക്ഷണിക്കുന്നു. വിശ്വാസികളുടെ ആത്മീയ പരിപോഷണവും കൂട്ടായ്മയും നവീകരണവും ലക്ഷ്യമാക്കിയുള്ള ഈ കോൺഫ്രറൻസിന്റെ ചിന്താവിഷയം “മരണപര്യന്തം വിശ്വസ്തനായിരിക്കുക” (വെളിപ്പാട് 2:10) എന്നതാകുന്നു തീം സോങും ചിന്താവിഷയത്തെ ആസ്പദമാക്കി രചിച്ച് ഈണം പകർന്ന് സീഡിയിലാണ് അയക്കേണ്ടത്. അമേരിക്കയിലും വിദേശത്തുമുള്ള ക്രൈസ്തവ വിശ്വാസികൾക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്.

വിദഗ്ദ സമിതി വിലയിരുത്തി തെരഞ്ഞെടുക്കുന്ന ഏറ്റവും നല്ല ഗാനത്തിന് സമ്മാനം നല്കി ആദരിക്കും.തീം സോങ് ഏപ്രിൽ 25–ന് മുമ്പ് അയയ്ക്കുക, അതിന് ശേഷം അയയ്ക്കുന്നത് സ്വീകരിക്കുന്നതല്ല.

തീം സോങ് അയയ്ക്കേണ്ട വിലാസം: Pr. Alex Vettickal, P.O. Box. 851381, YURON Ok. 73085. വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക: പാസ്റ്റർ അലക്സ് വെട്ടിക്കൽ (കൺവീനർ) 405 596 0681, ബ്രദർ ജോയ് തുമ്പമൺ (നാഷണൽ സെക്രട്ടറി) 832 971 3761, ബ്രദർ ശാമുവേൽ യോഹന്നാൻ (നാഷണൽ ട്രഷറാർ) 845 893 5118

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് ഏകദിന സുവിശേഷീകരണ പ്രോഗ്രാം



ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡിന്റെ സുവിശേഷീകരണ പ്രവർത്തനം ഫെബ്രുവരി മാസം 19–ാം തീയതി കാസർഗോഡ് ജില്ലയിൽ ഓടയംചാൽ, ചുള്ളിക്കര, പൂടംകല്ല്, രാജപുരം, കള്ളാർ, മേലെകള്ളാർ, മാലക്കല്ല്, കോളിച്ചാൽ എന്നീ പട്ടണങ്ങളിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലുമായി പരസ്യയോഗങ്ങൾ നടത്തി. വൈകിട്ട് ചട്ടംച്ചാൽ സഭയിൽ വച്ച് പൊതു മീറ്റിംഗ് നടത്തി. ഡയറക്ടർ പാസ്റ്റർ റ്റി. എം. മാമച്ചൻ, സെക്രട്ടറി പാസ്റ്റർ സജി ജോർജ്ജ്, പാസ്റ്റർ സജി ഏബ്രഹാം, പാസ്റ്റർ ബിനു ചെറിയാൻ കാസർഗോഡ് ഡിസ്ട്രിക്ട് പാസ്റ്റർ കെ. ജി. രാജു എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. കാസർഗോഡ് ജില്ലയിലെ ദൈവദാസന്മാർ എല്ലാവരും സംബന്ധിച്ചു.

PHILADELPHIA PENTECOSTAL CHURCH OF DALLAS (IPC)

2915 Broadway Blvd., Garland TX 75041

PASTOR NEEDED

Philadelphia Pentecostal Church of Dallas is seeking a fulltime Pastor with the following credentials:

**Qualifications:**

- At least 5 years of Pastoral experience in the U.S.
- Bachelor's Degree in Theology
- At least 35 years of age and be married
- Fluent in both English and Malayalam
- US Citizen or US Permanent Resident

For more information including the benefits, please visit ppcdchurch.org or contact any one of the following Pastor selection board members.

E-mail resume to: ppcdpastorselection@gmail.com

Joe Mathews (214) 498-9055 or
Reji Koshy (214) 517-8037

## വേദ പഠനം

# ലോകത്തെ ചലിപ്പിക്കുന്ന പ്രാർത്ഥനാ ശക്തി
# (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

**ആർക്കുവേണ്ടി പ്രാർത്ഥിക്കണം?**

1. ശത്രുക്കൾക്കുവേണ്ടി ഉപദ്രവിക്കുന്നവർക്കുവേണ്ടി മത്താ. 5:44
2. സുവിശേഷ വേലക്കാർക്കുവേണ്ടി, എഫെ. 6:19-20
3. കഷ്ടം സഹിക്കുന്നവർക്കു, തടവുകാർ, രോഗികൾ എബ്രാ. 13:3
4. രാജാക്കന്മാർ, 1 തിമൊ. 2:2
5. സകലമനുഷ്യർക്കുവേണ്ടിയും 1 തിമൊ. 2:1
6. ഭൂമിയിലുള്ള സകല വിശുദ്ധന്മാർക്കുവേണ്ടി എഫെ. 1:28
7. സ്വന്തകുടുംബത്തിനുവേണ്ടി, ഇയ്യോ. 1:5.

**എപ്രകാരമാണ് പ്രാർത്ഥിക്കേണ്ടത്?**

1. ശുദ്ധീകരണത്തോടെ, 2ദിന 7:14, യാക്കോ. 5:16
2. വിശ്വാസത്തോടെ, മർക്കൊ. 11:24
3. പൂർണ്ണഹൃദയത്തോടെ, യിരെ. 29:13
4. ഐക്യമത്യപ്പെട്ട്, മത്താ. 18:19, പ്രവ. 4: 24
5. ശ്രദ്ധയോടെ, പ്രവ. 12:5
6. വിശുദ്ധ കൈകൾ ഉയർത്തി, 1 തിമൊ. 2:8
7. ഉപവാസത്തോടെ, എസ്ഥേ. 4:16
8. ദൈവകല്പന പ്രമാണിച്ചു കൊണ്ട്, 1 യോഹ.3:22-23
9. രഹസ്യത്തിൽ മത്താ. 6:6
10. കർത്താവിന്റെ നാമത്തിൽ യോഹ. 14:13
11. ആത്മാവിൽ നിറഞ്ഞ് പ്രാർത്ഥിക്കണം, എഫെ. 5:18

**എപ്പോഴൊക്കെ പ്രാർത്ഥിക്കണം**

1. ഇടവിടാതെ പ്രാർത്ഥിക്കണം 1 തെസ്സ. 5:17, ലൂക്കോ. 18:1
2. അതിരാവിലെ മർക്കൊ. 1:35, സങ്കീ. 5:3
3. വൈകുന്നേരത്തും കാലത്തും ഉച്ചയ്ക്കും, സങ്കീ. 55:17
4. ദിവസവും, സങ്കീ. 86:3
5. ഉദയത്തിനുമുമ്പ്, സങ്കീ. 119:47
6. രാത്രി മുഴുവനും, ലൂക്കോ. 6:12
7. അർദ്ധരാത്രിയിൽ, പ്രവ. 16:25
8. പകലും രാത്രിയും, സങ്കീ. 88:1

**എന്തിനെല്ലാം വേണ്ടി പ്രാർത്ഥിക്കണം**

1. ആത്മീകമായി വളരുവാൻ, സങ്കീ. 25:4
2. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ, ലൂക്കോ. 22:40, 45'
3. വിശുദ്ധജീവിതം നയിക്കാൻ, മത്താ. 15:11
4. ദുഷ്ടമനുഷ്യരിൽ നിന്നും വിടുവിക്കപ്പെടുവാൻ 2 തെസ്സ. 3:2
5. ജ്ഞാനം ലഭിപ്പാൻ, യാക്കോ. 1:5
6. അനർത്ഥം വ്യസനകാരണമാകാതിരിപ്പാൻ, 1 ദിന. 4:10
7. ആഗോള ഉണർവ്വിനായി, സെഖ. 10:1
8. രക്ഷയിലേക്കു നയിക്കുവാൻ
9. രോഗികൾക്കായി, യാക്കോ. 5: 14-16
10. വിശുദ്ധന്മാർക്കായി, എഫെ. 6:18
11. കൊയ്ത്തിനു വേലക്കാരെ അയ്ക്കാൻ ,ലൂക്കോ. 10:2
12. സഭ ദൈവത്തിന്റെ നിറവോളം നിറഞ്ഞുവരാൻ, എഫെ. 3:18-19
13. സംഭവിപ്പാനുള്ള എല്ലാറ്റിൽ നിന്നും ഒഴിഞ്ഞുമാറാൻ, ലൂക്കോ. 21:34,36
14. സകല അധികാരസ്ഥന്മാർക്കുംവേണ്ടി, 1 തിമോ. 2:2

**എവിടെയൊക്കെ പ്രാർത്ഥിക്കാം**

1. എല്ലായിടത്തും, 1 തിമോ. 2:8
2. അറയിൽ, മത്താ. 6:6
3. ദൈവാലയത്തിൽ, ലൂക്കോ. 18:10

ദൈവത്തിന്റെ സന്നിധിയിൽ മുട്ടുമടക്കുന്നവൻ മനുഷ്യരുടെ മുന്നിൽ മുട്ട് മടക്കേണ്ടി വരില്ല (Those who kneel down in the presence of God will not kneel down before man).

ക്രിസ്തീയ പ്രാർത്ഥന എന്നത് സ്തുതി, നന്ദികരേറ്റൽ, ഏറ്റു പറച്ചിൽ, ക്ഷമാപണം, അനുഗ്രഹത്തിനായുള്ള അപേക്ഷ എന്നിവയാണ്, ശബ്ദം ഉയർത്തിയോ ശബ്ദം ഉയർത്താതെയോ പ്രാർത്ഥിക്കാം. നിന്നുകൊണ്ടോ ഇരുന്നു കൊണ്ടോ, കിടന്നുകൊണ്ടോ പ്രാർത്ഥിക്കാം. ഏതു സ്ഥാനങ്ങളിൽ വെച്ചും പ്രാർത്ഥിക്കുന്നതു കേൾക്കുമ്പോൾ കർത്താവിനു തടസ്സമില്ല. അവന്റെ ചെവി ഒരിക്കലും മന്ദമായിട്ടില്ല. പക്ഷെ പ്രാർത്ഥന ഹൃദയത്തിൽ നിന്നും ഉതിർന്നുവരണം. ബൈബിൾ പറയുന്നു, നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നുവെന്നു യാക്കോബ് 5-ന്റെ 16ൽ വായിക്കുന്നു.

വിശുദ്ധ ബൈബിളിലെ ഏറ്റവും വലിയ പ്രാർത്ഥന ദാവീദിന്റെ മകനായ ശലോമോന്റെ പ്രാർത്ഥനയാണ്, 1 രാജാ. 8:23-53, ഏറ്റവും ചെറിയ പ്രാർത്ഥന പത്രോസിന്റെ പ്രാർത്ഥനയാണ്, മത്താ. 14:30. നാം പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥനയിൽ ഉൾപ്പെടുത്തേണ്ടതിതാണ്.

ആരാധന, യെശ. 6:1-3, ദാനി: 9: 3-4

ഏറ്റുപറച്ചിൽ, സങ്കീ. 32, എബ്രാ. 4:16, 1 യോഹ: 1:8-9

നന്ദികരേറ്റുക, ഫിലി. 4:6, എബ്രാ. 13:15

- തുടർച്ച-

ക്ഷമാപണം, മത്താ. 6:12-15, 23:24

വിശ്വാസം, യാക്കോ. 1:5-8

അപേക്ഷ, മത്താ: 7:7-8

സമർപ്പണം, മത്താ. 26:42

ഐക്യം, അപ്പൊ.പ്രവ. 2:41-47

ക്രിസ്തീയ പ്രാർത്ഥന പ്രധാനമായും നാലുതരത്തിലാണ്.

1. **അനർഗ്ഗള പ്രാർത്ഥന** - ഒരിക്കലും നിവർത്തിയില്ലാത്ത പ്രാർത്ഥനയാണിത്.
2. **രഹസ്യ പ്രാർത്ഥന** - ഏറ്റവും ദൈർഘ്യമുള്ളതാണ്.
3. **കുടുംബപ്രാർത്ഥന** - വളരെ ബുദ്ധിയുള്ള പ്രാർത്ഥന
4. **പരസ്യപ്രാർത്ഥന** - ഏറ്റവും ഹ്രസ്വവും മധുരമായതുമാണിത്.

ചിലരുടെ പ്രാർത്ഥന ഉപരിവിപ്ലവമായ പ്രാർത്ഥനയും മറ്റുചിലർ ബഹളം വെച്ചു പ്രാർത്ഥിക്കുകയും ചെയ്യാറുണ്ട്, എന്നാൽ സ്വാർത്ഥതയോ നിഗളമോ ഇല്ലാതെ സത്യസന്ധമായി പ്രാർത്ഥിക്കുമ്പോൾ ദൈവം കേൾക്കുകയും മറുപടി നൽകി മാനിക്കുകയും ചെയ്യും. നാം ചിന്തിച്ചിട്ടുണ്ടോ എന്തുകൊണ്ട് ദൈവത്തോട് പ്രാർത്ഥിക്കണം എന്നുള്ളത്, അതിനു പല കാരണങ്ങളുണ്ട്

1. ദൈവത്തിൽ നിന്നും കാര്യങ്ങൾ ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിക്കണം, മത്താ. 6:9-13, 7:7, ലൂക്കോ. 11:13
2. ആകുലചിന്തകൾ അകറ്റുവാൻ, ഫിലി. 4:6, സങ്കീ. 34:6
3. ദൈവവുമായി ഏറ്റം അടുത്തു വസിക്കുന്നതിനും കൂട്ടായ്മ അനുഭവിപ്പാനും പ്രാർത്ഥന ആവശ്യമാണ്.

(തുടരും..)

## കവിത

ജോർജ്ജ് കോശി, ടൊറാന്റോ

# നിദ്ര വിട്ടുണരൂ

ഉണരൂ നിദ്ര വിട്ടിട്ടുണരൂ കൃതരുടെ-
യിടയിൽ നിന്നുത്ഥാനം ചെയ്ക നീയിന്നിക്ഷണം
ഉയരത്തിൽ നിന്നാർദ്ര ദയയാൽ പരൻ നമു-
ക്കുദയം അയച്ചില്ലേ; ഇനിയും ഉറങ്ങയോ?

മരുവിൽ, ചൂരച്ചെടിത്തണലിൽ, നിരാശ തൻ
നിഴലിൽ മരണം കാത്തിനി നീ ഉറങ്ങുമ്പോൾ
അകലെ, കർമ്മേലിന്റെ മുകളിൽ നീ കാട്ടിയൊ-
രധി ധീരത അതിന്നൊരു സ്വപ്നമാകുന്നോ!

പുറമെ കൊടുങ്കാറ്റിലലറും, തിരമാല
അകമെ ഭയാക്രാന്തർ മർത്തരിന്നലമുറ
സസുഖം അടിത്തട്ടിലുറങ്ങുന്നിതു നീയും;
ഇനിയങ്ങുണരുമ്പോൾ ഗതിയെന്തെ, ജോട്ടാണോ?

അരി നിന്നരികിലെന്നറിയാതിവിടെ നീ
പതിവായ് ദലീല തൻ മടിയിലുറങ്ങുമ്പോൾ
അറിയുന്നില്ലെന്നോ നിൻ ശക്തിയും പ്രതിഷ്ഠയും
അചിരേണ നിന്നിൽ നിന്നകലുന്നതുപോലും!

ധരിക്ക നിൻ ശക്തി നീ, പുതുക്കൂ പ്രതിഷ്ഠയും
മരിക്കാൻ പാടില്ല നീ ഫെലിസ്ത്യ കരങ്ങളാൽ
നിനക്കായ് ലേഹി തന്നിൽ പിളന്നൊരുറവായി-
ന്നൊരിക്കൽ കൂടി വീണ്ടും ലഭിക്കാൻ യാചിക്ക നീ

'ആര് ഞാൻ, എന്താണ് ഞാൻ, എന്തിനായെന്നെയിവി-
ടാക്കി' യെന്നറിഞ്ഞീടിൽ ആയതല്ലയോ ജ്ഞാനം!
വാനവൻ സ്നേഹം, ദയ, ദിവ്യശക്തിയെല്ലാം നാം
വാനോളം പുകഴ്ത്തീടിൽ ആയതല്ലയോ ധന്യം!

ഉണരാം നിദ്ര വിട്ടിട്ടുണരാം പുതിയൊരു
പുലരി നമുക്കായിങ്ങാഗതമാകുന്നിതാ!

# ഐ. പി. സി. മലബാർ മേഖലാ ശുശ്രൂഷക സമ്മേളനം സമാപിച്ചു



നിലമ്പൂർ: ഐ. പി. സി. മലബാർ മേഖലാ ശുശ്രൂഷക സമ്മേളനത്തിന് സമാപ്തിയായി. പാലുണ്ട ന്യൂഹോപ്പ് ബൈബിൾ കോളജ് ഗ്രൗണ്ടിൽ 2015 മാർച്ച് 6,7 തീയതികളിൽ നടന്ന മലബാർ മേഖലാ സെക്രട്ടറി പാസ്റ്റർ സാം ദാനിയേൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ രക്ഷാധികാരി പാസ്റ്റർ വി. ജെ. ജോർജ്ജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സാം ജോർജ്ജ് മുഖ്യപ്രഭാഷണം നടത്തി. പാസ്റ്റർമാരായ സ്റ്റാൻലി ദാനിയേൽ, നോബിൾ ജോൺ, ജോസ് വറുഗീസ്, സണ്ണി ജോർജ്ജ്, മാത്യു തോമസ് എന്നിവർ പ്രസംഗിച്ചു.

മേഖലാ പ്രസിഡന്റ് പാസ്റ്റർ ജോൺ ജോർജ് അദ്ധ്യക്ഷത വഹിച്ച രണ്ടാം ദിവസത്തിൽ ഐ. പി. സി. മുൻ ജനറൽ സെക്രട്ടറി പാസ്റ്റർ വൽസൻ എബ്രഹാം മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നടന്ന ഗ്രൂപ്പ് ചർച്ചകൾക്ക് സെന്റർ പാസ്റ്റർമാരായ എം. വി. മത്തായി, കെ. ഐ. വറുഗീസ്, ജിജി തേക്കേടത്ത്, മോനി ചെന്നിത്തല, സന്തോഷ് മാത്യു, എം. കെ. ജോയി, ഫിജി ഫിലിപ്പ്, ജിമ്മി കുര്യാക്കോസ്, തോമസ് തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

ബൈബിൾ ക്ലാസ്സ്, പൊതുയോഗം, സിമ്പോസിയം എന്നിവ നടന്നു. തിരുവത്താഴ ശുശ്രൂഷകൾക്ക് പാസ്റ്റർ കെ. സി. ഉമ്മൻ നേതൃത്വം നൽകി. കൗൺസിൽ അംഗങ്ങളായ സജി മത്തായി കാതേട്, വി. എസ്. ചാക്കോ, ജെയിംസ് വർക്കി, ജോർജ് തോമസ്, പാസ്റ്റർ ബഞ്ചമിൻ ദാനിയേൽ എന്നിവർ ആശംസകൾ നേർന്നു. പാസ്റ്റർമാരായ ബിജോയ് കുര്യാക്കോസ്, ബാബു മഞ്ചേരി, സജി നെടുങ്കണ്ടം, ജോൺ മമ്മരപ്പള്ളി, ജോർജ് തോമസ്, സാം കൊണ്ടാഴി എന്നിവർ നേതൃത്വം നൽകി.

# സുവിശേഷവിരോധികൾ മർദ്ദിച്ചു

ചെമ്പകമംഗലം, ആറ്റിങ്ങൽ: ഐ. പി. സി. ചിറയിൻകീഴ് സെന്ററിലെ താബോർ ചെമ്പകമംഗലം സഭാ ശുശ്രൂഷകൻ പാസ്റ്റർ മാമ്മൻ ചാക്കോയെ മാർച്ച് 14-ാം തീയതി ശനിയാഴ്ച വൈകുന്നേരം ഒരു പറ്റം സുവിശേഷവിരോധികൾ ആക്രമിച്ചു. താൻ ശുശ്രൂഷിക്കുന്ന സഭയുടെ കോമ്പൗണ്ടിനു സമീപത്ത് വച്ചാണ് ആക്രമണത്തിനു ഇരയായത്. മതപരിവർത്തനം നടത്തുന്നുവെന്ന് ആരോപിച്ചാണ് ആക്രമിച്ചത്. കഴിഞ്ഞ 7 വർഷത്തോളം സഭയുടെ ശുശ്രൂഷകനായി പ്രവർത്തിച്ചുവരികയാണ് ഇദ്ദേഹം. പലതവണ സുവിശേഷവിരോധികളിൽ നിന്നും ഭീഷണി ഉണ്ടായിട്ടുണ്ടെങ്കിലും ഇത്തരത്തിലുള്ള ആക്രമണം ആദ്യമായിട്ടാണ് പോലീസിന് പരാതി നൽകിയെങ്കിലും നിരുത്സാഹപരമായി ഒരു നടപടിയാണ് സ്വീകരിച്ചത്. എന്നാൽ സ്ഥലം എം. എൽ. എയുടെയും രാഷ്ട്രീയ നേതാക്കളുടെയും ഇടപെടൽമൂലം പോലീസ് എഫ്. ഐ. ആർ രജിസ്റ്റർ ചെയ്യുവാൻ ഇടയായി. തലക്ക് സാരമായി പരിക്കേറ്റ കർത്തൃദാസൻ ഉടനെ തന്നെ ചികിത്സ തേടി. എന്നാലും അടിയേറ്റ ഭാഗത്ത് വേദനയാൽ ഭാരപ്പെടുന്നു.

ഏകദേശം 18 വർഷത്തോളം പഴക്കമുള്ള പ്രവർത്തനമാണ് ചെമ്പകമംഗലത്തെ ഐ. പി. സി. യുടെ പ്രവർത്തനം ആരംഭകാലം മുതൽ എതിർപ്പുകൾ ശക്തമായി ഉണ്ടായി. ഇവിടെ ഐ. പി. സിക്ക് സ്വന്തമായി ആരാധാനലയവും പാഴ്സനേജും ഉണ്ട്. ഹൈന്ദവരും മുസ്ലീം മതക്കാരും തിങ്ങിനിറഞ്ഞ ഈ പ്രദേശത്തെ ദൈവസഭയുടെ പ്രവർത്തനത്തെയും ദൈവദാസനെയും ഓർത്തു ജനം പ്രാർത്ഥിക്കണം.

സഭാശുശ്രൂഷകൻ പാസ്റ്റർ മാമ്മൻ ചാക്കോ ചെങ്ങന്നൂർ സ്വദേശിയാണ്. എന്നാൽ ദൈവത്തിന്റെ ഹിതപ്രകാരം കഴിഞ്ഞ 25 വർഷമായി തിരുവനന്തപുരത്ത് വിവിധ ഇടങ്ങളിൽ സഭകൾ സ്ഥാപിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. അന്നമ്മ മാമ്മനാണ് ഭാര്യ. രണ്ട് മക്കൾ ഉണ്ട്. മൂത്ത മകൻ മോൻസി വേദപഠനാന്തരം കർത്തൃശുശ്രൂഷയിൽ ആയിരിക്കുന്നു. ഇളയമകൻ വിൻസി.

## നിത്യതയിൽ



അന്നമ്മ (74)

**മാള:** ഐ.പി.സി. സഭാംഗം പി.കെ. വർഗീസിന്റെ ഭാര്യ അന്നമ്മ (74) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാരം നടത്തി. പാസ്റ്റർ ടി.പി. പൗലോസ്, പാസ്റ്റർ ജോൺ. ടി. മാത്യു, പാസ്റ്റർ പി.ഡി.ജേക്കബ്, പാസ്റ്റർ ഏബ്രഹാ തോമസ്, പാസ്റ്റർ കെ.എം. പീറ്റർ, പാസ്റ്റർ പി.എ. എബ്രഹാം സന്ദേശം നല്കി. സെമിത്തേരി ശുശ്രൂഷകൾക്ക് പാസ്റ്റർമാരായ എം.കെ.ജോയി, പി.സി. ജോസഫ് എന്നിവർ നേതൃത്വം നല്കി.



മാത്യൂ ടി. സാമുവേൽ (85)

**ന്യൂയോർക്ക്:** ന്യൂയോർക്ക് ഇൻഡ്യ പെന്തെക്കോസ്തൽ അസംബ്ലീ സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ഫിന്നി സാമുവേലിന്റെ പിതാവ് റാന്നി കാരംവേലിൽ കുടുംബാഗം മാത്യൂ ടി. സാമുവേൽ (85) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം ആൾ സെയ്ന്റ്സ് സെമിത്തേരിയിൽ നടത്തി.

ഭാര്യ: റെയ്ച്ചൽ, മക്കൾ: എബി, ജെസ്സി, മരുമക്കൾ: ജാസ്മിൻ, ലിസ്സി, തമ്പി

## യു. പി. എഫ്. പ്രവർത്തനോദ്ഘാടനം




വൈപ്പിൻ: യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ പ്രവർത്തനോദ്ഘാടനം മാർച്ച് 1ന് എളുങ്കുന്നപ്പുഴ ന്യൂ ഇന്ത്യ സഭാഹാളിൽ പ്രസിഡന്റ് പാസ്റ്റർ മത്തായി ഹാബേൽ നിർവ്വഹിച്ചു.

വൈസ് പ്രസിഡന്റ് പാസ്റ്റർ ഷെൽബൻ ഫ്രാൻസിസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ പാസ്റ്റർ ഷാജി വിരുപ്പിൽ സ്വാഗതം പറഞ്ഞു. പാസ്റ്റർ ജോൺ ശമുവേൽ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ലൂവീസ് കെ. ഡി. പ്രവർത്തങ്ങൾ വിവരിച്ചു. സാബു ടി. എസ്. നന്ദി പറഞ്ഞു. ഇയർ പ്ലാൻ പ്രകാശനം എച്ച്. എം. ഐ. കോർഡിനേറ്റർ ഇവാ. സൈമൺ സി. പി. ഡബ്ല്യൂ. സി. പി. എ. പ്രസിഡന്റ് പാസ്റ്റർ ഡക്ലസിന് നൽകി നിർവ്വഹിച്ചു.

പാസ്റ്റർമാരായ സജി മാത്യു, റോബിൻ ഏബ്രഹാം, രൂബൽ പി. ജെ., സെൻ കോശി, ഏബ്രഹാം, ഈശോസാർ, അനിൽ കെ. പി., ആപ്റ്റോ സി. പി., ടോമി പി. എസ്, സാംകുട്ടി ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

## ഗുഡ്ന്യൂസ് കൺവൻഷൻ



കീഴില്ലം: പെനിയേൽ ബൈബിൾ സെമിനാരിയുടെ ആഭിമുഖ്യത്തിൽ ഗുഡ്ന്യൂസ് കൺവെൻഷൻ നടത്തി. ഐ. പി. സി. സീനിയർ പാസ്റ്റർ കെ.സി മാത്യൂസ് സമർപ്പണപ്രാർത്ഥന നടത്തി. പാസ്റ്റർമാരായ ബി. മോനച്ചൻ, തോമസ് ഫിലിപ്പ്, ഡോ. സി. പി. വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു. പെനിയേൽ വോയിസ് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സെമിനാരി അദ്ധ്യാപകരായ ആൽവിൻ വർഗീസ്, ജോമോൻ, പോൾസൺ, സാബു കാതേട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

## വി. ബി. എസ് 2015

പത്തനംതിട്ട: ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ പത്തനംതിട്ട ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ 2015 മാർച്ച് 30 മുതൽ ഏപ്രിൽ 4 വരെ പത്തനംതിട്ട ചർച്ച് ഓഫ് ഗോഡ് ടൗൺ ചർച്ചിൽ വെച്ച് വി. ബി. എസ്. നടത്തപ്പെടുന്നു. എക്സൽ വി. ബി. എസ്. "ഫ്ളവേഴ്സ്" എന്നതാണ് തീം. വി. ബി. എസിന്റെ വിപുലമായ പ്രവർത്തനങ്ങൾക്കുവേണ്ടി പാസ്റ്റർ ഏബ്രഹാം മാത്യു (പ്രസിഡന്റ്), പാസ്റ്റർ ഷിബു തോമസ് (കൺവീനർ), ബ്രദർ സുനിൽ വർഗീസ് (ജോ. കൺവീനർ), പാസ്റ്റർ ഷിബു മാത്യു (ട്രഷറർ), പാസ്റ്റർ റ്റി. ജെയിംസ്, പാസ്റ്റർ പി. ജെ. ബാബു, ബ്രദർ പി. സി. തോമസ്, ബ്രദർ സുബി വർഗീസ് എന്നിവരെ കമ്മറ്റി മെമ്പേഴ്സായി തിരഞ്ഞെടുത്തു. ബൈബിൾ മാജിക്, സെമിനാർ (യുവജനങ്ങളും കുറ്റകൃത്യങ്ങളും) ആകർഷകമായ മറ്റ് പ്രോഗ്രാമുകളും നടത്തപ്പെടും.

വൈപ്പിൻ: യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പിന്റെ വെക്കേഷൻ ബൈബിൾ സ്കൂൾ എളങ്കുന്നപ്പുഴയിൽ പവ്വർ വി. ബി. എസ് എന്ന പേരിൽ ഏപ്രിൽ 6 മുതൽ 10 വരെ നടക്കും. പ്രസിഡന്റ് പാസ്റ്റർ മത്തായി ഹാബേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ഷാജി വിരുപ്പിൽ കൺവീനറായി വിപുലമായ കമ്മറ്റി പ്രവർത്തനം ആരംഭിച്ചു.

## ഐ.പി.സി സോദരീസമാജം മേഖലാ ഭാരവാഹികൾ



സിസ്റ്റർ കുഞ്ഞമ്മ ബെഞ്ചമിൻ



സിസ്റ്റർ സോഫി വർഗീസ്



സിസ്റ്റർ ഏലികുട്ടി ദാനിയേൽ

കൊട്ടാരക്കര: ഇന്ത്യൻ പെന്തക്കോസ്തു ദൈവസഭ സോദരീ സമാജം കൊട്ടാരക്കര മേഖല ഭാരവാഹികളായി സിസ്റ്റർ കുഞ്ഞമ്മ ബഞ്ചമിൻ അടൂർ (പ്രസിഡന്റ്), സിസ്റ്റർ അമ്മിണി ഏബ്രഹാം കൊട്ടാരക്കര (വൈസ് പ്രസിഡന്റ്), സിസ്റ്റർ സോഫി വർഗീസ് ആയൂർ (സെക്രട്ടറി), സിസ്റ്റർ മിനി ബിജു കലയപുരം (ജോയിന്റ് സെക്രട്ടറി), സിസ്റ്റർ ഏലികുട്ടി ദാനിയേൽ മണ്ണൂർ (ട്രഷറാർ), സിസ്റ്റർ തങ്കമണി അലക്സാണ്ടർ ആയൂർ, സിസ്റ്റർ മിനി ജോസ് കൊല്ലം, സിസ്റ്റർ എമിലി ജേക്കബ് കൊട്ടാരക്കര, സിസ്റ്റർ സുബി ജോൺസൺ അടൂർ(സംസ്ഥാന സമിതി അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു.

## 32-ാം ബിരുദദാന ശുശ്രൂഷ



കീഴില്ലം: പെനിയേൽ ബൈബിൾ സെമിനാരിയുടെ 32-ാം ബിരുദദാന ശുശ്രൂഷ സെമിനാരി ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. സ്ഥാപക പ്രസിഡണ്ട് ഡോ. സി. പി. വർഗ്ഗീസ് ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സുവിശേഷത്തിനായി ഭരമേല്പിച്ചിരിക്കുന്നു എന്ന വിഷയം ആസ്പദമാക്കി പ്രൊഫ. എസ്. പി. ചാക്കോ മുഖ്യ സന്ദേശം നൽകി. സാബൂ മത്തായി കാതേട്ട്, ഗ്രാജുവേറ്റിങ് വിദ്യാർത്ഥികളെ അവതരിപ്പിക്കുകയും ഡോ. സി. പി. വർഗ്ഗീസ് വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു. ഐപിസി സീനിയർ പാസ്റ്റർ കെ. സി. മാത്യൂസ് സമർപ്പണ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. ഈ വർഷം 32 വിദ്യാർത്ഥികൾ വിവിധ കോഴ്സുകളിൽ ഗ്രാജുവേറ്റ് ചെയ്തു. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള നൂറിൽ അധികം വിദ്യാർത്ഥികൾ ഇവിടെ വചന പരിശീലനം നേടുന്നു. 2015-2016 അധ്യയന വർഷം മെയ് 18 ന് ആരംഭിക്കും. ആൽവിൻ സി. വർഗ്ഗീസ് സെമിനാരി രജിസ്ട്രാറായി സേവനമനുഷ്ഠിക്കുന്നു.

## മൂന്നാർ കൺവൻഷൻ സമാപിച്ചു

മൂന്നാർ: ഹൈറേഞ്ച് പാസ്റ്റേഴ്സ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 20,21,22 തീയതികളിൽ മൂന്നാർ വർക്ക് ഷോപ്പ് ക്ലബ്ബിൽ നടന്നു. പാസ്റ്റേഴ്സ് ഫെലോഷിപ്പ് പ്രസിഡണ്ട് പാസ്റ്റർ കെ. വൈ. ജോഷ്വാ ഉദ്ഘാടനം ചെയ്തു. റവ. വി. ജി. സെൽവരാജ് ശുശ്രൂഷിച്ചു. ഇവാ. ജോൺലി ജോഷിയുടെ നേതൃത്വത്തിലുള്ള ഹെവൻലി അലിഗ്രോയും സുഖജീവ ഊഴിയങ്ങൾ സംഗീതസംഘവും ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## വാർഷിക സമ്മേളനം

കോഴിക്കോട്: പ്രിസൺ ഫെലോഷിപ്പ് കേരളയുടെ 9-ാം വാർഷിക സമ്മേളനം നളന്ദ ഓഡിറ്റോറിയം കോഴിക്കോട് 2015 ഏപ്രിൽ 12 (ഞായർ) വൈകുന്നേരം 5.30 മുതൽ 8.30 വരെ നടത്തപ്പെടുന്നു. ഫാദർ പൌലോസ് മംഗലത്ത് അദ്ധ്യക്ഷനായിരിക്കും. ബ്രദർ സജീവ് ടി. സൈമൺ (അസി. പ്രിസൺ ഓഫീസർ, സെൻട്രൽ ജയിൽ വിയ്യൂർ, തൃശ്ശൂർ) വചനപ്രഘോഷണം നടത്തും. പി. എഫ്. കെ. വോയ്സ് സംഗീതശുശ്രൂഷനിർവ്വഹിക്കും.

## കൺവൻഷൻ

എറണാകുളം: സയോൺ ഹൗസ് ഓഫ് പ്രെയർ ഒരുക്കുന്ന ഉണർവ്വു യോഗവും വചനപ്രഘോഷണവും മാർച്ച് 28,29 തീയതികളിൽ എറണാകുളം സിറ്റി- ചിറ്റൂർ റോഡ് വൈ.എം.സി.എ. ഹാളിൽവച്ച് നടക്കും. പ്രഭാഷകനും വേദാദ്ധ്യാപകനുമായ ജെയ്സ് പാണ്ടനാട് പ്രസംഗിക്കും. പാസ്റ്റർ ഷെറി ജോർജ്ജ് നേതൃത്വം നൽകും.

ബിലീവേഴ്സ് ജേണൽ പ്രയർ ലൈൻ

നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾക്കായി 24 മണിക്കൂറും
പ്രയർ ഹെൽപ് ലൈൻ
ആരംഭിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു.
നിങ്ങളുടെ പ്രാർത്ഥനാവിഷയങ്ങൾ താഴെ പറയുന്ന ടെലിഫോൺ
നമ്പറുകളിലോ ഇ-മെയിൽ വിലാസത്തിലോ അറിയിക്കാവുന്നതാണ്.

ഫോൺ: 9947743346, 9526602670
Email: beljournprayer@gmail.com

INDIA BIBLE COLLEGE
& SEMINARY, KUMBANAD

Introducing M.Th Course in May, 2015
M.Th (Counseling) 2 Yrs.
Qualification : BD (Serampore)
or M.Div (A.T.A and Non - A.T.A )

For more details, contact
Dean of Admissions,
India Bible College & Seminary
Hebron, Kumbanad, Kerala - 689 547
Ph: 0469-2657776, 2657876, 2664075, 2665855
E-mail: igotoibc@gmail.com

ധ്യാനം

# വെള്ളക്കുതിര



ഷൈജു ഡാനിയേൽ അടൂർ
shyjudani@gmail.com

"കുഞ്ഞാട് മുദ്രകളിൽ ഒന്ന് പൊട്ടിച്ചപ്പോൾ നീ വരിക എന്ന്....... അപ്പോൾ ഞാൻ ഒരു വെള്ളക്കുതിരയെ കണ്ടു". (വെളിപ്പാട് 6:2) വെള്ള നിറമുള്ള കുതിരയുടെ വരവ് കണ്ടാൽ സമാധാനത്തിന്റെ രംഗപ്രവേശനമാണെന്നു തോന്നിപ്പോകും. എന്നാൽ ഈ വെള്ളക്കുതിര വ്യാജസമാധാനത്തിന്റെ പ്രതീകമാണ്. ജനത്തിന് ഗുണകരമെന്ന് തോന്നിക്കുന്ന കാര്യങ്ങൾ ചെയ്തു കൊണ്ട് ജനപിന്തുണ നേടുകയും തുടർന്ന് സാത്താന്റെ പ്രവർത്തനങ്ങൾക്ക് കളമൊരുക്കുകയും ആണ് ഈ വെള്ളക്കുതിരയുടെ പ്രവേശനം വിളിച്ചറിയിക്കുന്നത്. ആത്മീകതയോട് ചേർന്നു നിൽക്കുന്ന നിറമായ വെള്ള തന്നെ തിരഞ്ഞെടുത്തത് വളരെ തന്ത്രപൂർവ്വമാണ്. അക്കാരണം കൊണ്ട് തന്നെ പ്രഥമ വീക്ഷണത്തിൽ വെള്ളക്കുതിരമേൽ ഉള്ള വരവ് ആരിലും സംശയമുളവാക്കുകയും ഇല്ല. സകലരെയും തന്റെ പക്ഷത്താക്കാൻ ഉള്ള വശീകരണ തന്ത്രത്തിന്റെ ഭാഗമാണ് ഈ പ്രച്ഛന്നവേഷം!! പ്രഥമ ദിനങ്ങളിലെ ജനസേവ ഉടമ്പടിയിലൂടെ ജനസമ്മതി നേടുകയും തുടർന്ന് നയപരമായ നീക്കങ്ങളിലൂടെ ആലയം പിടിച്ചടക്കാനുള്ള ഗൂഢ തന്ത്രങ്ങൾ!! ജനത്തെ തെറ്റിദ്ധരിപ്പിക്കുന്ന സാത്താന്യ വഞ്ചനയുടെ അടവ് നയമാണ് ഇവിടെ വ്യക്തമാക്കുന്നത്. തപ്പി നോക്കിയും ശബ്ദം നോക്കിയും സുഗന്ധം മണത്തും വസ്തുതകളെ വിവേചിക്കുന്നവർ (ഉല്പത്തി 27:21-27) ഏറെ തെറ്റിദ്ധരിക്കപ്പെട്ടാനും അത് വഴി വഞ്ചിക്കപ്പെടാനുമുള്ള ഒരുപാട് സാധ്യതകൾ ഇന്നത്തെ ആത്മമണ്ഡലത്തിൽ നിറഞ്ഞു നിൽക്കുന്നുണ്ട്. വെള്ള സമാധാനത്തിന്റെയും സത്യത്തിന്റെയും പക്ഷത്താണ് നില്ക്കുന്നത് എങ്കിലും അതിനെ മറയാക്കി ഉപായരൂപേണ ജനത്തെ കബളിപ്പിച്ചു കാര്യം സാധിക്കുന്ന പൈശാചിക കുടില തന്ത്രങ്ങളെ ദൈവകൃപയുള്ളവർ തീർച്ചയായും വിവേചിക്കും!!

തിരുവചനത്തിന്റെയും സുവിശേഷത്തിന്റെയും മറവിൽ പ്രവേശിക്കുകയും അതിനെ തുടർന്ന് അസാധാരണ വെളിപ്പാടുകൾ എന്നും മറ്റും പറഞ്ഞു കൊണ്ട് വചനമംഗീകരിക്കാത്ത വിവിധങ്ങളായ വ്യാഖ്യാനങ്ങളും ഉപദേശങ്ങളും പാപങ്ങളെ രൂപപ്പെടുത്തിയെടുക്കുകയും അതിനനുബന്ധമായി സൃഷ്ടിക്കപ്പെടുന്ന ബാഹ്യമായ പ്രകടനങ്ങളിൽ സ്വയം സംതൃപ്തരാക്കുകയും സ്വന്തം പേരെടുപ്പിനും ഉയർച്ചയ്ക്കുമുള്ള മാർഗ്ഗമായി സമാനതകളില്ലാത്ത ക്രിസ്തു കേന്ദ്രീകൃത സുവിശേഷത്തെ കച്ചവടവൽക്കരിക്കുകയും ചെയ്യുന്ന ഈ കാലത്തെ രീതികളെ തിരുവചന താളുകളിലൂടെ വിലയിരുത്തിയാൽ ഇപ്പോൾ തന്നെ അധർമ്മ മൂർത്തിയുടെ കിങ്കരന്മാർ എഴുന്നേറ്റു കഴിഞ്ഞു എന്ന് അനായാസം മനസിലാക്കാം. പൊള്ളയായ പ്രവചനങ്ങൾ പറഞ്ഞിട്ട് അത് ദൈവത്തിന്റെ അരുളപ്പാട് എന്ന് പറയുന്നു എങ്കിൽ ഗ്രഹിച്ചു കൊൾക; അത് വ്യാജ വെള്ളക്കുതിര!! വിപരീതോപദേശം പ്രചരിപ്പിക്കുന്നെങ്കിൽ അതിന്റെ പിന്നിൽ ഈ വ്യാജാത്മാവിന്റെ ഇടപ്പെടൽ ആകാം!! എവിടെ നിന്നെങ്കിലും സംഘടിപ്പിക്കുന്ന ആട്ടിൻ തോൽ ആകർഷകമായ നിലയിൽ അണിഞ്ഞിട്ട് കുഞ്ഞാട് കണക്കെ അഭിനയിച്ചു നടക്കുകയും തരം കിട്ടുമ്പോളൊക്കെ കടന്നാക്രമിച്ചു കൊല നടത്തി രക്തം കുടിക്കുകയും ചെയ്യുന്ന കൊടിയ ചെന്നായ്ക്കൾ ആണ് സത്യ സുവിശേഷത്തെയും ദൈവവചനത്തെയും മറയാക്കി തട്ടിപ്പ് നടത്തുന്നവർ എന്ന് നാം അറിയാതിരിക്കരുത്.

മടങ്ങിവരവിനുതകുന്ന പ്രബോധനം മറച്ചു വെയ്ക്കുകയും ജീവിത വഴികളിൽ വന്നുഭവിച്ച അകൃത്യങ്ങളെ കുറിച്ച് ബോധ്യം നൽകാതെയും മഹാനാക്കാമെന്നും മണിമാളിക നൽകാമെന്നും തങ്കസിംഹാസനത്തിൽ ഇരുത്തി അധികാരത്തിന്റെ ചെങ്കോൽ കൈമാറാമെന്നും ഒക്കെ പറഞ്ഞു ജനത്തെ വലയ്ക്കുന്നെങ്കിൽ അവിടെ പ്രവർത്തിക്കുന്നത് ഈ വെള്ളക്കുതിരയുടെ വ്യാജാത്മ വ്യാപാരങ്ങൾ ആണെന്ന് തിരുവചനം പഠിച്ചാൽ മനസിലാകും. ദൈവവചന പ്രസംഗമാണ് എന്ന് നമുക്ക് പ്രഥമ വീക്ഷണത്തിൽ തോന്നുമെങ്കിലും ഇത്തരം വിടുതൽ വിരുന്നുകളിൽ വിളമ്പുന്നത് മായം ചേർത്ത പാലാണ്. മായം കലർത്തിയാലും പാലിന്റെ നിറം മാറില്ല എന്നത് ഇവർക്ക് ഏറെ തുണയാകുന്നു. വെള്ള നിറം മാത്രം കണ്ട് അതിൽ കലർത്തിയ അപകടകാരിയായ മായം തിരിച്ചറിയാൻ കഴിയാത്ത വിവേചന ശൂന്യരായ നവവിശ്വാസി സമൂഹം പരിഹരിക്കാൻ കഴിയാത്ത ജീർണ്ണതകളിലേക്ക് പായുകയാണ്!! സമാധാനമെന്നും നിർഭയമെന്നും ഈ കൂട്ടർ പറയുമ്പോൾ ഗർഭിണിക്ക് പ്രസവ വേദന വരുമ്പോലെ നമുക്കിടയിൽ കനത്ത നാശം പെട്ടന്ന് സംഭവിക്കാൻ ഇടയുണ്ട്.!!

വെള്ളക്കുതിരമേൽ വാഹനമേറി വന്നാൽ ആർക്കാണതിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കുക? ആത്മീക ശുശ്രൂഷ എന്ന മേലെഴുത്തു പ്രദർശിപ്പിച്ചാൽ പിന്നെ ഒട്ടുമിക്ക ആളുകളും മറ്റൊന്നും അന്വേഷിക്കാറില്ല.! ദൈവീക കൃപാവരങ്ങളെ പോലും വിപണന വസ്തുവാക്കി സാത്താന്യ അന്തപുരങ്ങളിൽ രൂപപ്പെടുത്തുന്ന ഗൂഢതന്ത്രങ്ങൾ കനത്ത നാശം നമുക്കിടയിൽ വരുത്ത തക്ക നിലകളിൽ നമുക്കെതിരെ വിഷം ചീറ്റുന്നു!! വരുന്ന വരവ് മാത്രം നോക്കി (വെള്ള കുതിരപ്പുറത്തു) എന്തിനും ആമേൻ പറയാതെ വസ്തുതകളെ വചനപ്രകാരം വിലയിരുത്തി യാഥാർത്ഥ്യങ്ങളെ മാത്രം നാം പിന്തുടരണം."ചില മനുഷ്യർ നുഴഞ്ഞുവന്നിരിക്കുന്നു" എന്ന് അപ്പോസ്തലനായ യൂദ മുന്നറിയിപ്പ് നല്കുന്നത് ഇത്തരം വെള്ളക്കുതിരമേൽ വരുന്ന വ്യാജാത്മാക്കളെ കുറിച്ചാണ്. വീടുകളിൽ നൂണ് കടക്കുക, എപ്പോഴും പഠിച്ചിട്ടും സത്യത്തിന്റെ പരിജ്ഞാനം പ്രാപിക്കാത്ത പെണ്ണുങ്ങളെ സ്വാധീനിക്കുക, ദൈവത്തിന്റെ കൃപയെ ദുഷ്കാമപ്രവൃത്തിക്കു ഹേതുവാക്കുക, പെട്ടെന്ന് വരികയും സാധാരണക്കാർക്ക് പിടികിട്ടാത്ത തത്വജ്ഞാനവും വെറും വഞ്ചനയുടെ വിവരണങ്ങളും ഒക്കെയായി ജനത്തെ മറിക്കുക- ഇവയൊക്കെയാണ് ഇവരുടെ ശൈലികളാണ്!! സ്ഥലജല വിഭ്രാന്തി എന്നൊരു വിചിത്രാവസ്ഥയെക്കുറിച്ച് കേട്ടിരിക്കുമല്ലോ. സ്ഥലമാണോ ജലമാണോ എന്ന് തിരിച്ചറിയാൻ കഴിയാതിരിക്കുക.!! ഇത്തരം ഒരു വിഭ്രാന്തി ഇന്നത്തെ വിശ്വാസി സമൂഹത്തെ പിടിമുറുക്കിയിരിക്കുന്നു എന്നത് കേവലം ഒരു സംശയമല്ല. തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ കുടുങ്ങി പോകാതിരിക്കാൻ നാം നമ്മുടെ ആത്മീക ശൈശവാവസ്ഥയിൽ നിന്നും സത്യവും സങ്കൽപ്പവും വകതിരിച്ചറിയാൻ കഴിയുന്ന പരിപക്വമായ ഒരാത്മീക തലത്തിലേക്ക് ഉയരേണ്ടതുണ്ട്.!!!

ലേഖനം

# ഉണരുക... ഉണരുക...



കൊച്ചുമോൻ ആന്ത്യരേത്ത്

ഉറക്കത്തിന്റെ ആലസ്യത്തിൽ നിന്നും ഉണർന്നു എഴുന്നേറ്റു പ്രവർത്തിക്കേണ്ട കാലമാണിത്....ഇനി നമ്മൾക്ക് ഉറങ്ങി തീർക്കാനുള്ള സമയമല്ലിത്; പിന്നെയോ ഉണർന്ന് എഴുന്നേറ്റ് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണം. പാപപങ്കിലമായ ജീവിതത്തിലും ലോകമോഹങ്ങളിലും അകപ്പെട്ട് ഉറങ്ങി ജീവിതം കളയുന്നവരേ; ഉണർന്ന് എഴുന്നേൽക്കുക. നമ്മുടെ കർത്താവ് കല്ലറയിൽ നിന്നും ഉയർത്തെഴുന്നേറ്റവൻ ആണ്. അവന്റെ വരവ് ആസന്നമായി. ദൈവ വചനത്തിൽ പ്രധാനമായും മൂന്നു കൂട്ടരോട് ഉണരുവാൻ (wake up)പറയുന്നുണ്ട്. (1) പാപിയോട് (2) പിന്മാറ്റക്കാരോട് (3) സഭയോട്

1. പാപിയോട്

അതുകൊണ്ട് "ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേല്ക്ക, എന്നാൽ ക്രിസ്തു നിന്റെമേൽ പ്രകാശിക്കും" എന്ന് എഴുതിയിരിക്കുന്നുവല്ലോ (എഫെ. 5:14). പാപിയായ ഒരു മനുഷ്യൻ ഉറക്കത്തിൽ ആണ്. അവൻ മരിച്ചതിനു തുല്യമത്രേ. ലോകമോഹങ്ങളിൽ മദ്യത്തിലും മയക്കുമരുന്നിലും പെട്ട് അനേകർ ഈ ഉറക്കത്തിൽ അത്രേ. അവർക്ക് ലക്ഷ്യബോധമോ പാപബോധമോ ഒന്നും ഇല്ല. എങ്ങനെയും സുഖിച്ച് ജീവിക്കുക. അവരെ ഉണർത്തുവാൻ നാം കടപ്പെട്ടിരിക്കുന്നു. അവരുടെ ഇടയിൽ സുവിശേഷം എത്തിക്കുക, അവരുടെ പാപങ്ങളെ മോചിപ്പിക്കാൻ കഴിവുള്ള ക്രിസ്തുവിനെ പരിചയപ്പെടുത്തുക, ക്രിസ്തുവിനായി അവരുടെ ഹൃദയങ്ങളെ ഒരുക്കുക; ഇവയെല്ലാം നമ്മുടെ കൂടി ഉത്തരവാദിത്തമാണ് അല്ലേ. പാപത്തെ വെറുത്തു പാപിയെ സ്നേഹിക്കുന്ന കർത്താവിന്റെ സ്നേഹം ഒരുവന്റെ ഉള്ളിൽ ആകുമ്പോൾ അവൻ പുതുസൃഷ്ടി ആകുന്നു. പഴയതു കഴിഞ്ഞുപോയി ഒരു പുതിയ മനുഷ്യനായി തീരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതികൂല കാലാവസ്ഥയിൽ ജീവിത സാഹചര്യത്തിനും കർത്താവിനായി എല്ലാം സമർപ്പിച്ച് ഈ സുവിശേഷമായി ഓടിക്കൊണ്ടിരിക്കുന്ന ദൈവദാസന്മാരെ ഓർത്ത് പ്രാർത്ഥിക്കാം. അവരുടെ പ്രവർത്തനങ്ങൾക്കായി അനേകർ വിടുവിക്കപ്പെടുവാൻ കർത്താവ് സഹായിക്കട്ടെ.

(2) പിന്മാറ്റക്കാരോട്

ഉണർന്നു കൊൾക, ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്ക; ഞാൻ നിന്റെ പ്രവർത്തി എന്റെ സന്നിധിയിൽ പൂർണ്ണതയുള്ളതായി കണ്ടില്ല (വെളി. 3:2). പിന്മാറ്റത്തിൽ പോയ ഒരു വ്യക്തിക്ക് ജീവൻ ഉള്ളവൻ എന്ന് പേർ ഉണ്ടെങ്കിലും മരിച്ചവനു തുല്യനത്രേ. മരിച്ചവനെ അടക്കം ചെയ്യുന്നത് കല്ലറകളിൽ. കല്ലറ എന്നത് ഒരു ബന്ധവും സമൂഹമായിട്ടോ, ദൈവമായിട്ടോ, മനുഷ്യനുമായിട്ടോ ഇല്ല. ഗദരദേശത്തെ അശുദ്ധാത്മാവ് ഉള്ള മനുഷ്യന്റെ (മർക്കൊ 5:1-20) പാർപ്പ് കല്ലറകളിൽ ആയിരുന്നു. ഒരു കാലത്ത് ദൈവശബ്ദം അനുസരിച്ച്, പിന്നെ ദൈവകൃപയിൽ നിന്നും വീണുപോയ പിന്മാറ്റക്കാരാ...നീ മരിച്ചവന് തുല്യമാണ്. "ആകയാൽ നീ പ്രാപിക്കുകയും കേൾക്കുകയും ചെയ്തത് എങ്ങനെ എന്ന് ഓർത്ത് അതു കാത്തുകൊൾകയും മാനസാന്തരപ്പെടുകയും ചെയ്ക. നീ ഉണരാതിരുന്നാൽ ഞാൻ കള്ളനെപ്പോലെ വരും; ഏതു നാഴികയ്ക്കു നിന്റെമേൽ വരും എന്നു നീ അറിയുകയും ഇല്ല" (വെളിപ്പാട് 3:3). പിന്മാറ്റക്കാരൻ മടങ്ങിവന്നാലും ഇല്ലെങ്കിലും, ഉണ്ടെന്നാലും ഇല്ലെങ്കിലും കർത്താവ് വരും. ഉണർന്നിരിക്കുന്നവരെ, എണ്ണയോടു കൂടെ വിളക്കെടുത്ത ബുദ്ധിയുള്ള കന്യകമാരെ ചേർക്കാൻ...ആകയാൽ പിന്മാറ്റക്കാരെ...ഇനി സമയം ഇല്ല. മടങ്ങിവരുവീൻ... അവൻ ഇനിയും നിന്നെ ചേർക്കാൻ തയ്യാറാണ്. പിതാവിന്റെ സ്വത്ത് മുഴുവൻ നഷ്ടപ്പെടുത്തിയ തിരികെ വന്നപ്പോൾ രണ്ടു കൈയും നീട്ടി സ്വീകരിച്ച പിതാവ്....നിന്റെ ജീവിതത്തിൽ ഒരു പശ്ചാത്താപ മനസ്സ് ഉണ്ടാകണം....അപ്പാ ഞാൻ നിന്നോടും സ്വർഗ്ഗത്തോടും പാപം ചെയ്തു...ഇനി നിന്റെ മകൻ എന്ന പേരിനു യോഗ്യനല്ല.... നിന്നെ ഏറ്റവും പ്രിയ മകനായി ചേർക്കാൻ അവൻ കാത്തിരിക്കുന്നു.

3) സഭയോട്

നിങ്ങളുടെ കർത്താവ് ഏത് ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പീൻ (മത്തായി 24:42). ഇവിടെ സഭയോട് പറയുന്നു ഉണർന്നിരിപ്പീൻ. ലോക സംഭവങ്ങൾ നാം നോക്കുമ്പോൾ ഒരു കാര്യം വ്യക്തമായും നമ്മുടെ കർത്താവ് വരാറായി. ദൈവ സഭ മൗനമായി ഇരിക്കേണ്ട സമയമല്ലിത്. ഉണർന്നിരിക്കണം. പല സഭകളും ഉറങ്ങിയ അവസ്ഥയിൽ അല്ലേ ഇന്ന്? പല സഭകളിലും ദുരുപദേശം പടരുകയല്ലേ? അനേകയിടത്ത് ദുരുപദേശവും ദുർവ്യാഖ്യാനവും അല്ലേ നടക്കുന്നത്? അതുകൊണ്ട് ദൈവസഭയെ ഉണർന്നിരുന്നു പ്രാർത്ഥിപ്പീൻ. "ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പീൻ" (മത്തായി 25:13). കർത്താവ് വരുന്നത് തന്റെ മണവാട്ടി സഭയെ ചേർക്കാനാണ്. ഇന്നും ഉണർന്നിരുന്നു പ്രവർത്തിക്കയും പ്രാർത്ഥിക്കുകയും ചെയ്യുന്ന ദൈവസഭകൾക്കായി ദൈവത്തെ സ്തുതിക്കാം.

അതേ ഉണരുക.....ഉണരുക.

# ഉപവാസ പ്രാർത്ഥന സമാപിച്ചു

**ദൈവമക്കൾ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാകണം : പാസ്റ്റർ ഏബ്രഹാം ജോർജ്**

**ആലപ്പുഴ:** കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെട്ട് ദൈവമക്കളായി തീർന്ന ഓരോരുത്തരും സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരായി തീരണമെന്ന് പാസ്റ്റർ ഏബ്രഹാം ജോർജ് ഉദ്ബോധിപ്പിച്ചു. ഐ.പി.സി ആലപ്പുഴ വെസ്റ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 2 മുതൽ 7 വരെ നടന്ന സംയുക്ത ഉപവാസ പ്രാർത്ഥനയിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

ദൈവമക്കളെ ജഡീകരും ലൗകീകരും ആക്കി തീർക്കുകയും താഴ്ത്തികളയുകയുമാണ് സാത്താന്റെ ഇഷ്ടം. ജഡത്തിന്റെയും മനോവികാരങ്ങളുടെയും ഇഷ്ടത്തെ വെറുത്തും മാനുഷീക ഇഷ്ടങ്ങളെ തള്ളിക്കളഞ്ഞുമാണ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ നമുക്ക് കഴിയേണ്ടത്. ഈ വർത്തമാനകാലയളവിൽ ഭരണകൂടവും രാജ്യത്തിലെ നിയമങ്ങളും ദൈവസഭയ്ക്കെതിരായി നിലകൊള്ളുമ്പോൾ പ്രാർത്ഥനയിൽ നിന്നാർജ്ജിക്കുന്ന ശക്തിയോടെ ദൈവേഷ്ടം ചെയ്യുന്ന ശുശ്രൂഷക്കാരായി നമുക്കു നിലകൊള്ളുവാനും കഴിയണം. ദൈവമേ നീ എന്റെ ദൈവം; നിന്റെ ഇഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കേണമേ എന്ന വാചകങ്ങളായിരിക്കണം നമ്മുടെ പ്രാർത്ഥനയിൽ മുന്നിട്ടു നിൽക്കേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലേഖനം

# ഭോഷന്മാരുടെ നിശ്ചിന്ത അവരെ നശിപ്പിക്കും



പാസ്റ്റർ കെ. ജെ. മാത്യു

ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോന്റെ വാക്കുകളാണ് തലവാചകമായി കൊടുത്തിരിക്കുന്നത്. ഭോഷന്മാരുടെ നിശ്ചിന്ത എന്നതിന്റെ ശരിയായ തർജ്ജിമ ഭോഷന്റെ അഭിവൃദ്ധി എന്നാണ്. അഭിവൃദ്ധിയുടെ മാർഗ്ഗത്തിൽ വളരെ ദൂരം സഞ്ചരിച്ച വ്യക്തിയായിരുന്നു ശലോമോൻ. എന്നാൽ ആ അഭിവൃദ്ധി ജീവിത വിജയത്തിന് സഹായകരമായിരുന്നില്ല. തനിക്കു മുമ്പുണ്ടായിരുന്നവരേക്കാൾ അധികം മഹാനായിത്തീരുകയും അഭിവൃദ്ധി പ്രാപിക്കുകയും ജ്ഞാനം സമ്പാദിക്കുകയും ചെയ്ത ശലോമോൻ തന്റെ പില്ക്കാല ജീവിതത്തിൽ സകലതും മായയും വൃഥാ പ്രയത്നവും അത്രേ എന്നു പ്രഖ്യാപിക്കുന്നു. ഭൗതീക നന്മകളുടെ വർദ്ധനവുകൊണ്ട് ജീവിത സാഫല്യം കണ്ടെത്താം എന്നുള്ളത് കേവലം വ്യാമോഹം മാത്രമായി തീർന്നു. ഭൗതീക സുഖങ്ങൾ തേടിയുള്ള യാത്രയിൽ ദൈവത്തെ മറന്ന് വിഗ്രഹാരാധകനായി തീർന്ന ശലോമോൻ താൻ നേടിയെടുത്ത സുഖസമൃദ്ധിയിൽ തനിക്ക് സമാധാനം നൽകുവാൻ പര്യാപ്തമല്ലെന്നും കണ്ടപ്പോൾ സ്വയം ജീവിതം വെറുത്തു.

ഇന്നത്തെ ലോകത്തിന്റെ സ്ഥിതിയും ഇതു തന്നെയല്ലേ? അഭിവൃദ്ധിയുടെ മാർഗ്ഗം അതാണ് ആരും അഭിലഷിക്കുന്നത്. വ്യക്തികളും രാഷ്ട്രങ്ങളും ഈ ഉദ്ദേശ്യസിദ്ധിക്കുവേണ്ടി വളരെയധികം പരിശ്രമിക്കുന്നു. വിശ്വാസലോകത്തിലും ഇതു വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. ഒരിക്കൽ ഏറിയ ദർശനത്തോടും സമർപ്പണത്തോടും കൂടി വിശ്വാസ ജീവിതം ആരംഭിച്ചവർ ഇന്ന് ഭൗതീകത്തിലേക്കും, ജഡാഭിലാഷങ്ങളിലേക്കും, സുഖഭോഗങ്ങളിലേക്കും, അധികാരമോഹങ്ങളിലേക്കും കൂപ്പുകുത്തിവീണുകൊണ്ടിരിക്കുന്ന ദയനീയ കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കാലം അതിന്റെ പരിസമാപ്തിയിലേക്കടുക്കുമ്പോൾ വിശ്വാസ ത്യാഗവും മൃതാവസ്ഥയും ഉദാസീനതയും വർദ്ധിച്ചു വരുന്നു. “മനുഷ്യപുത്രൻ വരുമ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ” എന്ന് കർത്താവ് ഈ കാലഘട്ടത്തെ മുന്നിൽ കണ്ട് പറഞ്ഞതിൽ അതിശയിക്കാനില്ല.

വേദപുസ്തക സംസ്കാരമല്ല പകരം ലോകമനുഷ്യന്റെ ഫാഷനുകളാണ് ഇന്ന് വിശ്വാസികളും നേതാക്കന്മാരും മാതൃകയാക്കുന്നത്. സഹായം അർഹിക്കുന്നവരെ സഹായിക്കാതെയും സുവിശേഷം എത്തിക്കേണ്ട സ്ഥാനത്ത് എത്തിക്കാതിരിക്കുകയും ചെയ്യുക ഇതൊക്കെയല്ലേ ഇന്നു നടക്കുന്നത്. “ഞാൻ ധനവാൻ; സമ്പന്നനായിരിക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല” എന്നാണ് അവകാശവാദം പുറപ്പെടുവിക്കുന്നത്. എന്നാൽ നീ നിർഭാഗ്യനും അരിഷ്ടനും, ദരിദ്രനും, കുരുടനും, നഗ്നനും എന്നാണ് കർത്താവ് നമ്മെക്കുറിച്ച് പറയുന്നത്. അതായത് തങ്ങളുടെ ധനവും സമ്പന്നതയും നിലനിർത്തുവാൻ എന്തു വിട്ടുവീഴ്ചയ്ക്കും ഒത്തുതീർപ്പിനും തയ്യാറാകുന്നവർ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനുമാണെന്നാണ് അതിന്റെ ആശയം. ഇന്നു പല വിശ്വാസികളും പിശാചിന്റെ വഞ്ചനയിൽപ്പെട്ട് തങ്ങളെക്കുറിച്ചുള്ള ദൈവീക പദ്ധതികളെക്കാൾ ഈ ലോകത്തിന്റെ നിലവാരങ്ങൾക്കും സങ്കല്പങ്ങൾക്കും അനുസരിച്ച് കാര്യങ്ങൾ തിരഞ്ഞെടുത്തു ചെയ്യുകയും അതിൽ തൃപ്തി കണ്ടെത്തുകയും ചെയ്യുന്നു. സത്യത്തിന്റെ ശക്തി വെളിപ്പെടാത്തതുമൂലം അന്യാരാധനയ്ക്ക് പ്രിയമേറിയ ഒരു കാലമാണ് ഇത്. യഥാർത്ഥ ആരാധനയുടെയും വിശ്വാസത്തിന്റെയും ശക്തി എവിടെയോ ബന്ധിക്കപ്പെട്ടിരിക്കുന്നു. ദൈവാത്മാവിന് പ്രവർത്തിപ്പാൻ ഇടമില്ലാതെ ദുഃഖിക്കുന്ന സാഹചര്യം. ഈ ദൂത് ഇന്നത്തെ സഭ ശ്രദ്ധയോടെ കൈക്കൊൾവാൻ ആവശ്യമായിരിക്കുന്നു. കാരണം ഇന്ന് യേശുക്രിസ്തുവിന്റെ ദാസന്മാരുടെ വേഷം ധരിച്ച് നിരവധി വ്യാജ അപ്പൊസ്തലന്മാർ പുറപ്പെട്ടു വന്നിരിക്കുന്നു. അവർ യഥാർത്ഥത്തിൽ ക്രൂശിന്റെ ശത്രുക്കളും ദൈവഭക്തി ആദായസൂത്രം എന്നു കരുതുന്നവരുമാണ്. അധികാര വടംവലിയും ധനസമ്പാദനവും മാത്രമാണ് അവരുടെ മുഖമുദ്ര. എത്ര ജ്ഞാനി ആണെങ്കിലും ജീവിതം ദൈവഹിതപ്രകാരം കെട്ടുപണി ചെയ്യാൻ കഴിയുന്നില്ലായെങ്കിൽ ആ ജ്ഞാനം കൊണ്ട് എന്തു ഫലം?

കർത്താവിന്റെ നാമമഹത്വത്തിനും ദൈവജനത്തിന്റെ ആവശ്യങ്ങൾക്കുമായി ഉപകരിക്കേണ്ട നമ്മുടെ പണം ബഹുനില മന്ദിരങ്ങളും ഒന്നിലധികം വീടുകളും ഏക്കർ കണക്കിന് തോട്ടങ്ങളും മറ്റുമായി മാറ്റപ്പെടുന്നു. ചികിത്സയ്ക്കും കുട്ടികളുടെ വിദ്യാഭ്യാസത്തിനും വാടക കൊടുക്കുവാനും നിർവാഹമില്ലാതെ അനേക കർത്തൃദാസന്മാരും വിശ്വാസികളും അരിഷ്ടതയിൽ കഴിയുന്നവരായി നമുക്കു ചുറ്റും ഉണ്ട്. ഒരു രൂപയുടെ റേഷനരിയും ഭക്ഷിച്ച്, സർക്കാർ സ്കൂളിൽ മക്കളെ പഠിപ്പിച്ചും വാടക കെട്ടിടങ്ങളിൽ മാറിമാറി താമസിച്ചും കാൽനടയായി അനേക മൈലുകൾ സഞ്ചരിച്ച് കർത്തൃവേലയിൽ വ്യാപൃതരായിരിക്കുന്ന അനേക ദൈവദാസന്മാർ നമ്മുടെ ഇടയിലുണ്ട്. സുവിശേഷവേലക്കിറങ്ങി മുപ്പതും, നാല്പതും വർഷങ്ങളായിട്ടും സ്വന്തമായിപോലും ഞെരുങ്ങുന്ന സുവിശേഷ വേലക്കാർ ഇന്നും നമുക്കു ചുറ്റും ഉണ്ടെന്നുള്ളത് എത്രയോ പരമാർത്ഥമാണ്. അവർ തങ്ങളുടെ പദ്ധതികളും ഭാവിപരിപാടികളും കർത്തൃവേല നിമിത്തം സന്തോഷത്തോടെ ഉപേക്ഷിക്കുകയും തങ്ങളുടെ അവകാശങ്ങൾ വിട്ടുകളയുകയും ആഡംബരപ്രധാനമാ. ധാടിമോടികളെ ക്രിസ്തുനിമിത്തം നിരസിക്കുകയും ചെയ്തവരാണവർ ഉന്നമനത്തിനായും ദൈവസഭയുടെ വളർച്ചയ്ക്കായും അഹോരാത്രം പ്രവർത്തിച്ചവരാണവർ. സത്യത്തിനും, ന്യായത്തിനും, നീതിയ്ക്കും വിശ്വാസത്തിനും വേണ്ടി ആ ജീവനാന്തം പടപൊരുതിയിട്ടുള്ള വിശ്വാസവീരന്മാരുടെ ജ്ഞാനദൃഷ്ടികളിൽ തെളിഞ്ഞുനിന്നിരുന്നത് മഹോന്നതനായ ദൈവത്തെക്കുറിച്ചുള്ള ആത്മാവിന്റെ ദർശനങ്ങൾ മാത്രമായിരുന്നു. അവർ ഭാസുരമായ ഒരു ഭാവിയെ ലക്ഷ്യമാക്കിക്കൊണ്ട് മുമ്പോട്ടുപോകുന്നു. ബാലിന്നു മുട്ടുകുത്താത്ത കുറെപ്പേർ അന്നൊരിക്കൽ കഴിഞ്ഞുകൂടിയതുപോലെ ഇന്നും ജീവിതവിശുദ്ധിയും ഉപദേശവിശുദ്ധിയും ബലമായി പിടിച്ചുകൊണ്ട് അല്പജനങ്ങൾ അവിടെവിടയായി കഴിഞ്ഞു കൂടുന്നു. അവരുടെ ആകെത്തുകയാണ് സഭ. കർത്താവിന്റെ മടങ്ങിവരവിന്റെ ലക്ഷ്യവും അവർ തന്നെ. അവർക്ക് പറയുവാൻ കഴിയും നാമോ നാശത്തിലേക്ക് പിന്മാറുന്നവരുടെ കൂട്ടത്തിലല്ല; വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ എന്ന്.

## കണ്ടതും കേട്ടതും

ജയ്മോഹൻ അതിരുങ്കൽ, 9567759748



MOB: 9447368795
beljourn@gmail.Com
beljourn.com/ www.bjournal.org
VOL 08, ISSUE 06
BELIEVERS JOURNAL
PUBLISHED ON 25/03/2015
BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
Posted at RMS Thiruvalla
Annual Sub. ₹ 150
RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17

# ഐ. പി. സി. കേരളാ സ്റ്റേറ്റ് ഉപവാസപ്രാർത്ഥന ഏപ്രിൽ 11– മെയ് 1വരെ

കുമ്പനാട്: ഐ. പി. സി. കേരളാ സ്റ്റേറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ 11 മുതൽ മെയ് ഒന്നു വരെ ഉപവാസപ്രാർത്ഥനയും ഉണർവ്വുയോഗങ്ങളും ഹെബ്രോൻപുരത്ത് നടക്കും. ഏപ്രിൽ 11-നു രാവിലെ 10 മണിക്ക് ആരംഭിക്കുന്ന യോഗം മെയ് ഒന്ന് ഉച്ചയ്ക്ക് അവസാനിക്കും. ഭാരതത്തിലെ വർദ്ധിച്ചുവരുന്ന ക്രൈസ്തവ വിരുദ്ധപ്രവർത്തനങ്ങൾക്കെതിരെ വിശ്വാസ സമൂഹം ഐക്യതയോടെ പ്രാർത്ഥിക്കുന്നതാണ്.

കേരളത്തിലെ എല്ലാ പെന്തെക്കോസ്തുസഭകളിലേയും കൺവൻഷൻ പ്രസംഗകർ ഈ യോഗങ്ങളിൽ പ്രസംഗിക്കുന്നതാണ്. കൃപാവരപ്രാപ്തന്മാരായ കർത്തൃദാസന്മാർ ഐ. പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ഈ യോഗങ്ങളിൽ ആദിയോടന്തം പങ്കെടുക്കുന്നതാണ്. രാവിലെ 10നും വൈകിട്ട് 5.30 നും പൊതുയോഗങ്ങളും ഉച്ചയ്ക്ക് കാത്തിരിപ്പ് യോഗവും മദ്ധ്യസ്ഥ പ്രാർത്ഥനയും ഉണ്ടായിരിക്കും. ഈ യോഗങ്ങളിൽ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകുവാൻ താല്പര്യമുള്ള ടീമുകൾ പാസ്റ്റർ ഷിബു നെടുവേലിയുമായി ബന്ധപ്പെടേണ്ടതാണ്. പ്രത്യേക പ്രാർത്ഥനാ വിഷയങ്ങൾ ipckerala@gmail.com ലേക്ക് ഈമെയിൽ ചെയ്യുകയോ 9446344490ൽ വിളിച്ചറിയിക്കുകയും ചെയ്യേണ്ടതാണ്.

സഭാസംഘടനാ വ്യത്യാസമില്ലാതെ, എല്ലാ ദൈവജനങ്ങളും ഈ യോഗത്തിൽ സംബന്ധിച്ചു ഭാരതത്തിന്റെ ഉണർവിനായി പ്രാർത്ഥിക്കുവാൻ ഐ. പി. സി. കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് പ്രസ്താവനയിലൂടെ ആഹ്വാനം ചെയ്തു.

# ഏ. ജി. മലബാർ കൺവൻഷൻ



മീനങ്ങാടി: അസംബ്ലീസ് ഓഫ് ഗോഡ് മലബാർ ഡിസ്ട്രിക്ട് കൗൺസിൽ 18-ാമത് കോൺഫറൻസ് ഏപ്രിൽ 2-4 ദിവസങ്ങളിൽ മീനങ്ങാടി പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കും. മലബാർ ഡിസ്ട്രിക്ട് കൗൺസിലിനു കീഴിലുള്ള 20 സെക്ഷനുകളിൽ നിന്നായി 300-ൽ അധികം ദൈവദാസന്മാരും സഭാപ്രതിനിധികളും പങ്കെടുക്കുന്ന കോൺഫറൻസിൽ മിനിസ്റ്റേഴ്സ് സെമിനാർ, സണ്ടേസ്കൂൾ സമ്മേളനം തുടങ്ങിയവയും നടക്കും.

ജനറൽ കൺവൻഷൻ മീനങ്ങാടി പഞ്ചായത്ത് സ്റ്റേഡിയം ഗ്രൗണ്ടിന് പ്രത്യേകം തയ്യാറാക്കിയ പന്തലിൽ നടക്കും. മലബാർ ഡിസ്ട്രിക്ട് സൂപ്രണ്ടും എസ്. ഐ.എ.ജി.ജനറൽ സൂപ്രണ്ടുമായ റവ. വി. ടി. ഏബ്രഹാം, ഡോ. പി.എസ്. ഫിലിപ്പ്, റവ. എം.എ. ജോൺ, റവ. അബ്ദുൾ കരീം തുടങ്ങിയവർ ദൈവവചനം സംസാരിക്കുന്നു. പീറ്റർ വർഗീസിന്റെ നേതൃത്വത്തിലുള്ള ഏ.ജി. ക്വയർ ഗാനങ്ങളാലാപിക്കും. ഏപ്രിൽ 5-ന് സംയുക്ത ആരാധനയോടെ മീറ്റിംഗുകൾ അവസാനിക്കും.




ഏബനേസർ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്
ബാംഗ്ലൂർ, കർണ്ണാടക

ഏബനേസർ ഡിഗ്രി കോളജ്
ബി. കോം., ബി. ബി. എ., ബി. സി. എ.
കോഴ്സുകളിലേക്ക് ഉടൻ
അഡ്മിഷൻ ആരംഭിക്കുന്നു

എബനേസർ കോളജ് & സ്കൂൾ ഓഫ് നേഴ്സിംഗ്
(രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് അഫിലിയേഷൻ, കെ. എൻ. സി. & ഐ. എൻ. സി. അംഗീകാരം)

ബി. എസ്. സി. നേഴ്സിംഗ്
കാലാവധി 4 വർഷം/ യോഗ്യത 10+2/ 45%
ജി. എൻ. എം.
കാലാവധി 3 വർഷം/ യോഗ്യത 10+2/40%

Accomodation Available
വിജയത്തിന്റെ പടവുകൾ താണ്ടുന്ന
എബനേസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനിൽ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

മികച്ച പ്രാക്ടിക്കൽ സൗകര്യം, മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യങ്ങൾ,
മികച്ച അദ്ധ്യാപനം, മികച്ച ആത്മീയ നിലവാരം, ആരാധന സൗകര്യം,
കേരളാ ഭക്ഷണം, ഇന്ത്യയിലെ ഐറ്റി നഗരത്തിൽ
മികച്ച അദ്ധ്യായനത്തിന് ശാന്തമായ അന്തരീക്ഷത്തിൽ കുട്ടികളുടെ
ആത്മീയ നിലവാരം കാത്തു സൂക്ഷിക്കുന്ന വിശ്വാസികളുടെ സ്ഥാപനം

The Administrator
Eben-Ezer Instutions, No: 19,
Ebenezer Nagar
Kothanur P.O., Banglore - 560 077

Tel: 080-28444201, 65654909, 28445678,
09740157249, 09886383410, 09845890178
Email: ebenezerblr@yahoo.co.in
Website: www. ebenezerblr.org

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.